
# TRICHUR ARCHDIOCESAN BULLETIN

2025 ഒക്ടോബർ | വാല്യം: 92 | ലക്കം: 10



*From* : Editor, Trichur Archdiocesan Bulletin, Catholic Archbishop's House,
Thrissur, Kerala - 680 005 Ph: 0487-2333325, 2338203, 2333542



ആദരാഞ്ജലികൾ

**റവ. ഫാ. ആന്റണി കൊള്ളന്നൂർ (69)**

ജനനം : 21.01.1956

തിരുപ്പട്ടം : 27.12.1982

മരണം : 05.09.2025

Trichur Archdiocesan Bulletin TAB

ESTD:1934

ഒക്ടോബർ 2025

ലക്കം: 10 | വാല്യം: 92

10

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Shijo Chiriyankandath**
*Design*
smritidesin.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



## ഉള്ളടക്കം

| | |
|---|---|
| സന്ദേശം | 04 |
| സർക്കുലർ | 13 |
| സർക്കുലർ | 16 |
| കച്ചേരിക്കാര്യം | 23 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 34 |
| സഹായമെത്രാന്റെ പരിപാടികൾ | 35 |
| നാളാഗമം | 36 |
| നാമകരണ നടപടികൾ | 41 |
| വൈദികർ | 44 |
| സന്യസ്തർ | 50 |
| വിശ്വാസ പരിശീലനം | 57 |
| സ്ഥാപനങ്ങൾ | 62 |
| സംഘടനകൾ | 77 |

# 1 സന്ദേശം

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ

Ref: No.: 4135/K-5/KCBC/OL/DS
10.09.2025

### 2025-ലെ ആഗോള പ്രേഷിത ദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ നല്കിയിരുന്ന സന്ദേശം

(ഒക്ടോബർ 19, 2025)

*''സകല ജനങ്ങൾക്കുമിടയിൽ പ്രത്യാശയുടെ പ്രേഷിതർ''*

പ്രിയ സഹോദരീസഹോദരന്മാരേ,

ജൂബിലിവർഷമായ 2025-ലെ ആഗോള പ്രേഷിത ദിനത്തിനായി ഞാൻ തെരഞ്ഞെടുത്തിരിക്കുന്ന ആപ്തവാക്യം ''സകല ജനങ്ങൾക്കുമിടയിൽ പ്രത്യാശയുടെ പ്രേഷിതർ'' (Spes Non Confundit = ''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'', എന്ന പ്രബോധനത്തിന്റെ J.1 കാണുക).

ഇത് വ്യക്തിപരമായി ഓരോ ക്രൈസ്തവനെയും, ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ കൂട്ടായ്മയായ സഭ മുഴുവനെയും, ക്രിസ്തുവിന്റെ പാത പിൻതുടർന്ന് പ്രത്യാശയുടെ സന്ദേശവാഹകരും നിർമാതാക്കളുമാകാനുള്ള നമ്മുടെ അടിസ്ഥാന വിളിയെ അനുസ്മരിപ്പിക്കുന്നതാണ്.

ഉത്ഥിതനായ ക്രിസ്തുവിൽ നമുക്കു പുതുജന്മം നല്കിയ വിശ്വസ്തനായ ദൈവത്തോടൊപ്പം ഏവർക്കുമിത് ''സജീവ പ്രത്യാശയിലേക്കുള്ള'' (1 പത്രോ 1: 3-4 കാണുക) കൃപയുടെ സമയമായിരിക്കുമെന്ന് ഞാൻ കരുതുന്നു.

ഇവിടെ, നമ്മുടെ ക്രൈസ്തവ പ്രേഷിതത്വത്തിന്റെ പ്രസക്തമായ ചില വശങ്ങളെപ്പറ്റി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുവഴി, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാനും സഭയിൽ ഒരു നവസുവിശേഷവത്കരണത്തിനായുള്ള പരിശുദ്ധ തീക്ഷ്ണതയാൽ കത്തിജ്വലിക്കാനും നമുക്ക് ഇടവരട്ടെ! ഇരുണ്ട നിഴലുകൾ തങ്ങിനില്ക്കുന്ന ഒരു ലോകത്ത് പ്രത്യാശയെ പുനർജനിപ്പിക്കാൻ അയക്കപ്പെട്ടവളാണല്ലോ സഭ (Fratelli Tutti= ''എല്ലാവരും സഹോദരർ'', J. 9-55 കാണുക).

### 1. നമ്മുടെ പ്രത്യാശയായ ക്രിസ്തുവിനെ പിന്തുടർന്ന്

രണ്ടായിരമാണ്ടിലെ വിശുദ്ധ വർഷത്തിനുശേഷം, മൂന്നാം സഹസ്രാബ്ദത്തിലെ ആദ്യത്തെ സാധാരണ ജൂബിലി ആഘോഷിച്ചുകൊണ്ട് ചരിത്രത്തിന്റെ കേന്ദ്രബിന്ദുവായി ''ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെ ആയിരിക്കുന്ന'' (ഹെബ്രാ 13:8) ക്രിസ്തുവിൽ നാം നമ്മുടെ ദൃഷ്ടി പതിപ്പിക്കുക. നസ്രത്തിലെ സിനഗോഗിൽവച്ച് യേശു പ്രഖ്യാപിച്ചത് ചരിത്രത്തിലെ തന്റെ സാന്നിധ്യത്തിന്റെ ''ഇന്ന്'' എന്ന തിരുവെഴുത്ത് നിറവേറിയിരിക്കുന്നു എന്നാണ്. അപ്രകാരം, സകലജനത്തോടും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കാനും കർത്താവിന്റെ കൃപയുടെ വത്സരത്തിന് നാന്ദികുറിക്കാനും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തോടെ പിതാവിനാൽ അയക്കപ്പെട്ടവനാണ് താനെന്ന് യേശു സ്വയം വെളിപ്പെടുത്തി (ലൂക്കാ 4:16-21 കാണുക).

ലോകാന്ത്യംവരെ നിലനില്ക്കുന്ന ആജ്ഞേയമായ ''ഇന്ന്'' എന്ന കാലഘട്ടത്തിൽ, ക്രിസ്തു എല്ലാവർക്കും പ്രത്യേകിച്ച്, ദൈവം മാത്രം ഏക ആശ്രയമായിട്ടുള്ളവർക്ക്, രക്ഷയുടെ പൂർണതയാകുന്നു.

യേശു തന്റെ പരസ്യജീവിതകാലത്ത്, ''തിന്മയിൽ നിന്നും ദുഷ്ടനിൽനിന്നും'' എല്ലാവരെയും സുഖപ്പെടുത്തിക്കൊണ്ടും നന്മ പ്രവർത്തിച്ചുകൊണ്ടും ചുറ്റി സഞ്ചരിച്ചു'' (അപ്പ 10:38 കാണുക). ദരിദ്രർക്കും ജനത്തിനു മുഴുവനും ഇടയിൽ ദൈവത്തിലുള്ള പ്രത്യാശയെ അവൻ പുനഃപ്രതിഷ്ഠിച്ചു. പാപമൊഴികെയുള്ള എല്ലാ മാനുഷിക ബലഹീനതകളും അവൻ അനുഭവിച്ചു. പ്രത്യാശ നഷ്ടപ്പെട്ടേക്കാവുന്ന നിർണായ നിമിഷങ്ങളായ ഗത്സമനിയിലും കുരിശിലും

അവൻ തളർന്നില്ല. മനുഷ്യകുലരക്ഷയ്ക്കായി പിതാവായ ദൈവമൊരുക്കിയ പദ്ധതിയോട് അനുസരണയോടെ വിശ്വാസമർപ്പിച്ചുകൊണ്ട്, പൂർണമായ പ്രത്യാശയുള്ള സമാധാനപദ്ധതിയുടെ ഭാവിക്കായി, യേശു, പിതാവിൽ എല്ലാം ഭരമേല്പിച്ചു (ജറെ 29:11 കാണുക). ഇപ്രകാരം, കടുത്ത പരീക്ഷണങ്ങൾക്കിടയിൽപ്പോലും പ്രത്യാശയുടെ ദിവ്യപ്രേഷിതനായി; അങ്ങനെ ദൈവം ഭരമേല്പിച്ച ദൗത്യം കാലാകാലങ്ങളോളം നിറവേറ്റുന്നവരുടെ ഉത്തമ മാതൃകയായി യേശുമാറി.

എല്ലാ മനുഷ്യർക്കുമിടയിലേക്ക് തന്റെ ശിഷ്യരെ അയച്ചുകൊണ്ടും ഒരു രഹസ്യ സാന്നിധ്യമായി അവരോടൊപ്പം സഞ്ചരിച്ചുകൊണ്ടും, യേശു മനുഷ്യരാശിക്കായുള്ള പ്രത്യാശയുടെ ശുശ്രൂഷ തുടർന്നുകൊണ്ടിരിക്കുന്നു. ദരിദ്രർ, പീഡിതർ, നിരാശർ, അടിച്ചമർത്തപ്പെട്ടവർ എന്നിവരുടെയെല്ലാം പക്ഷം ചേർന്നുകൊണ്ട് ''അവരുടെ മുറിവുകളിൽ ആശ്വാസത്തിന്റെ തൈലവും പ്രത്യാശയുടെ വീഞ്ഞും'' (''യേശു നല്ല സമറിയാക്കാരൻ'', ആമുഖഗീതി) അവൻ ഒഴുക്കുന്നു. ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ സമൂഹമായ സഭയാകട്ടെ, തന്റെ കർത്താവും ഗുരുവുമായ അവനെ അനുസരിച്ചുകൊണ്ട്, അതേ ശുശ്രൂഷയുടെ അരൂപിയിൽ അവളുടെ ജീവിതം സകലജനതകൾക്കുമായി അർപ്പിച്ചുകൊണ്ട് ആ ദൗത്യം തുടരുന്നു. അനുദിനം നേരിടുന്ന പീഡനങ്ങൾക്കും വേദനകൾക്കും പ്രശ്നങ്ങൾക്കും നടുവിലും, കൂടാതെ, സഭാംഗങ്ങളുടെതന്നെ ദൗർബല്യങ്ങൾ മൂലമുള്ള അപൂർണതകൾക്കും പരാജയങ്ങൾക്കും മധ്യേയിലും അന്തിമവിമോചനത്തിനായി കാത്തിരിക്കുന്ന മനുഷ്യരാശിയുടെ മുറവിളിയും സൃഷ്ടജാലങ്ങളുടെ രോദനവും ഹൃദയത്തിൽ പേറികൊണ്ടും, ക്രിസ്തു സ്നേഹത്താൽ പ്രേരിതയായി സഭ അവനോടൊപ്പം അവനിൽ തന്റെ പ്രേഷിതയാത്ര തുടരുന്നു. തന്റെ പാത പിന്തുടരാനായി കർത്താവ് എപ്പോഴും എല്ലാക്കാലത്തേക്കുമായി വിളിച്ചിരിക്കുന്ന സഭ, ''നിശ്ചലമായ സഭയല്ല, തന്റെ നാഥനോടൊപ്പം ലോകത്തിന്റെ തെരുവീഥികളിലൂടെ യാത്ര ചെയ്യുന്ന ഒരു പ്രേഷിതസഭയാണ്'' (2024 ഒക്ടോബർ 27-ന് മെത്രാന്മാരുടെ സിനഡിന്റെ ജനറൽ അസംബ്ലിയുടെ സമാപന ദിവ്യബലിയിലെ പ്രസംഗത്തിൽ നിന്ന്).

കർത്താവായ യേശുവിന്റെ പാതപിന്തുടർന്ന്, ദൈവം നമ്മെ ജീവിക്കാൻ അനുവദിച്ചിട്ടുള്ള ഓരോസ്ഥലത്തും സാഹചര്യത്തിലും അവനോടുകൂടെ അവനിൽ ഏവർക്കും പ്രത്യാശയുടെ അടയാളങ്ങളും സന്ദേശവാഹകരുമാകാൻ നമ്മളും പ്രചോദിതരാകട്ടെ! ജ്ഞാനസ്നാനം സ്വീകരിച്ചവരെല്ലാം, ക്രിസ്തുവിന്റെ പ്രേഷിത

ശിഷ്യരെന്ന നിലയിൽ, ഭൂമിയുടെ എല്ലാ ഇടങ്ങളിലും അവന്റെ പ്രത്യാശയുടെ പ്രകാശം പ്രതിഫലിപ്പിക്കട്ടെ.

**2. ക്രൈസ്തവർ: എല്ലാ ജനതകൾക്കുമിടയിൽ പ്രത്യാശയുടെ സംവാഹകരും നിർമ്മാതാക്കളും**

കർത്താവായ ക്രിസ്തുവിനെ പിന്തുടരുന്ന ക്രൈസ്തവർ, തങ്ങൾ കണ്ടുമുട്ടുന്നവരുടെ യഥാർഥ ജീവിത സാഹചര്യങ്ങളിൽ പങ്കുചേർന്നുകൊണ്ട് സുവിശേഷം കൈമാറാനും പ്രത്യാശയുടെ സംവാഹകരും നിർമ്മാതാക്കളുമാകാനും വിളിക്കപ്പെട്ടിരിക്കുന്നു. തീർച്ചയായും, ''ഇന്നത്തെ മനുഷ്യരുടെ പ്രത്യേകിച്ച്, ദരിദ്രരുടെയും കഷ്ടതയനുഭവിക്കുന്നവരുടെയും ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയും ക്രിസ്തുവിന്റെ ശിഷ്യരുടെ ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയും തന്നെയാണ്. മാനുഷികമായി കാണപ്പെടുന്നവയിൽ ഒന്നും തന്നെ അവരുടെ ഹൃദയത്തിൽ പ്രതിധ്വനി ഉയർത്താത്തതായില്ല'' (സഭ ആധുനികലോകത്തിൽ, 1).

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രസിദ്ധമായ ഈ പ്രസ്താവന എല്ലാക്കാലത്തെയും ക്രൈസ്തവ സമൂഹങ്ങളുടെ മനോഭാവത്തെയും ജീവിതശൈലിയെയും എടുത്തുകാട്ടുകയും സഭാംഗങ്ങളെ നിരന്തരം പ്രചോദിപ്പിച്ചുകൊണ്ട് ലോകത്തിലെ ഇതര സഹോദരങ്ങളോടൊപ്പം യാത്ര ചെയ്യാൻ സഹായിക്കുകയും ചെയ്യുന്നു. ഇവിടെ ഞാൻ ജനതകൾക്കിടയിൽ (*ad gentes*) പ്രേഷിതപ്രവർത്തനം നടത്തുന്ന മിഷനറിമാരായ, നിങ്ങളെ പ്രത്യേകമായി അനുസ്മരിക്കുന്നു. കർത്താവിന്റെ വിളി സ്വീകരിച്ചുകൊണ്ട് നിങ്ങൾ ക്രിസ്തുവിലുള്ള ദൈവസ്നേഹം പങ്കുവയ്ക്കാൻ മറ്റു ജനതകൾക്കിടയിലേക്കും ഇറങ്ങിപുറപ്പെട്ടിരിക്കുന്നു. ഞാൻ നിങ്ങൾക്ക് ഹൃദയപൂർവം നന്ദി പറയുന്നു. എല്ലാ ജനതകളോടും സുവിശേഷം പ്രഘോഷിക്കാൻ തന്റെ ശിഷ്യന്മാരെ അയച്ച ഉത്ഥിതനായ കർത്താവിന്റെ ആഹ്വാനത്തിനുള്ള (മത്താ 28: 18–20 കാണുക) മറുപടിയാണ് നിങ്ങളുടെ ജീവിതം. അപ്രകാരം, നിങ്ങൾ പരിശുദ്ധാത്മശക്തിയാലും അനുദിന പരിശ്രമത്താലും സകല ജനതകൾക്കുമിടയിൽ ക്രിസ്തുവിന്റെ പ്രേഷിതരും മഹത്തായ പ്രത്യാശയുടെ സാക്ഷികളുമാകാനുള്ള ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരുടെയും വിളിയുടെ അടയാളങ്ങളായി നിലകൊള്ളുന്നു.

ഈ പ്രത്യാശയുടെ ചക്രവാളം ലോകത്തിലെ ക്ഷണികമായവയെല്ലാം അതിജീവിച്ച് നാം ഇപ്പോൾ തന്നെ പങ്കുചേരുന്ന ദൈവികസത്യങ്ങളിലേക്കുള്ള വഴിതുറക്കുന്നു. വിശുദ്ധ പോൾ ആറാമൻ പാപ്പ നിരീക്ഷിച്ചതുപോലെ, ദൈവകരുണയുടെ വരദാനമായി സഭ സകലർക്കുമായി പങ്കുവയ്ക്കുന്ന ക്രിസ്തുവിലുള്ള രക്ഷ,

‘‘മനുഷ്യന്റെ ശാരീരികമോ, ആത്മീയമോ ആയ ഐഹിക ജീവിതത്തെ മാത്രം സ്പർശിക്കുന്ന ഒന്നല്ല; കേവലം ഭൗതികങ്ങളായ അഭിലാഷങ്ങളെയും പ്രതീക്ഷകളെയും ജീവിത കൃത്യങ്ങളെയും പ്രതിസന്ധികളെയും മാത്രം ആസ്പദമാക്കി നിലകൊള്ളുന്നതുമല്ല. മറിച്ച്, ഏറ്റവും ദിവ്യമായ പരമസത്തയോടു മനുഷ്യവ്യക്തിയെ ഐക്യപ്പെടുത്തുന്നതിനാലാണ് അതിന്റെ പൂർത്തീകരണം സ്ഥിതി ചെയ്യുന്നത്; ആ പരമസത്ത ദൈവമാണ്. അതിസ്വാഭാവികവും യുഗാന്ത്യപരവുമായ പ്രസ്തുത രക്ഷയുടെ പ്രാരംഭം ഈ ലോക ജീവിതത്തിൽത്തന്നെ ഉണ്ടാവുകയും അനന്തതയിൽ സാക്ഷാത്ക രിക്കപ്പെടുകയും ചെയ്യും (Evangelii Nuntiandi = ‘‘സുവിശേഷ പ്രഘോഷണം’’, 27).

മഹത്തായ ഈ പ്രത്യാശയാൽ പ്രചോദിതരായി ക്രൈസ്തവ സമൂഹങ്ങൾക്ക് ഒരു നവ മാനവികതയുടെ സന്ദേശവാഹകരായി ത്തീരാൻ കഴിയും. എന്തെന്നാൽ ‘‘അതിവികസിത’’ മേഖലകളിൽപ്പോലും മനുഷ്യരെ പ്രതിസന്ധിയിലാക്കുന്ന ഗുരുതരപ്രശ്നങ്ങൾ – അർഥശൂന്യത, ഏകാന്തത, മുതിർന്നവരുടെ ആവശ്യങ്ങളോടുള്ള അവഗണന, സഹായഹസ്തം ആവശ്യമുള്ള അയൽക്കാരനെ അവഗണിക്കുന്ന മനോഭാവം തുടങ്ങിയവ – വ്യാപകമായി കണ്ടുവരുന്നു. സാങ്കേതികമായി ഏറെ വളർന്ന രാജ്യങ്ങളിൽ ‘‘സാമീപ്യം’’ (proximity) എന്നത് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. നമ്മളെല്ലാവരും പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു, എന്നാൽ നാം ബന്ധപ്പെട്ടു ജീവിക്കുന്നില്ല. കാര്യക്ഷമതയോടു നമുക്കുള്ള അമിതാസക്തിയും ഭൗതികവസ്തുക്കളോടും അഭിലാഷങ്ങളോടുമുള്ള ബന്ധവും നമ്മെ സ്വാർഥരും സഹജീവികളെ പരിഗണിക്കാത്തവരുമാക്കുന്നു. എന്നാൽ, ഒരു സമൂഹത്തിൽ അനുഭവതലത്തിലെത്തുന്ന സുവിശേഷത്തിന് നമ്മെ സമഗ്രവും ഓജസ്സുള്ളതും വീണ്ടെടുക്കപ്പെട്ടതുമായ ഒരു മാനവികതയിലേക്ക് തിരികെ കൊണ്ടുവരാൻ കഴിയും.

അതിനാൽ, ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രബോധനത്തിൽ (J. 7–15) പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഏറെ പ്രത്യേകമായി, ദരിദ്രരെയും ദുർബലരെയും രോഗികളെയും മുതിർന്നവരെയും, ഭൗതികതയുടെയും ഉപഭോക്തൃസംസ്കാരത്തിന്റെയും പിടിയിലമർന്ന സമൂഹം അവഗണിച്ചു മാറ്റിനിർത്തിയിരിക്കുന്നവരെയും പ്രത്യേകം പരിഗണിക്കുന്ന കാര്യത്തിൽ, നാമെല്ലാവരും പ്രവൃത്തിതലത്തിൽ കൊണ്ടുവരണമെന്ന് ഞാൻ വീണ്ടും ആഹ്വാനം ചെയ്യുന്നു. ഇവയെല്ലാം ദൈവത്തിന്റെ ‘‘ശൈലി’’യിൽ നാം നിവർത്തിയാക്കണം. അതായത്, സാമിപ്യത്തോടും, അനുകമ്പയോടും, ആർദ്രതയോ

ടും നമ്മുടെ സഹോദരങ്ങൾ ജീവിക്കുന്ന പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് അവരുമായി വ്യക്തിപരമായ ബന്ധം പുലർത്തിക്കൊണ്ട് നാമത് നിർവഹിക്കണം (Evangelii Gaudium= ''സുവിശേഷത്തിന്റെ സന്തോഷം'', 127–128 കാണുക). പലപ്പോഴും പ്രത്യാശയോടെ ജീവിക്കേണ്ടതെങ്ങനെയെന്ന് അവരാണ് നമ്മെ പഠിപ്പിക്കുന്നത്. അവരുമായുള്ള വ്യക്തിബന്ധത്തിലൂടെ കർത്താവിന്റെ അനുകമ്പാർദ്രഹൃദയത്തിന്റെ സ്നേഹം പകർന്നുകൊടുക്കാൻ നമുക്കു കഴിയും. ''സുവിശേഷ പ്രഘോഷണത്തിന്റെ ആരംഭത്തിന്റെ കാതൽ ക്രിസ്തുവിന്റെ ഹൃദയമാണ്'' (Dilexit Nos ''അവൻ നമ്മെ സ്നേഹിച്ചു'', 32)എന്ന് ഇതിലൂടെ നമുക്കു ബോധ്യമാകും. ഈ ഉറവിടത്തിൽനിന്ന് ശേഖരിച്ചുകൊണ്ട്, ദൈവത്തിൽനിന്ന് നാം സ്വീകരിച്ച പ്രത്യാശ (1 പത്രോ 1:21 കാണുക) ലാളിത്യത്തോടെ പകർന്നുകൊടുക്കാൻ നമുക്കു സാധിക്കും; മാത്രമല്ല ദൈവം നമ്മെ ആശ്വസിപ്പിച്ച അതേ ആശ്വാസം വഴി മറ്റുള്ളവരെ ആശ്വസിപ്പിക്കാനും നമുക്കു കഴിയും (2 കോറി 1:3–4 കാണുക). നമ്മെയെല്ലാം തന്റെ സ്നേഹത്തിലേക്ക് ആകർഷിക്കുന്ന ദൈവം, യേശുവിന്റെ മാനുഷികവും ദൈവികവുമായ ഹൃദയത്തിലൂടെ സ്ത്രീപുരുഷന്മാരുടെ ഓരോരുത്തരുടെയും ഹൃദയത്തോടു സംസാരിക്കാൻ ആഗ്രഹിക്കുന്നു. ''ലോകം മുഴുവൻ ആശ്ലേഷിക്കുന്ന ക്രിസ്തുവിന്റെ ഹൃദയത്തിന്റെയും പിതാവിന്റെ സ്നേഹത്തിന്റെയും അടയാളങ്ങളായിത്തീരാനുള്ള ദൗത്യം തുടരാനായി നമ്മൾ അയക്കപ്പെട്ടിരിക്കുന്നു'' (പൊന്തിഫിക്കൻ മിഷൻ സൊസൈറ്റിയുടെ ജനറൽ അസംബ്ലിയിൽ പങ്കെടുത്തവരോട് നടത്തിയ പ്രസംഗത്തിൽനിന്ന്, ജൂൺ 3, 2023).

**3. പ്രത്യാശയുടെ ദൗത്യം നവീകരിക്കൽ**

ഇന്ന് പ്രത്യാശയുടെ ദൗത്യത്തിന്റെ അടിയന്തിര സ്വഭാവത്തെ നോക്കിക്കാണുന്ന ക്രിസ്തുശിഷ്യർ, പ്രധാനമായും വിളിക്കപ്പെട്ടിരിക്കുന്നത് പ്രത്യാശയുടെ ''ശില്പികൾ'' ആകാനും മിക്കപ്പോഴും അലസരും അസംതൃപ്തരുമായ മനുഷ്യസമൂഹാംഗങ്ങളെ പുനരുദ്ധരിക്കാനുമാണ്.

ഈ ലക്ഷ്യപ്രാപ്തിക്കായി, ഉത്ഥാനത്തിന്റെ ആത്മീയത അനുഭവവേദ്യമാക്കുന്ന ഓരോ ദിവ്യബലിയർപ്പണത്തിലും ഏറെ പ്രത്യേകമായി, ആരാധനാവത്സരത്തിന്റെ കേന്ദ്രവും പൂർണതയുമായ ഈസ്റ്റർ ത്രിദിനജാഗരണത്തിലും (Easter Triduum) നമ്മൾ നവീകൃതരാകേണ്ടതുണ്ട്. നമ്മളെല്ലാവരും ക്രിസ്തുവിന്റെ രക്ഷാകരമായ മരണത്തിലേക്കും ഉത്ഥാനത്തിലേക്കും, ചരിത്രത്തിന്റെ നിത്യവസന്തം അടയാളപ്പെടുത്തുന്ന കർത്താവിന്റെ പെസഹാരഹസ്യത്തി

ലേക്കു സ്നാനം സ്വീകരിച്ചവരാണ്. അതുവഴി നമ്മൾ ''ഒരു വസന്ത കാല ജനമാകുന്നു''; എല്ലാവരോടും പങ്കുവയ്ക്കേണ്ട പ്രത്യാശയാൽ നിറഞ്ഞവരാണ് നാം. കാരണം മനുഷ്യാസ്തിത്വത്തിന്മേൽ ഉച്ചരിക്കപ്പെടുന്ന ''മരണത്തിന്റെയും വെറുപ്പിന്റെയും വാക്ക് അവസാന വാക്കല്ല എന്നു നാം ക്രിസ്തുവിൽ വിശ്വസിക്കുകയും അറിയുകയും ചെയ്യുന്നു'' (2017 ആഗസ്റ്റ് 23-ലെ പ്രബോധനം [Catechesis] കാണുക). ആരാധനക്രമ ആഘോഷങ്ങളിലൂടെയും കൂദാശകളിലൂടെയും സന്നിഹിതമാകുന്ന പെസഹാ രഹസ്യങ്ങളിൽനിന്ന്, ലോകമെമ്പാടും ആവേശത്തോടും നിശ്ചയദാർഢ്യത്തോടും സഹിഷ്ണുതയോടുംകൂടെ സുവിശേഷപ്രഘോഷണപ്രവൃത്തി ചെയ്യാൻ പരിശുദ്ധാത്മശക്തി നിരന്തരം നാം സ്വീകരിക്കുന്നു. ''ഉത്ഥിതനും മഹത്ത്വീകൃതനുമായ ക്രിസ്തു തന്നെയാണ് നമ്മുടെ പ്രത്യാശയുടെ ഉറവിടം. അവൻ നമ്മെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യ നിർവഹണത്തിനാവശ്യമായ സഹായം നമുക്കൊരിക്കലും അവൻ കുറയ്ക്കുകയില്ല'' (Evangelii Gaudium = ''സുവിശേഷത്തിന്റെ സന്തോഷം'', 275). ദൈവത്തിന്റെ ദാനവും ക്രൈസ്തവരുടെ സാധനയുമായ ആ വിശുദ്ധ പ്രത്യാശ, ക്രിസ്തുവിൽ നാം ജീവിക്കുകയും അതിന് സാക്ഷ്യം നല്കുകയും ചെയ്യുന്നു (Hope is A Light in The Night,Vatican City, 2024, 7).

പ്രാർഥിക്കുന്ന സ്ത്രീപുരുഷന്മാർ പ്രത്യാശയുടെ പ്രേഷിതരാണ്. ''പ്രത്യാശിക്കുന്നയാൾ പ്രാർഥിക്കുന്നയാളാണ്'' എന്ന് ധന്യനായ കർദിനാൾ ഫ്രാൻസിസ് സേവ്യർ വാൻ തുവാൻ പറയുകയുണ്ടായി. ദീർഘകാലം ജയിലിൽ കഴിഞ്ഞപ്പോൾ വിശ്വസ്തമായ പ്രാർഥനയാലും ദിവ്യപൂജയുടെ ശക്തിയാലു മാണ് അദ്ദേഹം പ്രത്യാശാപൂർവം ഉറച്ചുനിന്നത് (The Road of Hope, Boston, 2001, 963 കാണുക). നമ്മുടെ പ്രഥമ പ്രേഷിതപ്രവർത്തനം പ്രാർഥനയാണെന്നും അതേ സമയംതന്നെ ''പ്രത്യാശയുടെ ആദ്യശക്തി'' പ്രാർഥനയാണെന്നും നാം മറന്നുകൂടാ (2020 മേയ് 20-ലെ പ്രബോധനം [Catechesis]).

അതിനാൽ നമുക്ക് പ്രാർഥിച്ചുകൊണ്ട് പ്രത്യാശയുടെ നവീകരണ ദൗത്യം ആരംഭിക്കാം. അത് ദൈവവചനത്തിൽ അധിഷ്ഠിതമായ, ഏറെ പ്രത്യേകിച്ച്, പരിശുദ്ധാത്മാവ് രചയിതാവായുള്ള സങ്കീർത്തനങ്ങൾ എന്ന പ്രാർഥനാശ്രുതിമേളം വഴി നമുക്ക് ആരംഭിക്കാം (2024 ജൂൺ 19-ലെ പ്രബോധനം [Catechesis]). കഷ്ടതകൾ നിറഞ്ഞ കാലത്തിലും നമ്മൾ പ്രത്യാശ വെടിയാതിരിക്കാനും നമുക്കു ചുറ്റുമുള്ള പ്രത്യാശയുടെ അടയാളങ്ങളെ എപ്പോഴും തിരിച്ചറിയാനും ദൈവം എല്ലാ ജനതകളിലും മഹത്ത്വപ്പെടണം എന്ന നിരന്തരമായ പ്രേഷിത താല്പര്യത്തിൽ മുന്നോട്ടു യാത്രചെയ്യാ

നും സങ്കീർത്തനങ്ങൾ നമ്മെ പരിശീലിപ്പിക്കുന്നു (സങ്കീ 41:12; 67:4 കാണുക). ദൈവം നമ്മിൽ തെളിച്ച പ്രത്യാശയുടെ ദീപംപ്രാർഥ നയിലൂടെ സജീവമാക്കി നിറുത്തുന്നു. അങ്ങനെ അത് അഗ്നിയായി പടരുകയും അതുവഴി നമുക്ക് ചുറ്റുമുള്ള എല്ലാവരെയും പ്രകാശി പ്പിക്കുകയും ചൂടുപിടിപ്പിക്കുകയും ചെയ്യും; മാത്രമല്ല, അത് പ്രാർഥന നമ്മിൽ പ്രചോദിപ്പിക്കുന്ന പുണ്യപ്രവൃത്തികളും സത് കർമങ്ങളും ചെയ്യുന്നതുവഴിയും ആയിരിക്കും.

അവസാനമായി, സുവിശേഷപ്രഘോഷണം എപ്പോഴും എക്കാ ലത്തിലും, ക്രിസ്തീയ പ്രത്യാശപോലെതന്നെ, സാമൂഹികമായ ഒരു പ്രക്രിയയാണ് (Benedict XVI, Spe Salvi = ''പ്രത്യാശയിൽ രക്ഷ'', 41). ഈ പ്രക്രിയ സുവിശേഷത്തിന്റെ പ്രാരംഭ പ്രഘോഷണത്തി ലോ, ജ്ഞാനസ്നാനത്തിലോ മാത്രം അവസാനിക്കുന്നില്ല. മറിച്ച്, ജ്ഞാനസ്നാനം സ്വീകരിച്ച ഒരോരുത്തരെയും സുവിശേഷത്തിന്റെ പാതയിലൂടെ അനുഗമനം ചെയ്തുകൊണ്ട് ക്രൈസ്തവ സമൂഹ ങ്ങൾ പണിതുയർത്തുന്നതിലൂടെ തുടരുന്നു. ആധുനിക സമൂഹ ത്തിൽ, സഭയിൽ അംഗമായിരിക്കുക എന്നത് ഒറ്റയടിക്ക് നേടിയെടു ക്കുന്ന ഒന്നല്ല; അതിനാലാണ് ക്രിസ്തുവിലുള്ള വിശ്വാസം കൈ മാറുന്നതും അത് പക്വമായി രൂപപ്പെടുത്തുന്നതുമായ പ്രേഷിത ദൗത്യം ''സഭയുടെ എല്ലാ പ്രവർത്തനങ്ങൾക്കും മാതൃക ആയിരി ക്കുന്നത്'' (Evangelii Gaudium = ''സുവിശേഷത്തിന്റെ സന്തോഷം'', 15). പ്രസ്തുത പ്രവർത്തനം പ്രാർഥനയുടെ കൂട്ടായ്മയും പ്രവൃത്തി യും ആവശ്യപ്പെടുന്നു. ഇവിടെ ഞാൻ വീണ്ടും ഒരിക്കൽകൂടെ, സഭയുടെ പ്രേഷിതാത്മക സിനഡാത്മകതയുടെ പ്രാധാന്യം ഊന്നി പറയുന്നു; അതോടൊപ്പം ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളവരുടെ പ്രേഷിത ഉത്തരവാദിത്വം പ്രോത്സാഹിപ്പിക്കുന്നതിലും പ്രാദേശിക സഭകളെ സഹായിക്കുന്നതിലും ഉള്ള പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ ചെയ്യുന്ന സേവനവും ഞാൻ എടുത്തുപറയുന്നു. നിങ്ങളുടെ ജീവിത സാക്ഷ്യവും പ്രാർഥനയും ത്യാഗപ്രവൃത്തികളും ഉദാരമനസ്കതയുംവഴി സഭയുടെ പൊതുവായ സുവിശേഷവത് കരണ ദൗത്യത്തിൽ നിങ്ങളെല്ലാവരും, കുട്ടികളും യുവാക്കളും മുതിർന്നവരും വാർദ്ധക്യത്തിലെത്തിയവരും, പങ്കുചേരാൻ ഞാൻ അഭ്യർഥിക്കുന്നു. ഇക്കാര്യത്തിൽ ഞാൻ നിങ്ങൾക്കു നന്ദിപറയുന്നു!

പ്രിയ സഹോദരീസഹോദരന്മാരേ, നമ്മുടെ പ്രത്യാശയായ യേശുക്രിസ്തുവിന്റെ മാതാവായ മറിയത്തിലേക്കു നമുക്കു തിരി യാം. ഈ ജൂബിലിവർഷാചരണത്തിലും വരാനിരിക്കുന്ന വർഷങ്ങ ളിലുമുള്ള നമ്മുടെ പ്രാർഥനകൾ നാം അവളെ ഭരമേല്പിക്കുന്നു.

''എല്ലാ മനുഷ്യരെയും അഭിസംബോധന ചെയ്യുന്ന വിധത്തിലുള്ള ദൈവസ്നേഹത്തിന്റെ സന്ദേശമായ ക്രൈസ്തവ പ്രത്യാശ എല്ലാ സ്ത്രീപുരുഷന്മാരെയും പ്രകാശിപ്പിക്കട്ടെ. പ്രത്യാശയുടെ ഈ സന്ദേശത്തിന് സഭ ലോകമെമ്പാടും വിശ്വസ്തതയോടെ സാക്ഷ്യം വഹിക്കാൻ ഇടവരട്ടെ!'' (Spes Non Confundit= ''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'', 6).

**ഫ്രാൻസിസ് പാപ്പാ**

വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ മാനസാന്തര തിരുനാളിൽ, 2025 ജനുവരി 25-ാം തീയതി, വിശുദ്ധ ജോൺ ലാറ്ററൻ മഹാ ദേവാലയത്തിൽവച്ച് നല്കപ്പെട്ടത്.

---

*പരിഭാഷ:* ഡോ. ജേക്കബ് പ്രസാദ്

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം പി.ഒ.സി., കൊച്ചി - 682 025

**ദൂതൻ അവളോടു പറഞ്ഞു: മറിയമേ, നീ ഭയപ്പെടേണ്ടാ; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു.**
**(ലൂക്കാ 1 : 30)**

# 1 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

2091/2025 / 00.09.2025 C- 9

### സമുദായ ജാഗ്രത സദസ്സ്

2025 സെപ്തംബർ 21

ഈശോയിൽ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സല മക്കളേ,

സീറോ-മലബാർ സഭ 2026-ാമാണ്ട് സമുദായ ശക്തീകരണ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായുള്ള ഒരുക്കങ്ങൾ നമ്മുടെ അതിരൂപതയിൽ ആരംഭിച്ചിരിക്കുകയാണല്ലോ. ശരിയായ സമുദായ ബോധം നമ്മിലേവരിലും രൂപപ്പെടുകയും വളരുകയും ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യമായി തീർന്നിരിക്കുന്നു. ഇടവകകളിൽ നടന്നുക്കൊണ്ടിരിക്കുന്ന സമുദായ ജാഗ്രത സദസ്സുകൾ ഈ ലക്ഷ്യം നേടാനുദ്ദേശിച്ചിട്ടുള്ളതാണെന്ന് നമുക്കറിയാമല്ലോ. ഇടവകതല സമുദായ ജാഗ്രത സദസ്സുകളിൽ താല്പര്യപൂർവ്വം സംബന്ധിക്കാൻ ഏവരെയും ഒരിക്കൽകൂടി ഞാൻ ആഹ്വാനം ചെയ്യുന്നു. ഇതിനോടകം സമുദായ ജാഗ്രത സദസ്സുകൾ സംഘടിപ്പിച്ച ഇടവകകളിലെ ബഹു. വികാരിയച്ചന്മാർ, കൈക്കാരന്മാർ, നേതൃത്വം

കൊടുത്തവർ, വിഷയാവതാരകർ എന്നിവരെയെല്ലാം നന്ദിയോടെ ഓർത്ത് അഭിനന്ദനം അറിയിക്കുന്നു.

നമ്മുടെ സമുദായം നേരിടുന്ന വിവിധങ്ങളായ പ്രതിസന്ധികളിലേക്ക് പൊതുസമൂഹത്തിന്റെയും ഭരണാധികാരികളുടെയും ശ്രദ്ധക്ഷണിക്കാനും ഇടവകകൾതോറും നടക്കുന്ന ജാഗ്രത സദസ്സുകൾക്ക് ഉണർവ്വേകാനുമായി സെപ്റ്റംബർ 21-ാം തിയ്യതി ഞായറാഴ്ച നാം അതിരൂപതതലത്തിൽ ജാഗ്രത സദസ്സ് സംഘടിപ്പിക്കുകയാണ്. ഉച്ചതിരിഞ്ഞ് 3 മണിക്ക് തൃശൂർ സെന്റ് തോമസ് കോളേജിൽ നിന്നാരംഭിക്കുന്ന അവകാശപ്രഖ്യാപനറാലിയും തുടർന്ന് പരിശുദ്ധ വ്യാകുലമാതാവിൻ ബസിലിക്ക അങ്കണത്തിൽ ചേരുന്ന പൊതു സമ്മേളനവുമാണ് കാര്യപരിപാടികൾ. വൈകീട്ട് 5.30 ന് പരിപാടികളെല്ലാം സമാപിക്കും. അതിരൂപതതല ജാഗ്രത സദസ്സിന്റെ മുഴുവൻ പരിപാടികളിലും പങ്കെടുക്കാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

അതിരൂപത ജാഗ്രത സദസ്സിൽ ഓരോ ഇടവകയിൽ നിന്നുമുള്ള കൈക്കാരന്മാർ, പ്രതിനിധിയോഗാംഗങ്ങൾ, കുടുംബകൂട്ടായ്മ ഭാരവാഹികൾ, ഏകോപനസമിതി അംഗങ്ങൾ, ഭക്തസംഘടന ഭാരവാഹികൾ, വിശ്വാസപരിശീലന അധ്യാപകർ, XI, XII, ACC ക്ലാസ്സുകളിലെ വിശ്വാസപരിശീലന വിദ്യാർത്ഥികൾ, സ്കൂൾ അധ്യാപകർ, ഫൊറോന കൗൺസിൽ അംഗങ്ങൾ, പി. ആർ. ഒ. തുടങ്ങിയവർ പങ്കെടുക്കാൻ ശ്രദ്ധിക്കണം. പങ്കെടുക്കുന്നവർക്ക് ആവശ്യമായ വാഹനസൗകര്യം ഇടവകയിൽ നിന്ന് ഏർപ്പെടുത്തിക്കൊടുക്കാൻ ബഹു. വികാരിയച്ചന്മാരും കൈക്കാരന്മാരും പ്രത്യേകം താല്പര്യമെടുക്കണം.

അതിരൂപതയിലെ മുഴുവൻ ദൈവജനത്തിനും സാമുദായികാവബോധം ലഭിക്കുന്നതിനായി സെപ്റ്റംബർ 21ന് എല്ലാ ഇടവക പള്ളികളിലും വിശുദ്ധ കുർബാനയ്ക്കു ശേഷം, ജാഗ്രത സദസ്സിന്റെ ആശയങ്ങൾ വിശദീകരിക്കുകയും തുടർന്ന് എല്ലാവരും ചേർന്ന് പ്രതിജ്ഞ എടുക്കുകയും ചെയ്യണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

അതിരൂപത ജാഗ്രത സദസ്സിന്റെ ഏറ്റവും അടുത്ത ഒരുക്കമെന്ന നിലയിൽ സെപ്റ്റംബർ 14-ാം തിയ്യതി ഞായറാഴ്ച ഇടവകകളിൽ അവകാശദിനമായി ആചരിക്കണം. സീറോ മലബാർ സഭാംഗങ്ങളായ നാമനുഭവിക്കുന്ന പരാധീനതകൾ ചൂണ്ടിക്കാണിച്ച് ബഹു. കേരള മുഖ്യമന്ത്രിക്ക് സമർപ്പിക്കാനായി തയ്യാറാക്കുന്ന ഭീമഹർജിയിൽ അന്നേദിവസം ഒപ്പുവച്ചുകൊണ്ടാണ് ഇത് നിർവ്വഹിക്കേണ്ടത്.

ഉചിതമായ പ്രചരണരീതികളിലൂടെ അതിരൂപത ജാഗ്രത സദസ്സിന്റെ സന്ദേശം അനേകരിലേക്ക് എത്തിക്കാൻ ഇനിയുള്ള

ദിവസങ്ങളിൽ ഏവരും ആത്മാർത്ഥമായി പരിശ്രമിക്കണം. പരമ്പരാഗത-നവീന മാധ്യമങ്ങളും ഇക്കാര്യത്തിനായി ഉപയുക്തമാക്കണം.

നമ്മുടെ സമുദായത്തിന്റെ അതിജീവനം സാധ്യമാക്കാൻ, നിഷ്ക്രിയത്വം വെടിഞ്ഞ്, ഒരുമയോടെ വീക്ഷണങ്ങളും പ്രവർത്തനങ്ങളും വിഭാവനം ചെയ്ത് മുന്നേറാൻ നാം തയ്യാറാകണം. പൂർവ്വികർ പുലർത്തിയ സമുദായബോധത്തിന്റെ ഗുണങ്ങളാണല്ലോ നാമിന്നനുഭവിക്കുന്നത്. സമുദായശക്തീകരണ പ്രവർത്തനങ്ങളിലൂടെ വരും തലമുറകളോടുള്ള നമ്മുടെ ഉത്തരവാദിത്തം നിറവേറ്റാൻ നമുക്ക് ലഭിച്ചിരിക്കുന്ന അസുലഭാവസരമാണ് സെപ്റ്റംബർ 21-ാം തിയ്യതിയിലെ അതിരൂപത സമുദായ ജാഗ്രത സദസ്സ്. റാലിയിലും സമ്മേളനത്തിലും ആദ്യന്തം പങ്കെടുത്ത് പ്രസ്തുത ജാഗ്രത സദസ്സ് വിജയിപ്പിക്കാൻ ഏവരോടും ഞാൻ ഹൃദയപൂർവ്വം അഭ്യർത്ഥിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപത*
*മെത്രാപ്പോലീത്ത*

---

N.B: ഈ സർക്കുലർ സെപ്റ്റംബർ 14-ാം തിയ്യതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. +AT.

# 2 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

| 2160/2025<br>18.09.2025 | C- 10 |
|---|---|

### അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴിപിതാവിന് തൃശ്ശൂർ അതിരൂപതയുടെ ആദരാഞ്ജലികൾ

ഈശോയിൽ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

തനിക്ക് ഏല്പിക്കപ്പെട്ട അജഗണത്തെ വൈദികൻ, മെത്രാൻ, മെത്രാപ്പോലീത്ത എന്നീ നിലകളിലുള്ള ശുശ്രൂഷകളിലൂടെ വിശ്വസ്തതാപൂർവ്വം പരിപാലിച്ച നമ്മുടെ വത്സലപിതാവ് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്ത നിത്യസമ്മാനത്തിനായി 2025 സെപ്തംബർ 17ന് വിളിക്കപ്പെട്ടുവല്ലോ. നല്ല ഇടയനായ ഈശോയുടെ പ്രതിരൂപമായി നമ്മുടെ ഇടയിൽ ശുശ്രൂഷാജീവിതം നയിച്ച് ഭൂമിയിലെ തന്റെ തീർത്ഥാടനം പൂർത്തിയാക്കിയ അഭിവന്ദ്യ തൂങ്കുഴി പിതാവിന് അതിരൂപത കുടുംബം മുഴുവനോടും ചേർന്ന് ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഈശോയെ ഗാഢമായി സ്നേഹിക്കുകയും അവിടുന്നിൽ ലയിച്ചു ചേരാൻ തീവ്രമായി ആഗ്രഹിക്കുകയും ചെയ്തിരുന്ന അഭിവന്ദ്യ പിതാവിന്റെ ആത്മാവിനെ അവിടുത്തെ തൃക്കരങ്ങളിൽ നമുക്ക് പ്രാർത്ഥനാപൂർവ്വം ഭരമേല്പിക്കാം. പുത്ര

സഹജമായ സ്നേഹത്തോടെ പരി. കന്യകാമറിയത്തിന്റെയും മാർ യൗസേപ്പിതാവിന്റെയും മാധ്യസ്ഥ്യം തേടിയിരുന്ന അഭിവന്ദ്യ പിതാവ് അവരോടൊപ്പം സ്വർഗ്ഗീയാനന്ദം അനുഭവിക്കാൻ ഇടയാകട്ടെ. അദ്ദേഹത്തെക്കുറിച്ചുള്ള ദീപ്തസ്മരണ മനസ്സിൽ സൂക്ഷിക്കുന്നതോടൊപ്പം 'ക്രിസ്തു നമ്മിൽ രൂപപ്പെടണം' എന്ന പിതാവിന്റെ സ്വപ്നം കൂടി ഏറ്റെടുക്കുവാൻ നമുക്കേവർക്കും സാധിക്കട്ടെ.

1997 മുതൽ തന്റെ സാന്നിധ്യത്താലും ശുശ്രൂഷകളാലും നമ്മെ അനുഗൃഹീതരാക്കിയ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന് സ്നേഹാദരങ്ങളും പ്രാർത്ഥനാഞ്ജലികളും അർപ്പിക്കുന്നതിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങളിലേക്ക് ഏവരുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

1. ദുഃഖസൂചകമായി ഇടവകകളിലും സ്ഥാപനങ്ങളിലും കറുത്ത കൊടി ഉയർത്തേണ്ടതാണ്.

2. അഭിവന്ദ്യപിതാവിന്റെ ആത്മശാന്തിക്കായി ഇടവകകളിലും സ്ഥാപനങ്ങളിലും മൃതസംസ്കാര ദിനമായ തിങ്കളാഴ്ച (സെപ്തംബർ 22) വി. കുർബാനയും ഒപ്പീസും ചൊല്ലേണ്ടതാണ്.

3. ബസിലിക്ക പള്ളിയിൽ നിന്നും ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്കുള്ള വിലാപയാത്രയിൽ പങ്കെടുക്കുന്നതിനായി ഞായറാഴ്ച (സെപ്തംബർ 21) ഉച്ചകഴിഞ്ഞ് 3 മണിക്ക് ഓരോ ഇടവകയിൽ നിന്നും സാധിക്കാവുന്ന എല്ലാവരും എത്തിച്ചേരണം. ഓരോ ഇടവകയിൽ നിന്നുമുള്ള കൈക്കാരന്മാർ, പ്രതിനിധിയോഗ സെക്രട്ടറി, കുടുംബകൂട്ടായ്മ കൺവീനർ, ഏകോപനസമിതി സെക്രട്ടറി, മതബോധന ഹെഡ്മാസ്റ്റർ, സമർപ്പിത പ്രതിനിധികൾ എന്നിവർ തങ്ങളുടെ സാന്നിദ്ധ്യം വിലാപയാത്രയിൽ ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

4. വിലാപയാത്രയ്ക്ക് വരുന്നവർ അതിനിണങ്ങുന്ന വസ്ത്രധാരണ രീതി സ്വീകരിക്കുമല്ലോ. വെള്ള വസ്ത്രം ധരിക്കുന്നതാണ് ഉചിതം. ദർശന സഭാംഗങ്ങൾ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുന്നതിനായി ഔദ്യോഗിക വസ്ത്രം ധരിക്കേണ്ടതാണ്.

5. അഭിവന്ദ്യപിതാവിനോടുള്ള ആദരസൂചകമായി തൃശ്ശൂർ അതിരൂപതയിലെ എല്ലാ സ്ഥാപനങ്ങൾക്കും തിങ്കളാഴ്ച (സെപ്തംബർ 22) അവധി നല്കാൻ ആഹ്വാനം ചെയ്യുന്നു.

6. അഭിവന്ദ്യപിതാവിനോടുള്ള ആദരസൂചകമായി പുഷ്പചക്രങ്ങൾക്കു പകരം സാരിയോ മറ്റു തുണിത്തരങ്ങളോ സമർപ്പിക്കാനായി അഭ്യർത്ഥിക്കുന്നു. അവ പിന്നീട് ആവശ്യക്കാർക്ക് ഉപകരിക്കുന്ന രീതിയിൽ പ്രയോജനപ്പെടുത്തുന്നതാണ്.

**മൃതസംസ്കാരശുശ്രൂഷാ കർമ്മങ്ങൾ**

2025 സെപ്തംബർ 21, ഞായർ രാവിലെ 11:30ന് മൃതസം

സ്ക്കാരശുശ്രൂഷയുടെ ഒന്നാം ഘട്ടം തൃശ്ശൂർ അതിരൂപതമന്ദിരത്തിൽ നടത്തുന്നു. തുടർന്ന് ഉച്ചക്ക് 12:15 മുതൽ ഭൗതികശരീരം തൃശ്ശൂർ ഡോളേഴ്സ് ബസിലിക്ക പള്ളിയിൽ പൊതുദർശനത്തിന് വയ്ക്കുന്നു. ഉച്ചകഴിഞ്ഞ് 03:30ന് ഭൗതികശരീരം സംവഹിച്ചുകൊണ്ടുള്ള വിലാപ യാത്ര ബസിലിക്ക പള്ളിയിൽ നിന്ന് ആരംഭിച്ച് തൃശ്ശൂർ സ്വരാജ് റൗണ്ട് ചുറ്റി ലൂർദ്ദ് കത്തീഡ്രൽ പള്ളിയിലേക്ക് നീങ്ങുന്നു. വൈകിട്ട് 5 മണി മുതൽ മൃതസംസ്കാരത്തിന്റെ അന്തിമ ശുശ്രൂഷകൾ ആരംഭി ക്കുന്നതുവരെ തുടർച്ചയായി തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ പൊതുദർശനത്തിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്.

2025 സെപ്തംബർ 22, തിങ്കൾ രാവിലെ 09:30ന് മൃതസംസ്ക്കാര ശുശ്രൂഷയുടെ രണ്ടാം ഘട്ടം തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയ ത്തിൽ നടത്തപ്പെടുന്നതാണ്. 10:00 മണിക്ക് വി. കുർബാനയോടു കൂടിയുള്ള മൃതസംസ്കാരശുശ്രൂഷയുടെ മൂന്നാം ഭാഗം നടത്തപ്പെ ടുന്നു. അതിനുശേഷം ഉച്ചക്ക് 1 മണിയോടെ ഭൗതികശരീരം കോഴി ക്കോട്, കോട്ടുളി എന്ന സ്ഥലത്തുള്ള ക്രിസ്തുദാസി സന്യാസിനീ സമൂഹത്തിന്റെ ‘‘ഹോം ഓഫ് ലൗ’’ ജനറലേറ്റിലേക്ക് കൊണ്ടു പോയി പൊതുദർശനത്തിന് വയ്ക്കുന്നു. ആറു മണിക്ക് മൃതസംസ് കാര ശുശ്രൂഷയുടെ സമാപന കർമ്മങ്ങൾ അവിടെ നടത്ത പ്പെടുന്നു.

ഈശോയെ സ്നേഹിക്കാൻ നമ്മെ പഠിപ്പിച്ച്, തിരുവചനവ്യാഖ്യാ നത്തിലൂടെ നമ്മിൽ തീക്ഷ്ണമായ ആത്മീയവിചാരങ്ങൾ ഉണർത്തി, സൗമ്യമായും ഹൃദ്യമായും സംസാരിച്ച് നമ്മുടെ ഹൃദയങ്ങളെ കീഴടക്കി ദൈവസന്നിധിയിലേക്ക് യാത്രയായ അഭിവന്ദ്യ തൂങ്കുഴി പിതാവ് നമ്മുടെ ഓർമ്മകളിൽ എന്നും ജീവിക്കട്ടെ. തന്റെ ഹൃദയ ത്തിനിണങ്ങിയ ഒരു ഇടയനെ അഭിവന്ദ്യ തൂങ്കുഴി പിതാവിലൂടെ നല്കി, തൃശ്ശൂർ അതിരൂപതയെ പ്രത്യേകമായി അനുഗ്രഹിച്ച ദൈവത്തോട് നമുക്ക് നന്ദി പ്രകാശിപ്പിക്കാം. പ്രാർത്ഥനകളിലൂടെ അഭിവന്ദ്യ തൂങ്കുഴി പിതാവിനോടുള്ള നമ്മുടെ സ്നേഹവും കടപ്പാടും തുടർന്നും നമുക്ക് പ്രകടിപ്പിക്കാം.


മിശിഹായിൽ നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപത*
*മെത്രാപ്പോലീത്ത*

---

N.B: ഈ സർക്കുലർ സെപ്റ്റംബർ 21-ാം തിയ്യതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. +AT.




തൃശ്ശൂർ അതിരൂപത മുൻ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി (95) 2025 സെപ്തംബർ 17 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2:50 ന് കാലം ചെയ്തു. അഭിവന്ദ്യപിതാവ് വിശ്രമജീവിതം നയിച്ചിരുന്ന തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ചായിരുന്നു അന്ത്യം.

പാലാ രൂപതയിലെ വിളക്കുമാടത്ത് 1930 ഡിസംബർ 13ന് തൂങ്കുഴി കുരിയൻ + റോസ ദമ്പതികളുടെ മകനായി ജനിച്ചു. വിളക്കുമാടം സെന്റ് തോമസ് എൽ.പി.സ്കൂൾ, സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഭരണങ്ങാനം സെന്റ് മേരീസ് ഹൈസ്കൂൾ എന്നിവിടങ്ങളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1947 ജൂൺ 14ന് ചങ്ങനാശ്ശേരി മൈനർ സെമിനാരിയിൽ വൈദിക പരിശീനത്തിനായി ചേർ ന്നു. തുടർന്ന് ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, റോമിലെ ഉർബൻ കോ ളേജ് എന്നിവിടങ്ങളിലെ വൈദികപരിശീലനത്തിനുശേഷം 1956 ഡിസംബർ 22ന് റോമിൽ വച്ച് ആർച്ച്ബിഷപ്പ് പിയെത്രോ സിജിസ്മോന്തി പിതാവിൽ നിന്ന് തലശ്ശേരി രൂപതയ്ക്കുവേണ്ടി വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് കാനൻ നിയമത്തിൽ റോമിലെ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ

നിന്ന് സഭാനിയമത്തിലും സിവിൽ നിയമത്തിലും ഡോക്ടറേറ്റ് നേടി.

തലശ്ശേരി രൂപതയുടെ അന്നത്തെ മെത്രാനായിരുന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ സെക്രട്ടറിയായും രൂപത ചാൻസലറായും വൈദികജീവിതം ആരംഭിച്ചു. തുടർന്ന് തലശ്ശേരി രൂപത മൈനർ സെമിനാരി വൈസ് റെക്ടർ, തലശ്ശേരി കത്തീഡ്രൽ പള്ളി വികാരി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. 1968ൽ ന്യൂയോർക്കിലെ ഫോർഡ്ഹാം യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷിൽ ബിരുദാനന്തരബിരുദം നേടി. 1971 മുതൽ തലശ്ശേരി രൂപതയുടെ മൈനർ സെമിനാരി റെക്ടറായി സേവനം ചെയ്തു.

1973 മാർച്ച് 1ന് തന്റെ നാല്പത്തിരണ്ടാമത്തെ വയസ്സിൽ മാനന്തവാടി രൂപതയുടെ നിയുക്ത മെത്രാനായി പ്രഖ്യാപിക്കപ്പെടുകയും മെയ് 1ന് കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ പിതാവിന്റെ കൈവയ്പിലൂടെ മെത്രാനായി അഭിഷിക്തനാവുകയും ചെയ്തു. നീണ്ട 22 വർഷങ്ങളിലെ സേവനത്തിനുശേഷം 1995 ജൂൺ 7ന് താമരശ്ശേരി രൂപതയുടെ ദ്വിതീയമെത്രാനായി നിയുക്തനാവുകയും 1995 ജൂലൈ 28ന് സീറോ മലബാർ മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ ആന്റണി പടിയറ പിതാവിന്റെ കാർമ്മികത്വത്തിൽ സ്ഥാനമേല്ക്കുകയും ചെയ്തു. 1996 ഡിസംബർ 18 ന് സീറോ മലബാർ സഭയുടെ പ്രഥമ വികാരിയാത്തുകളിൽ ഒന്നായ തൃശ്ശൂരിന്റെ രണ്ടാമത്തെ മെത്രാപ്പോലീത്തയായി നാമനിർദ്ദേശം ചെയ്യപ്പെടുകയും 1997 ഫെബ്രുവരി 15ന് കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവിന്റെ കാർമ്മികത്വത്തിൽ മെത്രാപ്പോലീത്തയായി സ്ഥാനമേല്ക്കുകയും ചെയ്തു.

''ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ'' (ഗലാ. 4:19) എന്ന മുദ്രാവാക്യവുമായി മേല്പ്പട്ട ശുശ്രൂഷ ആരംഭിച്ച അദ്ദേഹം വിവിധങ്ങളായ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുകയും നിരവധി പ്രസ്ഥാനങ്ങൾക്കും വളരെയധികം പദ്ധതികൾക്കും പ്രാരംഭം കുറിക്കുകയും ചെയ്തു.

മാനന്തവാടി രൂപതയിൽ ട്രൈബൽ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോജക്ട്, പാസ്റ്ററൽ സെന്റർ & കാറ്റക്കെറ്റിക്കൽ സെന്റർ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, മാനന്തവാടി രൂപത മൈനർ സെമിനാരി, ബാംഗ്ലൂർ സാന്തോം സ്റ്റഡി ഹൗസ് എന്നിവ ആരംഭിച്ചു. എളിയവർക്ക് സേവനം ചെയ്യേണ്ടതിന്റെ ആവശ്യകത ഹൃദയത്തിൽ പേറിയ അദ്ദേഹം സേവന ശുശ്രൂഷക്ക് പ്രാധാന്യം കൊടുത്ത് 1977ൽ 'ക്രിസ്തുദാസികൾ' എന്ന സമർപ്പിത സന്യാസിനീസമൂഹത്തിന് രൂപം കൊടുത്തു.

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്തയായ കാലഘട്ടത്തിൽ അതിരൂപതയുടെ നാനാമുഖ വളർച്ചക്ക് കാരണക്കാരനായി. വൈദിക

പരിശീലന രംഗത്ത് തന്റെ ശുശ്രൂഷ ആരംഭിച്ച അദ്ദഹം വൈദിക പരിശീലനം സഭയുടെ ജീവനാഡിയായി മനസ്സിലാക്കി മേരിമാത മേജർ സെമിനാരിക്ക് ആരംഭം കുറിച്ചു. തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, ജൂബിലി മിഷൻ നേഴ്സിംഗ് കോളേജ്, ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, മുള്ളൂർക്കര മഹാജൂബിലി ട്രെയിംനിംഗ് കോളേജ്, പെരിങ്ങണ്ടൂർ മാർ കുണ്ടുകുളം റിസർച്ച് & റീഹാബിലിറ്റേഷൻ സെന്റർ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ക്രിസ്റ്റ്യൻ ചെയർ രൂപീകരണം എന്നിവയെല്ലാം അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെ സംഭാവനകളാണ്. വാർത്താവിനിമയ രംഗത്ത് ക്രിസ്ത്യൻ പ്രാതിനിധ്യം ഉറപ്പിക്കാനായി ജീവൻ ടി. വി.യും ആരംഭിച്ചു. ജീവിതത്തിൽ ആത്മീയതയ്ക്ക് വലിയ പ്രാധാന്യം കൊടുത്തിരുന്ന അദ്ദേഹം പാലയൂരിന്റെ മണ്ണിലേക്കുള്ള പദയാത്രയായ പാലയൂർ മഹാതീർത്ഥാടനത്തിന് ആരംഭം കുറിച്ചുകൊണ്ട് ആത്മീയ തീർത്ഥാടനത്തിന് പുതിയൊരുമാനം നൽകി. കാത്തലിക് ബിഷപ്പ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ ജനറൽ അസംബ്ലി തൃശ്ശൂരിൽ സംഘടിപ്പിച്ചത് അദ്ദേഹത്തിന്റെ സംഘാടകമികവിന്റെ ഉത്തമോദാഹരണമാണ്.

വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി കമ്മീഷൻ ചെയർമാൻ, സീറോ മലബാർ സഭയുടെ സ്ഥിരം സിനഡാംഗം, സീറോ മലബാർ സഭ സുപ്പീരിയർ ട്രൈബ്യൂണൽ പ്രസിഡന്റ്, സീറോ മലബാർ ലിറ്റർജി കമ്മീഷൻ ചെയർമാൻ, കെ. സി. ബി. സി. മീഡിയ കമ്മീഷൻ ചെയർമാൻ, സി. ബി. സി. ഐ. വൈസ് പ്രസിഡന്റ്, കാരിത്താസ് ഇന്ത്യയുടെ ചെയർമാൻ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചു തന്റെ ഭരണനൈപുണ്യം തെളിയിച്ചിട്ടുണ്ട്. സാമൂഹ്യപ്രവർത്തന രംഗത്ത് വ്യക്തമുദ്ര പതിപ്പിച്ച അഭിവന്ദ്യ പിതാവ് കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി മന്ത്രാലയത്തിൻ കീഴിലുള്ള സെൻട്രൽ കോർഡിനേഷൻ കമ്മിറ്റി അംഗമായി പ്രവർത്തിച്ചിട്ടുണ്ട്.

അപരന് ക്രിസ്തു ചൈതന്യം പകർന്ന് ജീവിച്ച അദ്ദേഹം, ജീവിതാന്ത്യത്തിലും തന്റെ കണ്ണുകൾ ദാനം ചെയ്തുകൊണ്ട് മാതൃകയായി.

2025 സെപ്തംബർ 21, ഞായർ രാവിലെ 11:30ന് മൃതസംസ്ക്കാര ശുശ്രൂഷയുടെ ഒന്നാം ഘട്ടം തൃശ്ശൂർ അതിരൂപതമന്ദിരത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തയുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. തുടർന്ന് ഉച്ചക്ക് 12:15 മുതൽ തൃശ്ശൂർ ഡോളേഴ്സ് ബസിലിക്ക പള്ളിയിൽ പൊതുദർശനത്തിന് വച്ചു. ഉച്ചകഴിഞ്ഞ് 03:30ന് തൃശ്ശൂർ സ്വരാജ് റൗണ്ട് ചുറ്റി വിലാപയാത്രയായി ഭൗതികശരീരം ലൂർദ്ദ് കത്തീഡ്രൽ പള്ളിയിലേക്ക് കൊണ്ടുപോയി.

വൈകിട്ട് 5 മണിക്ക് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. ബലിയർപ്പിച്ചു. ഇരിങ്ങാലക്കുട രൂപതാധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ സന്ദേശം നൽകി. തുടർന്ന് സെപ്തംബർ 22 തിങ്കളാഴ്ച മൃതസംസ്ക്കാര ശുശ്രൂഷകൾ നടത്തുന്നതുവരെ ഭൗതികശരീരം പൊതുദർശനത്തിനായി വച്ചു.

2025 സെപ്തംബർ 22, തിങ്കൾ രാവിലെ 09:30ന് മൃതസംസ്ക്കാര ശുശ്രൂഷയുടെ രണ്ടാം ഘട്ടം സീറോ മലബാർ സഭയുടെ മുൻ മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് കർദ്ദിനാൾ ആലഞ്ചേരി പിതാവിന്റെ കാർമ്മികത്വത്തിലും 10:00 മണിക്ക് വി. കുർബാനക്ക് അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ദിവംഗതനായ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്തയെ അനുസ്മരിക്കുകയും തുടർന്ന് കർമ്മങ്ങൾക്ക് എത്തിച്ചേർന്ന ഏവർക്കും സ്വാഗതം ആശംസിക്കുകയും ചെയ്തു. വി. കുർബാനയോടു കൂടിയുള്ള മൃതസംസ്കാരശുശ്രൂഷയുടെ മൂന്നാം ഭാഗം സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ നടത്തപ്പെട്ടു. വി. കുർബാന മധ്യേയുള്ള അനുസ്മരണ സന്ദേശം മാനന്തവാടി മെത്രാൻ മാർ ജോസഫ് പൊരുന്നേടം പിതാവ് നൽകി. മൃതസംസ്കാരശുശ്രൂഷക്കുശേഷം തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് ഏവർക്കും നന്ദി പറഞ്ഞു. അതിനുശേഷം ഉച്ചക്ക് 1 മണിയോടെ ഭൗതികശരീരം കോഴിക്കോട്, സെന്റ് ജോസഫ്സ് ദേവഗിരി പള്ളിയിലേക്ക് കൊണ്ടുപോയി താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമിജിയൂസ് ഇഞ്ചിനാനിയിൽ പിതാവിന്റെ കാർമ്മികത്വത്തിലുള്ള പ്രാർത്ഥനകൾക്കുശേഷം പൊതുദർശനത്തിന് വച്ചു. തുടർന്ന് കോട്ടുളിയിൽ ക്രിസ്തുദാസി സന്യാസിനീസമൂഹത്തിന്റെ ''ഹോം ഓഫ് ലൗ' ജനറലേറ്റിലേക്ക് ഭൗതികശരീരം സംവഹിക്കുകയും മൃതസംസ്കാരശുശ്രൂഷയുടെ സമാപന കർമ്മങ്ങൾ അവിടെ നടത്തുകയും ചെയ്തു.

പുഞ്ചിരിയും മൃദുവർഷം പോലുള്ള ഭാഷണവും കൊണ്ട് തന്നെ സമീപിക്കുന്നവരുടെയെല്ലാം ഹൃദയം കവരുന്ന വത്സലപിതാവായി, പൗരോഹിത്യ ശുശ്രൂഷയിൽ 69 വർഷവും, മേല്പ്പട്ട ശുശ്രൂഷയിൽ 52 വർഷവും, യേശു അപരനിൽ രൂപപ്പെടുവാനായി കർത്താവിന്റെ മുന്തിരിത്തോപ്പിൽ കഠിനാധ്വാനം ചെയ്ത് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ജേക്കബ് തൂങ്കുഴി പിതാവിന് തൃശ്ശൂർ അതിരൂപതയുടെ ആദരാഞ്ജലികൾ!

# കച്ചേരി വാർത്തകൾ

**1. ഓർമ്മിക്കേണ്ട ദിവസങ്ങൾ**
**ഒക്ടോബർ 2025**

1 : വി. കൊച്ചുത്രേസ്യ
2 : കാവൽമാലാഖമാർ
3 : ആദ്യവെള്ളി
4 : വി. ഫ്രാൻസിസ് അസ്സീസി
5 : ഏലിയാ-സ്ലീവാ-മൂശെ അഞ്ചാം ഞായർ
7 : ജപമാലരാജ്ഞി
12 : ഏലിയാ-സ്ലീവാ-മൂശെ ആറാം ഞായർ
15 : ആവിലായിലെ വി. ത്രേസ്യ
16 : വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ
17 : അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്
18 : വി. ലൂക്കാ സുവിശേഷകൻ
19 : ഏലിയാ-സ്ലീവാ-മൂശെ ഏഴാം ഞായർ
മിഷൻ ഞായർ
22 : വി. ജോൺ പോൾ രണ്ടാമൻ
26 : ഏലിയാ-സ്ലീവാ-മൂശെ എട്ടാം ഞായർ
28 : വി. ശിമയോൻ, വി. യൂദാ തദേവൂസ് ശ്ലീഹന്മാർ

**2. ഒക്ടോബർ മാസത്തെ പരിപാടികൾ**

19 : മിഷൻ ഞായർ

**3. ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കൻ**

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 69-ാം ശ്രാദ്ധാചാരണം ഒക്ടോബർ 13-നാണ്. അന്ന് ചൊവ്വന്നൂർ സെന്റ് തോമസ് ദൈവാലയത്തിൽ നടക്കുന്ന തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് അനുഗ്രഹീതരായിത്തീരുവാൻ ഏവരേയും ക്ഷണിക്കുന്നു.

**4. ലിവ് & ലേൺ**

ഈ വർഷത്തെ ലിവ് & ലേൺ നവംബർ 3,4; 17,18 തീയതികളിൽ രണ്ടു ബാച്ചുകളിലായി ഡി. ബി. സി. എൽ. സി. യിൽ നടത്തപ്പെടുന്നു.

ബാച്ചുകളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു. ബഹു. വൈദികർ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

| November 3,4 Batch | |
|---|---|
| 1 | Rev. Fr. Ainickal Johnson |
| 2 | Rev. Fr. Ainikkal Jose |
| 3 | Rev. Fr. Akkamattathil Shonson |
| 4 | Rev. Fr. Akkaraparambil Linson |
| 5 | Rev. Fr. Akkarapattiakkal Nirmal |
| 6 | Rev. Fr. Alapatt Paul |
| 7 | Rev. Fr. Alappat Bastin |
| 8 | V. Rev. Fr. Aloor Francis |
| 9 | V. Rev. Fr. Aloor Joshy |
| 10 | Rev. Fr. Ambooken Joseph (Noby) |
| 11 | Rev. Fr. Anthikadan Johnson |
| 12 | Rev. Fr. Anthikkat Santhosh |
| 13 | Rev. Fr. Appadan Babu |
| 14 | Rev. Fr. Arackel Paul |
| 15 | Rev. Fr. Arangassery Jose |
| 16 | Rev. Fr. Arangassery Sanoj |
| 17 | Rev. Fr. Arimboor Johnson |
| 18 | Rev. Fr. Arimbur Derin |
| 19 | Rev. Fr. Chakkalakkal Davis |
| 20 | Rev. Fr. Chalakkal Jackson |
| 21 | V. Rev. Fr. Chalakkal Sebastian |
| 22 | Rev. Fr. Chalissery Cyriac |
| 23 | Rev. Fr. Chalissery Lijo |
| 24 | Rev. Fr. Chazhoor Domini |
| 25 | Rev. Fr. Chelappadan George |
| 26 | Rev. Fr. Chemmannoor Jeesmon |
| 27 | Rev. Fr. Cherayath Davis |
| 28 | Rev. Fr. Cheruthanickal Frango Fronice |
| 29 | Rev. Fr. Cheruvathoor George |
| 30 | Rev. Fr. Cheruvathoor Sijo |
| 31 | Rev. Fr. Cheruvathur Douglas |
| 32 | Rev. Fr. Chiramel Davis, Jr. |
| 33 | Rev. Fr. Chiramel Simson |
| 34 | Rev. Fr. Chirayath Anto |
| 35 | Rev. Fr. Chirayath Febin |
| 36 | Rev. Fr. Chiriankandath Geo |
| 37 | Rev. Fr. Chiriyankandath Ginsen |
| 38 | Rev. Fr. Chittattukara Seby |
| 39 | Rev. Fr. Chittilappilly Ajith |
| 40 | Rev. Fr. Chittilappilly Antony Jr. |
| 41 | Rev. Fr. Chittilappilly John |
| 42 | Rev. Fr. Chittilappilly Joy, Sr. |
| 43 | Rev. Fr. Chittilappilly Paul |
| 44 | Rev. Fr. Choondal Thomas |
| 45 | Rev. Fr. Edakkalathur Francis |
| 46 | Rev. Fr. Edakkalathur Thomas |
| 47 | Rev. Fr. Eluvathingal Antos |
| 48 | Rev. Fr. Eluvathingal Justin |
| 49 | Rev. Fr. Emmatty Jomon |

50 Rev. Fr. Inchodikkaran James

51 Rev. Fr. Kaitharath Justin

52 V. Rev. Fr. Kakkassery Thomas

53 Rev. Fr. Kallarakkal Pratheesh

54 Rev. Fr. Kallikkaden Paul

55 Rev. Fr. Kanimangalathukaran Vincent

56 Rev. Fr. Kanjirathingal Arun

57 Rev. Fr. Kanjirathingal Prinson

58 Rev. Fr. Kanjirathingal Varghese

59 Rev. Fr. Kannanaickal Salvin

60 Rev. Fr. Kannanaikal Wilson

61 Rev. Fr. Kappilamnirappel Jijo

62 Rev. Fr. Karerakkattil Aljo

63 Rev. Fr. Kattiparamban Clinson

64 Rev. Fr. Kattukaran Paul

65 Rev. Fr. Kavalakkatt Seby

66 Rev. Fr. Keezhoorumuttikkal Manoj

67 Rev. Fr. Kidangan John

68 Rev. Fr. Kizhakkuden Sony

69 Rev. Fr. Kolambrath Dixon

70 Rev. Fr. Kollannoor Joy

71 Rev. Fr. Kollannur Ajith

72 Rev. Fr. Kombara George

73 Rev. Fr. Konikkara Jose, Sr.

74 Rev. Fr. Koonamplakkal Jackson

75 Rev. Fr. Koothur Febin

76 Rev. Fr. Koothur Joy

77 Rev. Fr. Kundukulam Johnson

78 Rev. Fr. Kunnappillil Thejas

79 Rev. Fr. Kunnappilly Tens

80 Rev. Fr. Kuruthukulangara Antony

81 V. Rev. Fr. Kuthur Varghese

82 Rev. Fr. Kuttikkatt Jinto

83 V. Rev. Fr. Kuttikottayil Mathew

84 Rev. Fr. Maliakkal Jijo

85 Rev. Fr. Maliyeckal Sanal

86 V. Rev. Msgr. Manadan George

87 Rev. Fr. Mangan Ajil

88 Rev. Fr. Mangattilayan Majo

89 Rev. Fr. Manjaly Christo

90 Rev. Fr. Mapranathukaran Shijo

91 Rev. Fr. Marokey Shinto

92 Rev. Fr. Maroky Jaison

93 Rev. Fr. Marottickal Alex

94 Rev. Fr. Mekkattukulam Jiphy

95 Rev. Fr. Menachery Antony

96 Rev. Fr. Mookken Roy

97 Rev. Fr. Mukkadayil Jinson

98 Rev. Fr. Mullakkara Terin

99 Rev. Fr. Mundenkurian Renny

100 Rev. Fr. Muringathery Grijo

101 Rev. Fr. Muringathery Jomon

102 Rev. Fr. Muringathery Joy

| | |
|---|---|
| 103 Rev. Fr. Muringathery Sijo | 132 Rev. Fr. Poovathukkaran Joseph |
| 104 Rev. Fr. Muthupeedika Raphael | 133 Rev. Fr. Pulikkan Paul |
| 105 Rev. Fr. Muttath Paul | 134 Rev. Fr. Pulikkottil Davis Jr. |
| 106 Rev. Fr. Nandikkara Ignatius (Biju) | 135 Rev. Fr. Pulikottil Johnson |
| 107 Rev. Fr. Neelankavil Francis | 136 Rev. Fr. Pullokkaran Raphael |
| 108 Rev. Fr. Neelankavil Pauly | 137 Rev. Fr. Punnoliparambil Bastian |
| 109 Rev. Fr. Nellangara Jithin | 138 Rev. Fr. Puthiri Frango (Francis) |
| 110 Rev. Fr. Nettikadan David | 139 Rev. Fr. Puthur Joby |
| 111 Rev. Fr. Olakkengil Brilwin | 140 V. Rev. Fr. Puthur Joy |
| 112 Rev. Fr. Olakkengil Dijo | 141 V. Rev. Fr. Puthur Sebi |
| 113 Rev. Fr. Olakkengil Johnson | 142 Rev. Fr. Thachoth Ajith |
| 114 Rev. Fr. Olappurakkal Rinjo | 143 Rev. Fr. Thaikkadan John Paul |
| 115 Rev. Fr. Padayattil Job | 144 Rev. Fr. Thaikkattil Saijo |
| 116 Rev. Fr. Palathingal Paulson | 145 Rev. Fr. Thalakkottoor Francis |
| 117 Rev. Fr. Pallipurathukaran Geo | 146 Rev. Fr. Thaliyaparambil Liril |
| 118 Rev. Fr. Panamkulam Davis | 147 V. Rev. Fr. Thanikkal Denny |
| 119 Rev. Fr. Panengadan John (Biju) | 148 Rev. Fr. Thanikkal Lazar |
| 120 Rev. Fr. Parakkal Cherian | 149 Rev. Fr. Thanikkal Paul |
| 121 Rev. Fr. Pattikakkal Allwyn | 150 Rev. Fr. Tharakan Francis |
| 122 Rev. Fr. Payikkatt Sobin | 151 Rev. Fr. Tharakan Roger |
| 123 Rev. Fr. Payyappilly Paul | 152 Rev. Fr. Tharayil Demin |
| 124 Rev. Fr. Peramangalam John (Jackson) | 153 Rev. Fr. Thattil Benwin |
| 125 Rev. Fr. Pereppadan Jinto | 154 Rev. Fr. Thattil Linson |
| 126 Rev. Fr. Perumattil Christon | 155 Rev. Fr. Thattil Raphy |
| 127 Rev. Fr. Pettayil Noble | 156 Rev. Fr. Thattil Trejin |
| 128 Rev. Fr. Pidiyath Wilson | 157 Rev. Fr. Thazhath Jickson |
| 129 Rev. Fr. Pindiyan Prince | 158 Rev. Fr. Thekkanath Antony |
| 130 Rev. Fr. Ponnary Nithin | 159 Rev. Fr. Thekkekara Jackson |
| 131 Rev. Fr. Poopadi Thomas | |

| | |
|---|---|
| 160 Rev. Fr. Thekkiniyath Geo | 170 Rev. Fr. Vadakkethala Saju |
| 161 Rev. Fr. Therattil George | 171 Rev. Fr. Vadakkoott James |
| 162 Rev. Fr. Thermadam Simon | 172 Rev. Fr. Vaikkadan Joseph |
| 163 Rev. Fr. Thorayan Sinto (Chacko) | 173 V. Rev. Fr. Vallooran Jose |
| 164 Rev. Fr. Ukken Shaju | 174 Rev. Fr. Vattakuzhy Gladrin |
| 165 Rev. Fr. Ukken Thomas | 175 Rev. Fr. Vazhappilly Bilju |
| 166 Rev. Fr. Vadakkan Job | 176 Rev. Fr. Vazhappilly Francis Sr. |
| 167 Rev. Fr. Vadakkan Roy | 177 Rev. Fr. Vazhappilly Saijan |
| 168 Rev. Fr. Vadakkethala George | 178 Rev. Fr. Vazhappilly Twinkle |
| 169 Rev. Fr. Vadakkethala Midhun | 179 Rev. Fr. Velakombil Roy |
| | 180 Rev. Fr. Velukkaran Geo |
| | 181 Rev. Fr. Vettath Mathew |
| | 182 Rev. Fr. Vithayathil Daveed |

## November 17,18 Batch

| | |
|---|---|
| 1 Rev. Fr. Adambukulam Joy | 17 Rev. Fr. Arangassery Saleesh |
| 2 Rev. Fr. Ainikkal Addwin | 18 Rev. Fr. Arassery Joseph |
| 3 V. Rev. Fr. Akkamattathil Raphael | 19 Rev. Fr. Arimboor Tony |
| 4 Rev. Fr. Akkara Raju | 20 Rev. Fr. Ayyankanayil John |
| 5 Rev. Fr. Akkarapattiakal Joffin | 21 Rev. Fr. Chalakkal Jose |
| 6 Rev. Fr. Akkarapattiekkal Jeas | 22 Rev. Fr. Chalil Anu |
| 7 Rev. Fr. Alapatt Francis | 23 Rev. Fr. Chalissery Johnson |
| 8 Rev. Fr. Alappadan Fijo | 24 Rev. Fr. Chalissery Paul |
| 9 Rev. Fr. Alappat Biju | 25 Rev. Fr. Chembakassery Antony |
| 10 Rev. Fr. Alappatt Geo | 26 Rev. Fr. Chemmannoor John Paul |
| 11 Rev. Fr. Aloor Joju (George) | 27 Rev. Fr. Cheradai Geo |
| 12 Rev. Fr. Alukka Antony | 28 Rev. Fr. Cherayath Davis, Jr. |
| 13 Rev. Fr. Ammuthan Antony | 29 Rev. Fr. Cheruthanickal Prince |
| 14 Rev. Fr. Anthikkat Joseph | 30 Rev. Fr. Cheruvathoor Joyson |
| 15 Rev. Fr. Anthikkatt Johnson | 31 V. Rev. Fr. Cheruvathoor Vincent |
| 16 Rev. Fr. Arackal Francis | |

| | |
|---|---|
| 32 Rev. Fr. Chiramel Chacko | 60 Rev. Fr. Kadappuran Joby (Joseph) |
| 33 Rev. Fr. Chiramel Davis Sr. | 61 Rev. Fr. Kakkassery Tony |
| 34 Rev. Fr. Chiramel Jolly | 62 Rev. Fr. Kallikadan Starzon |
| 35 Rev. Fr. Chirammel Able | 63 Rev. Fr. Kallingalkudiyil Jimmy |
| 36 Rev. Fr. Chirayath Jeen | 64 Rev. Fr. Kanjirathingal Anto |
| 37 Rev. Fr. Chiriankandath Anto | 65 Rev. Fr. Kanjirathingal Baiju |
| 38 Rev. Fr. Chiriyamkandath Prince | 66 Rev. Fr. Kanjirathingal Seby |
| 39 Rev. Fr. Chiriyankandath Joju | 67 V. Rev. Fr. Kannampuzha Davis |
| 40 Rev. Fr. Chiriyankandath Shijo | 68 Rev. Fr. Kannanaikal Franclin |
| 41 Rev. Fr. Chittilapilly Jaison | 69 Rev. Fr. Kappany Paul |
| 42 Rev. Fr. Chittilappilly Anish | 70 Rev. Fr. Kareparamban Sinto |
| 43 Rev. Fr. Chittilappilly Antony Sr. | 71 Rev. Fr. Karippery Varghese |
| 44 Rev. Fr. Chittilappilly Joffy | 72 Rev. Fr. Kattookaran Sijo |
| 45 Rev. Fr. Chittilappilly Johnson | 73 V. Rev. Fr. Kavalakkatt Franco |
| 46 Rev. Fr. Chittilappilly Joy, Jr. | 74 Rev. Fr. Keetticka Finosh |
| 47 Rev. Fr. Chittilappilly Lijo | 75 Rev. Fr. Kidangan Benny |
| 48 Rev. Fr. Chittilappilly Seby | 76 Rev. Fr. Kidangan Joy |
| 49 Rev. Fr. Chittilappilly Shiju | 77 Rev. Fr. Kizhakkoodan Godwin |
| 50 Rev. Fr. Choondal Albin | 78 Rev. Fr. Kochupurackal Kuriakose (Shaji) |
| 51 Rev. Fr. Choondal Livin | 79 Rev. Fr. Kolambrath Martin |
| 52 Rev. Fr. Chullikadan Joby | 80 Rev. Fr. Kollannoor Royson |
| 53 Rev. Fr. Chungath Midhun | 81 V. Rev. Msgr. Konikkara Jose, Jr. |
| 54 Rev. Fr. Edakkalathoor Varghese | 82 Rev. Fr. Koola Ditto |
| 55 Rev. Fr. Edakkalathur Jose | 83 V. Rev. Msgr. Koonamplakkal Jaison |
| 56 Rev. Fr. Edakulathur George | 84 Rev. Fr. Koothur Anish |
| 57 Rev. Fr. Edathiruthy Jojo | 85 Rev. Fr. Koothur Francis |
| 58 Rev. Fr. Eluvathingal Frederick | 86 Rev. Fr. Koreth Joyson |
| 59 Rev. Fr. Eluvathingal Rojo | |

| | |
|---|---|
| 87 Rev. Fr. Kulangara Printo | 113 Rev. Fr. Nayankara Prince |
| 88 Rev. Fr. Kundukulam Stishin | 114 Rev. Fr. Neelamkavil Anson |
| 89 Rev. Fr. Kundukulangara Jovy | 115 Rev. Fr. Neelankavil Hadly |
| 90 Rev. Fr. Kunnappilly Teds | 116 Rev. Fr. Olakkengil Debin |
| 91 Rev. Fr. Kurissery Ittiachan | 117 Rev. Fr. Olakkengil Lawrence |
| 92 Rev. Fr. Kuruthukulangara Livin | 118 Rev. Fr. Ollukkaran Anto |
| 93 Rev. Fr. Kuttikkatt Andrews | 119 Rev. Fr. Palathingal Varghese |
| 94 Rev. Fr. Kuzhikkattumyalil Sijohn | 120 V. Rev. Fr. Pallikunnath Francis |
| 95 Rev. Fr. Maliyammavu Paul | 121 V. Rev. Fr. Panakkal Joju |
| 96 Rev. Fr. Malokkaran Jikson | 122 Rev. Fr. Panengadan Clint |
| 97 Rev. Fr. Mandumpal Taison | 123 Rev. Fr. Panthallookkaran Devassy |
| 98 Rev. Fr. Mangattilayan Jomon | 124 Rev. Fr. Parayil Shinto |
| 99 Rev. Fr. Mapranathukaran Pradheep | 125 V. Rev. Fr. Parrokkaran Binu |
| 100 Rev. Fr. Maroky Dennis | 126 Rev. Fr. Pavartikaran John |
| 101 Rev. Fr. Maroky Sajan | 127 Rev. Fr. Peramangalath Paul |
| 102 Rev. Fr. Mechery Antony | 128 Rev. Fr. Perinchery Ajeesh |
| 103 Rev. Fr. Melit Palathingal Verghese | 129 Rev. Fr. Peruttil Sebastian |
| 104 Rev. Fr. Mookken Joy | 130 Rev. Fr. Pindiyan Paul |
| 105 Rev. Fr. Moolan John | 131 Rev. Fr. Pindiyan Sajan |
| 106 Rev. Fr. Mullakkara Tijo | 132 Rev. Fr. Ponparambil Bijoy |
| 107 Rev. Fr. Mundopuram Daison | 133 Rev. Fr. Ponthekken Sinto |
| 108 Rev. Fr. Muringathery Jijo | 134 Rev. Fr. Poovathingal Prince |
| 109 Rev. Fr. Muringathery Joseph | 135 Rev. Fr. Poozhikkunnel Justin |
| 110 Rev. Fr. Muringathery Naveen | 136 Rev. Fr. Porathur Sinto |
| 111 Rev. Fr. Muthipeedika Mejo | 137 Rev. Fr. Poruthur Joju |
| 112 Rev. Fr. Muttath Francis | 138 Rev. Fr. Pulikkottil Davis Sr. |
| | 139 V. Rev. Fr. Pulikottil Jaison |
| | 140 Rev. Fr. Pulikottil Jose |

141 Rev. Fr. Punnassery Jaison
142 Rev. Fr. Punnoliparambil Jos
143 Rev. Fr. Puthookkara Francis
144 Rev. Fr. Puthur John
145 Rev. Fr. Puthur Prakash
146 Rev. Fr. Puthur Sijo
147 Rev. Fr. Thacharattil Jacob
148 Rev. Fr. Thaikkattil Lawrance
149 V. Rev. Fr. Thalakkoden Dominic
150 Rev. Fr. Thalakkottoor Shanto
151 Rev. Fr. Thaliyath Nibin
152 Rev. Fr. Thanikkal Jomon
153 Rev. Fr. Thanikkal Manoj
154 V. Rev. Fr. Thanissery Raphael
155 V. Rev. Fr. Tharakan Varghese
156 Rev. Fr. Thathrathil Jos
157 Rev. Fr. Thattil Jense
158 Rev. Fr. Thattil Paulson
159 Rev. Fr. Thattil Soly
160 Rev. Fr. Thayyalakkal Flergin
161 Rev. Fr. Thekkanath Christo
162 V. Rev. Fr. Thekkanath Paul
163 Rev. Fr. Thekkekara Davis
164 Rev. Fr. Thekkekara Jose
165 Rev. Fr. Thekkumpuram Jaison
166 Rev. Fr. Thermadam Shajan
167 Rev. Fr. Thermadom George
168 Rev. Fr. Ukken Johnson
169 Rev. Fr. Ukken Varghese
170 Rev. Fr. Vadakkan Raphael
171 Rev. Fr. Vadakkan Sajan
172 Rev. Fr. Vadakkethala Prijov
173 Rev. Fr. Vadakkethala Thomas
174 Rev. Fr. Vadakoot Thomas
175 Rev. Fr. Valluppara Jeejo
176 Rev. Fr. Vattakuzhy Jose
177 Rev. Fr. Vazhaparambil Clement
175 Rev. Fr. Vazhappilly Frajo
179 Rev. Fr. Vazhappilly Jibi
180 Rev. Fr. Vazhappilly Tony
181 Rev. Fr. Veliyan Sebi
182 Rev. Fr. Velookaran Thomas
183 Rev. Fr. Vennattuparambil Joshy
184 Rev. Fr. Vettath Sebastian
185 Rev. Fr. Vithayathil Rijo

**5. പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ:**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2025 ഡിസംബർ 6-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2024 ജൂൺ 1 മുതൽ 2025 ജൂൺ 1 വരെയുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ/ സ്ഥാപനങ്ങളെ ഈ സമ്മേളന

ത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. (തൃശ്ശൂർ അതിരൂപതാംഗ ങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപ തയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാര ങ്ങൾക്ക് പരിഗണിക്കുന്നതല്ല).

- താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽ/ വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നി വയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ 15-10-2025 നു മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച് ബിഷപ്സ് ഹൗസ്, തൃശ്ശൂർ - 680 005 എന്ന അഡ്രസ്സിൽ ലഭിക്കേ ണ്ടതാണ്.
- അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്. മേൽവിലാസവും ഫോൺ നമ്പറും ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.
- ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗ ത്തിൽ അറിയിക്കാൻ ബഹു. വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.
- സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ നവംബർ 15 നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichurarchdiocese.org).

<u>1. വിദ്യാഭ്യാസരംഗം</u>

2024-25 അധ്യയനവർഷത്തിൽ

1.1 ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/PDF പൂർത്തിയാക്കിയവർ

1.2 ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളി ടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

1.3 സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടു ള്ളവർ.

1.4 കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷ ണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ

അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

2. കായികം

2.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ - ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

2.2 സർവ്വകലാശാല കായികമത്സരങ്ങളിൽ

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

3. കലാസാഹിത്യ രംഗം

3.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ - ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

3.2 സർവ്വകലാശാല യുവജനോത്സവങ്ങളിൽ

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

4. മറ്റു രംഗങ്ങൾ

4.1 സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

4.2 മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

4.3 അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും

വിവരവും നല്കേണ്ടതാണ്).

NB:

1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.
2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.
3. വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്നവർക്കുള്ള സർവ്വീസ് അവാർഡുകൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്ന് നൽകുന്നതിനാൽ അവർ അപേക്ഷിക്കേണ്ടതില്ല.
4. അവാർഡിന് പരിഗണിക്കുന്ന സർട്ടിഫിക്കറ്റുകൾ വിലയിരുത്തി സമ്മാനാർഹരെ നിശ്ചയിക്കുന്നത് അതിരൂപത കാര്യാലയത്തിന്റെ തീരുമാനപ്രകാരമാണ്.

**6. വൈദികനിയമനം:**

1. ഫാ. ഡിന്റോ വല്ലച്ചിറക്കാരൻ- പഠനാവധി; സഹവികാരി പുതുക്കാട് ഒഴിവായി; സാധുത 2025 ആഗസ്റ്റ് 1 മുതൽ.
2. ഡീ. അഖിൽ സണ്ണി - ഡീക്കൻ മിനിസ്ട്രി പുത്തൂർ; സാധുത 2025 ആഗസ്റ്റ് 15 മുതൽ.

## DECREE OF PROHIBITION

Rev. Fr. Varghese Kakkassery CMI is prohibited to perform pastoral and priestly functions for the public in the Archeparchy of Trichur by the Order (Order No. 2163/2025 dated 18.09.2025) of the Archbishop of Trichur. (Exception to this is for the celebrations within the Elthuruth CMI Monastery exclusively for the inmates of the monastery without the participation of the public faithful).

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# ENGAGEMENTS

**OCTOBER 2025**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 01 | Wed | | Priests’ Annual Retreat (Batch III) |
| 02 | Thu | | Priests’ Annual Retreat (Batch III) |
| | | Afternoon | Basilica Forane Catholic Congress Meet & Award Day @ Dolours Basilica |
| 03 | Fri | Morning | Holymass for Late Mar Jacob Thoomkuzhy @ Lourdes cathedral |
| | | Afternoon | Higher Education Council Meeting @ DBCLC |
| 04 | Sat | Morning | Holy Mass @ Calvary Ashram |
| | | Afternoon | Health Care Missionary Award Day 2025 @ JMMCH |
| 05 | | Afternoon | Basilica Centenary Holy Mass & Public Meeting @ Dolours Basilica |
| 09-30 | | | Out of Station |
| 31 | | Morning | Reception to His Eminence Michael Cardinal Czerny, President, Dicastery for Integral Human Development, Vatican @ Snehashramam, Vettukad. |

ENGAGEMENTS

OCTOBER 2025

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01 | Wed | | Annual Retreat |
| 02 | Thu | | Annual Retreat |
| 03 | Fri | Morning | Holymass for Late Mar Jacob Thoomkuzhy @ Lourdes cathedral |
| | | Evening | Higher Education Council IDP |
| 04 | Sat | Morning | Baptism of Fourth Child Baptism at Ollur Marymatha |
| | | Evening | Event @ JMMC Sashi Tharoor |
| 05 | Sun | | Pastoral Visit: Kundannur Parish |
| 07 | Tue | Morning | Talk @ Chuvannamannu, Jacobite Priests |
| | | Evening | Final profession, @ Lourde Natha, TCR |
| 10-11 | | | LRC Seminar |
| 12 | Sun | Morning | Holy Mass @ Thalore |
| | | Evening | Trinitarian Theology class @ DBCLC<br>Mannuthy: Parish Day |
| 13 | Mon | Morning | Requiem Mass - Palakkal |
| 14 | Tue | Morning | STC governing body meeting @ STC |
| 16 | Thu | Evening | STC Trust meeting |
| 17 | Fri | Morning | Holymass @ Spiritual Animation Centre<br>Class @ MMMS |
| 18-29 | | | Gorakhpur Retreat |
| 31 | Fri | Evening | Chrisform Inauguration at DBCLC |



# നാളാഗമം

## ആഗസ്റ്റ് 2025

1. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ഡി. ബി. സി. എൽ. സി. യിൽ വച്ച് നടന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഡയറക്ടർമാരുമായുള്ള മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ ബലിയർപ്പിച്ചു. വൈകുന്നേരം ക്രിസ് ഫോമിന്റെ പരിപാടി ഡി.ബി.സി.എൽ.സി.യിൽ ഉദ്ഘാടനം ചെയ്തു.
2. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഫാമിലി അപ്പോസ്തലേറ്റിൽ വെച്ച് നടന്ന ടീച്ചേഴ്സ്ഗിൽഡിന്റെ അവാർഡ് ദിനത്തിൽ പങ്കെടുത്തു. കാത്തലിക് സെന്ററിൽ നടന്ന സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന മൊബൈൽ ട്രെയിനിങ് ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് സംഘടനാ ഏകോപന സമിതി മീറ്റിങ്ങിൽ പങ്കെടുത്തു. അതിരൂപത സമുദായ ജാഗ്രത സദസ്സിന്റെ കോ-ഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ്

രാവിലെ പീസ് ഹോമിൽ ബലിയർപ്പിച്ചു. വൈകുന്നേരം വെള്ള ക്കാരിത്തടം ഇടവകയുടെ അജപാലന സന്ദർശനവുമായി ബന്ധപ്പെട്ട് സംഗമങ്ങളെ കണ്ടു.

3. അഭിവന്ദ്യ മാർ ആൻഡ്രൂസ്താഴത്ത് പിതാവ് രാവിലെ പുത്തൂർ ഫൊറോന ദൈവാലയത്തിൽ വച്ച് ആരംഭം കുറിച്ച വിയാനി പ ദയാത്ര ഫ്ളാഗ് ഓഫ് ചെയ്തു. വൈകിട്ട് പള്ളിക്കുന്ന് ഇടവക യിൽ നടന്ന 150-ാം ജൂബിലി സമാപന മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വീണ്ടശ്ശേരി ദൈവലായത്തിൽ ബലിയർപ്പിച്ചു. തുടർന്ന് വിയാ നി പദയാത്രയിൽ പങ്കെടുത്തു, ഉച്ചകഴിഞ്ഞ് ഡി ബി സി എൽ സി യിൽ ക്ലാസ് എടുത്തു. വൈകീട്ട് എരുമപ്പെട്ടി ഫൊറോന യുടെ നേതൃത്വത്തിലുള്ള സമുദായ ജാഗ്രത സദസ്സിൽ പങ്കെടു ത്തു. ആറംപിള്ളി ഇടവകയുടെ യൂത്ത് മീറ്റിൽ പങ്കെടുത്തു. നെ ല്ലിക്കുന്ന് ഇടവകയിലെ എ കെ സി സി ഫാമിലി മീറ്റിൽ പങ്കെടുത്തു.

4. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ മൈനർ സെമിനാരിയിൽ വച്ച് നടന്ന വിയാനി ഡേ ആഘോഷങ്ങളിൽ പങ്കെടുക്കുകയും അതിരൂപതയിലെ ജൂബിലി ആഘോഷിക്കുന്ന വൈദികരോടൊപ്പം ദിവ്യബലി അർപ്പിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് മൈനർ സെമിനാരിയിൽ വച്ച് നടന്ന വൈദികരുടെ മീറ്റിംഗിൽ പങ്കെടു ത്തു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ പിതാക്കന്മാർ ചേറൂരിൽ വച്ച് പുതിയതായി നിർമ്മിക്കുന്ന വൈദിക ഭവനത്തിന്റെ തറക്കല്ലിടൽ നടത്തി. തുടർന്ന് ചേറൂർ വിയാനി ഭവന വച്ച് നടന്ന ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു.

5-8. അഭിവന്ദ്യ പിതാക്കന്മാർ കെ. സി. ബി. സി. ധ്യാനത്തിലും മീറ്റി ങ്ങിലും പങ്കെടുത്തു.

9. അഭിവന്ദ്യ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ബാംഗ്ലൂ രിൽ വച്ച് നടന്ന മാർച്ച് ഫോർ ലൈഫ് പരിപാടി ഉദ്ഘാടനം ചെയ്തു.

10. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വൈകീട്ട് എന്റർപ്രെ നേഴ്സ് ഫോറം മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് ഒളരിക്കര ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ചോറ്റുപാറ ഇടവകയിൽ ബലിയർപ്പിച്ചു കൊടിമരം വെഞ്ചിരിച്ചു. യുവജനങ്ങളായ വിശ്വാസ പരിശീല കരുടെ സംഗമത്തിൽ ഡി.ബി. സി. എൽ സി യിൽ പങ്കെടുത്തു. തുടർന്ന് സെന്റ് തോമസ് കോളേജിൽ വെച്ച് സെമിനാർ ഉദ്ഘാ

ടനം ചെയ്തു. വൈകിട്ട് പറപ്പൂർ ഇടവകയിൽ നടത്തപ്പെട്ട യുവജന സംഗമത്തിൽ പങ്കെടുത്തു.

11. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ജ്യോതി എൻജിനീയറിങ് കോളേജിലെ പുതിയ അക്കാഡമിക് ബ്ലോക്ക് ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് ബഹുമാനപ്പെട്ട ജോയ് മൂക്കൻ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. വൈകിട്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ ബലിയർപ്പിച്ചു. തുടർന്ന് ഒളരിക്കര ദൈവാലയത്തിൽ ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ബഹുമാനപ്പെട്ട ജോയ് മൂക്കൻ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. വൈകുന്നേരം സെന്റ് തോമസ് കോളേജിന്റെ മാനേജ്മെന്റ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

12. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് പള്ളിക്കുന്ന് ഇടവകയിൽ വെച്ച് നാലാമത്തെ കുട്ടിയുടെ മാമോദീസക്ക് കാർമികത്വം വഹിച്ചു. തുടർന്ന് മദ്യവിരുദ്ധസമിതി, പ്രോമോട്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മീഡിയ കത്തോലിക്ക മീറ്റിംഗിൽ പങ്കെടുത്തു.

13. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ മേരിമാതാ സെമിനാരിയിൽ വച്ച് പറോക്കിന്റെ പത്താം വർഷ ജൂബിലിയോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ പുതിയതായി നിർമ്മിച്ച സോളാർ പ്രോജക്ടിന്റെ ഉദ്ഘാടനം നിർവഹിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് മേരിമാതാ സെമിനാരിയിൽ ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് സ്ലം സർവീസിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

14. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ അമലനഗറിൽ ഫാ. ജോയ് കൊടിയൻ സി. എം. ഐ. യുടെ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് കൂട്ടാലയിൽ നിർമ്മലദാസി സിസ്റ്റേഴ്സ് നിർമ്മിച്ച് നൽകിയ ഭവനത്തിന്റെ വെഞ്ചിരിപ്പ് നിർവഹിക്കുകയും അതിനുശേഷം നൊവിഷ്യേറ്റ് ഹൗസിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് മോൺ. വിളങ്ങാടനച്ചന്റെ നൂറാമത്തെ ജന്മദിനാഘോഷ മീറ്റിംഗ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അഭിവന്ദ്യ ടോണി നിലങ്കാവിൽ പിതാവ് വേലുപ്പാടം

പള്ളിയിൽ വിശുദ്ധ ബലിയർപ്പിച്ചു. കൂട് തുറക്കൽ ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് കൺസൾട്ടേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിന്റെ സ്റ്റാഫ് കൗൺസിലിൽ പങ്കെടുത്തു. വൈകുന്നേരം ഡി.ബി.സി.എൽ. സി.യുടെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

15. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ലൂർദ് കത്തീഡ്രൽ വി. കുർബാനയർപ്പിക്കുകയും പുതുക്കി പണിത പള്ളി സ്കൂളിന്റെ വെഞ്ചിരിപ്പ് നിർവഹിക്കുകയും ചെയ്തു. മുണ്ടൂർ എഫ്.സി.സി. കോൺവെന്റിൽ വച്ച് സി. ലിബർത്തായുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യപിതാക്കന്മാർ ഉച്ചകഴിഞ്ഞ് ഡി.ബി.സി.എൽ.സി. യിൽ വച്ച് നടന്ന കാറ്റക്കിസം മെറിറ്റ് ഡേയിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ചേലക്കര പരക്കാട് ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് അതിരൂപത മെറിറ്റ് ഡേ പരിപാടിയിൽ പങ്കെടുത്തു. തുടർന്ന് മണലൂർ വെസ്റ്റ് ദൈവാലയത്തിലെ വൈദിക മന്ദിരം വെഞ്ചിരിച്ചു.

16. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ സെന്റ് തോമസ് കോളേജിൽ നടന്ന ടീച്ചേഴ്സ് ഗിൽഡിന്റെ സമര പ്രഖ്യാപന മീറ്റിങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ പുത്തൂർ ദൈവാലയത്തിൽ വച്ച് നടന്ന എസ്. ഡി. വി. സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് വേലൂപ്പാടം പള്ളിയിൽ വച്ച് നാലാമത്തെ കുട്ടിയുടെ മാമോദിസ നടത്തി.

17. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ പടവരാട് ഇടവകയിൽ വച്ച് ഇടവക സ്ഥാപനത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷങ്ങൾക്ക് ആരംഭം കുറിച്ചു. ഒല്ലൂർ എവുപ്രാസ്യ തീർത്ഥ കേന്ദ്രത്തിൽ പതാക സ്വീകരിക്കുകയും വിശുദ്ധ കുർബാന അർ പ്പിക്കുകയും ചെയ്തു. ഉച്ചയ്ക്ക് ഫാമിലി അപ്പസ്തോലേറ്റിൽ നടന്ന പോസ്റ്റ് കാനാ സംഗമത്തിൽ പങ്കെടുത്തു. സെന്റ് തോമസ് കോളേജിൽ വച്ച് നടന്ന അതിരൂപതാ ഗായക സംഘ ങ്ങളുടെ സെമിനാർ ഉദ്ഘാടനം ചെയ്തു. ഫാമിലി അപ്പസ്തോ ലേറ്റിൽ നടന്ന പിതൃസംഗമം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ പിതാക്കന്മാർ വൈകിട്ട് ഡി.ബി.സി.എൽ.സി.യിൽ നടന്ന ഇൻ സ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയിൽ നിന്നും പഠനം പൂർത്തിയാ ക്കുന്നവരുടെ സോഷ്യൽ പരിപാടിയിൽ പങ്കെടുത്തു. അഭി

വന്ദ്യ ടോണി നീലങ്കാവിൽ പിതാവ് വെള്ളക്കാരിത്തടം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

18–29. അഭിവന്ദ്യ പിതാക്കന്മാർ സീറോ മലബാർ സിനഡിൽ പങ്കെടുത്തു.


24. അഭിവന്ദ്യ പിതാക്കന്മാർ ഉച്ചകഴിഞ്ഞ് ലൂർദ്ദ് കത്തീഡ്രൽ ഹാളിൽ നടന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. വൈകിട്ട് ഫാമിലി അപ്പസ്തോലേറ്റിൽ നടന്ന ലോഫിന്റെ പ്രാർത്ഥന സംഗമത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് പറപ്പൂർ അന്നക്കര ദൈവാലയത്തിൽ ബലിയർപ്പിച്ചു. തുടർന്ന് വി. എവുപ്രാസ്യ തീർത്ഥകേന്ദ്രത്തിൽ ബലിയർപ്പിച്ചു.

30. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് മുക്കാട്ടുകര ദൈവാലയത്തിൽ വച്ച് നാലാമത്തെ കുട്ടിയുടെ മാമോദിസ നടത്തി. ഉച്ചകഴിഞ്ഞ് അതിരൂപത മാധ്യമ ദിനം പരിപാടിയിൽ പങ്കെടുത്തു.

31. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് കോയമ്പത്തൂർ, മേട്ടുപ്പാളയം ദൈവാലയത്തിൽ ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് പെരിങ്ങോട്ടുകര ഇടവക ദിനത്തിൽ പങ്കെടുത്തു. ബഹു. ജോൺ മൂലനച്ചന്റെ ജൂബിലിയിൽ പങ്കെടുത്തു.

**മറിയം പറഞ്ഞു :**
**എന്റെ ആത്മാവ്**
**കർത്താവിനെ**
**മഹത്വപ്പെടുത്തുന്നു.**
**(ലൂക്കാ 1 : 46)**

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ




ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചനോടുള്ള ബഹുമാനാർത്ഥം സെപ്റ്റംബർ മാസത്തിലെ രണ്ടാം ശനിയാഴ്ചാചരണം ഏറ്റെടുത്ത് നടത്തിയത് പെരിഞ്ഞനത്തുള്ള അതിയുന്തൻ വറീത് ജോസ് & ഫാമിലിയാണ്. നിർമ്മലപുരം വികാരി ബഹു. റാഫേൽ മുത്തുപീടിക അച്ചനാണ് തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചത്. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ നിന്നുള്ള ചാരിറ്റി സിസ്റ്റേഴ്സാണ് ജപമാലയ്ക്കും ആരാധനയ്ക്കും നേതൃത്വം നല്കിയത്. നിർമ്മലപുരം സെന്റ് ജോസഫ് ഇടവകയിൽനിന്നുള്ള ധാരാളം വിശ്വാസികൾ ആദ്യന്തം ചടങ്ങുകളിൽ പങ്കെടുത്തു. ബഹു. റാഫേലച്ചന്റെ സന്ദേശത്തിൽ നിന്നും: വി. ക്രിസോസ്റ്റോമിന്റെ ഈ തിരുനാൾ ദിനത്തിൽ വിശുദ്ധ പദവിയിലേക്ക് നടന്നുകൊണ്ടിരിക്കുന്ന ധന്യനായ ഊക്കനച്ചന്റെ വലിയൊരു പ്രത്യേകത അദ്ദേഹം വിശുദ്ധമായൊരു ജീവിതം നയിച്ചു എന്നതാണ്.

ഒരു ക്രിസ്ത്യാനിക്ക് ലക്ഷ്യബോധം നൽകുന്നത് വിശുദ്ധനായിതീരണം എന്ന ആഗ്രഹമാണ്. അതിനാൽ താൻ ചെയ്യുന്ന പ്രവൃത്തി തന്നെ ദൈവത്തിലേക്കും, വിശുദ്ധിയിലേക്കും സ്വർഗ്ഗത്തിലേക്കും അടുപ്പിക്കുമെന്നാണദ്ദേഹം കരുതിയിരുന്നത്. അദ്ദേഹത്തിന്റെ ആത്യന്തികമായ ഇഷ്ടവും ആഗ്രഹവും സ്വർഗ്ഗം പ്രാപിക്കുകയെന്നതാണ്. പരമപിതാവും യേശുവും സുവിശേഷവും നിർദ്ദേശിക്കുന്ന കാര്യങ്ങൾ ചെയ്താൽ സ്വർഗ്ഗം പ്രാപിക്കാമെന്ന് മനസ്സിലാക്കിയ ഊക്കനച്ചൻ പുണ്യത്തിന്റെ പാതയിലെന്നും സഞ്ചരിച്ചു. സ്വർഗ്ഗത്തിലെത്തുവാനും വിശുദ്ധനാകുവാനുംവേണ്ടിയണ് ഭൂമിയിൽ അദ്ദേഹം ജീവിച്ചത്. കുരിശിന്റെ അകക്കണ്ണിലാണ് ഒരാളുടെ വിശുദ്ധി തെളിയുന്നത്. അച്ചടക്കമുള്ള ചട്ടക്കൂടാണത്. കുരിശുകളും പ്രയാസങ്ങളും സംയമനത്തോടെ സ്വീകരിച്ച ഊക്കനച്ചൻ സ്വർഗ്ഗം കിട്ടുമെന്നുള്ള ഉറപ്പോടെ അവ സഹിക്കുകയും ചെയ്തു. അതിനാലൊക്കെയാണ് സഭ അദ്ദേഹത്തെ ധന്യൻ എന്ന് നാമകരണം ചെയ്തിരിക്കുന്നത്. അദ്ദേഹം അവഹേളനങ്ങളിലും അപമാനങ്ങളിലും ഒറ്റപ്പെടുത്തലുകളിലും കുരിശുകളിലുമെല്ലാം അക്ഷോഭ്യനായിനിന്നു: തന്റെ നാഥനെപ്പോലെ; കുരിശിന്റെ പരുപരുത്ത വഴികളിലൂടെ പ്രാർത്ഥനയോടെ നടന്നു: ക്രിസ്തുവിനെപോലെ; കുരിശുകളെ വിലക്കാതെ ഏറ്റെടുത്ത് ജീവിച്ചു: ക്രിസ്തുശിഷ്യനായി. സ്വർഗ്ഗത്തിലേക്ക് സഞ്ചരിക്കുന്നവരുടെ ജീവിതപാതതന്നെയാണ് കുരിശ്. നമ്മുടെയും ജീവിതശൈലിയാകണമത്. ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജീവിതത്തിൽ ഈ ക്രൂശിതസ്നേഹം വരുത്തിയ മാറ്റങ്ങൾ നമുക്കും മാതൃകയാകട്ടെ. നാം ചെയ്യുന്ന പ്രവർത്തികളിലൂടെ കുരിശ് അതിന്റെ വിജയം ആഘോഷിക്കട്ടെ! ഇടവക വികാരി ബഹു. തോമസ് ചൂണ്ടൽ അച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു.

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 69-ാം ശ്രാദ്ധാചാരണം ഒക്ടോബർ 13-നാണ്. അന്ന് ചൊവ്വന്നൂർ സെന്റ് തോമസ് ദൈവാലയത്തിൽ നടക്കുന്ന തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് അനുഗ്രഹീതരായിത്തീരുവാൻ ഏവരേയും ക്ഷണിക്കുന്നു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



ഒക്ടോബർ മാസത്തിലേക്ക് കടക്കുമ്പോൾ പരിശുദ്ധ അമ്മയെ മാതൃകയാക്കി അന്തോണിയച്ചൻ നൽകുന്ന ഒരു സന്ദേശം ശ്രവിക്കാം. ലോകരക്ഷകനുവേണ്ടി, നന്മയുടെ നിറവിന് വേണ്ടി പരിശുദ്ധ അമ്മ ആഗ്രഹിച്ചത് അമ്മയുടെ വിശുദ്ധിയുടെ കാരണമായി അന്തോണിയച്ചൻ എടുത്തു പറയുന്നു.

'സ്തോത്രഗീതത്തിൽ നമ്മുടെ അമ്മ പറയുന്നു, ആഗ്രഹിക്കുന്നവരെ നന്മയാൽ നിറയ്ക്കുന്നവനാണ് ദൈവം എന്ന്. അതേ, ഈ അമ്മ എല്ലാവരെക്കാളും അധികമായി ലോകരക്ഷകനെ ആഗ്രഹിച്ചു. പാപം ഇല്ലാതിരുന്നതിനാൽ അവൾ നന്മയാൽ നിറയപ്പെട്ടു. അതായത് നന്മ തന്നെയാകുന്ന ദൈവത്താൽ നിറയപ്പെട്ടു. സാവൂളും ദാവീദും രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. എന്നാൽ സാവൂളിന്റെയും അവന്റെ

സന്തതികളുടെയും പക്കൽനിന്ന് കിരീടം എടുക്കപ്പെട്ടു. എന്തു കൊണ്ട്? സാവൂൾ ദൈവത്തെ ശുശ്രൂഷിക്കാൻ ആഗ്രഹിച്ചില്ല. നശിപ്പി ക്കാൻ പറഞ്ഞ കാളകളെയും മറ്റും കൊല്ലാതെ നിർത്തി, 'ദൈവ ത്തിന് ബലിക്ക്' എന്ന കള്ളന്യായം പറഞ്ഞുകൊണ്ട്. തനിക്ക് വേണ്ടി മാത്രം ആയിരുന്നു അത്. ദൈവത്തിന് ആലയം പണിയണ മെന്ന് സാവൂൾ ആഗ്രഹിച്ചില്ല. എന്നാൽ ദാവീദ് അത് ആഗ്രഹിച്ചു. ഈ ആഗ്രഹത്തിലാണ് വ്യത്യാസം വന്നത്. അതുകൊണ്ട് (നന്മ യാൽ നിറയുവാൻ) നമുക്ക് ആഗ്രഹമുള്ളവർ ആകാം.

പുണ്യാഭിവൃദ്ധിയിൽ വളരാൻ അനുരഞ്ജനം ആവശ്യമാണെ ന്നുകൂടി അച്ചൻ വ്യക്തമാക്കുന്നു. മറ്റുള്ളവരോട് രമ്യപ്പെടാനുള്ള അച്ചന്റെ ആഹ്വാനം ഏറെ ഹൃദയസ്പർശിയാണ്.

'നാം അഗാധമായി ആലോചിച്ചിരുന്നെങ്കിൽ സഹോദര സ്നേഹ ത്തിന്റെ മഹാതത്വം, ന്യായം മനസ്സിലാക്കും. മിശിഹാ ശരീരവും നാം മിശിഹായിൽ ഏക ശരീരവും ആകുന്നു. പിന്നെ എങ്ങനെ നമുക്ക് എല്ലാ മനുഷ്യരോടും അനുകമ്പ ഇല്ലാതിരിക്കാൻ കഴിയും? നമ്മുടെ ദേഹത്തിൽ ഒരു ചെറിയ ഭാഗം മാത്രം അസുഖം ഉള്ളതാ യാൽ നാം മുഴുവനും വ്യസനിക്കുന്നു. ഉറക്കം ഒഴിയുന്നു. ശരീരത്തി ലെ ഒരു സന്ധി തെറ്റിയെന്ന് വിചാരിക്കുക. അത് അങ്ങനെ കിടക്ക ട്ടെ എന്ന് ആരെങ്കിലും വിചാരിക്കുമോ? കൂട്ടിവെച്ച് കെട്ടി ഒന്നിപ്പി ക്കുകയില്ലയോ'?

നമ്മുടെ ശത്രുവിനെ ഇപ്പോഴല്ലേ സ്നേഹിക്കാൻ തരമുള്ളൂ? 'അവൻ മരിച്ചിട്ട്, വേണമെന്ന് തോന്നിയാലും, ഒന്നുയർപ്പിച്ചിട്ട് സ്നേ ഹിക്കുവാൻ കഴിയുമോ? ചുറ്റുമുള്ളവരേക്കാൾ വലിയവരാണെന്ന് ചിന്തിച്ച് എന്തിന് നാം അവരെ ചവിട്ടുന്നു? അത് മരണത്തോളമല്ലേ ഉള്ളൂ? എത്ര നാളത്തേക്ക്... എല്ലാവരും ഒന്നു തന്നെ. ഒരു വിരൽ മറ്റു വിരലുകളെക്കാൾ വലുതായതുകൊണ്ട് മറ്റുള്ളവയെ നിഗ്രഹിക്ക ണമോ? സ്വഭാവത്തിൽ എല്ലാം ഒന്നുതന്നെയല്ലേ'?

അഹങ്കാരവും പ്രതികാരവും മാറ്റിവെച്ച് മറ്റുള്ളവരോട് ഇടപെ ടുന്നവരാണ് പുണ്യത്തിൽ വളരുന്നത് എന്ന അച്ചന്റെ ചിന്തകൾ നമുക്ക് മനസ്സിൽ സൂക്ഷിക്കാം.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




| | |
|---|---|
| ഫാ. ജോഫിൻ അക്കരപ്പട്ട്യേക്കൽ | 01 |
| ഫാ. വിൻസെന്റ് ചെറുവത്തൂർ | 01 |
| ഫാ. ഡെബിൻ ഒലക്കേങ്കിൽ | 02 |
| ഫാ. ജെൻസ് തട്ടിൽ | 02 |
| ഫാ. ഷിന്റോ മാറോക്കി | 03 |
| ഫാ. ജിക്സൻ താഴത്ത് | 03 |
| ഫാ. ജോഷി ആളൂർ | 04 |
| ഫാ. ആന്റോ ചിറയത്ത് | 05 |
| ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ | 06 |
| ഫാ. ഷിജോ ചിരിയങ്കണ്ടത്ത് | 08 |
| ഫാ. ഫ്രാൻസിസ് ആലപ്പാട്ട് | 10 |
| ഫാ. ജോൺസൻ അരിമ്പൂർ | 10 |
| ഫാ. റാഫേൽ പുല്ലോക്കാരൻ | 12 |
| ഫാ. സഞ്ജയ് തൈക്കാട്ടിൽ | 12 |
| ഫാ. ജോൺസൻ ഐനിക്കൽ | 13 |
| ഫാ. ജോയ് കിടങ്ങൻ | 13 |
| ഫാ. അക്കരപറമ്പിൽ ലിൻസൺ | 16 |
| ഫാ. ജോസ് ചാലക്കൽ | 17 |
| ഫാ. ഡഗ്ലസ് പീറ്റർ ചെറുവത്തൂർ | 17 |
| ഫാ. ജിയോ ചിരിയങ്കണ്ടത്ത് | 18 |
| മോൺ. ജോർജ്ജ് മാനാടൻ | 18 |
| ഫാ. ക്രിസ്റ്റോ മഞ്ഞളി | 18 |
| ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ | 18 |
| ഫാ. ജിയോ ആലപ്പാട്ട് | 19 |
| ഫാ. ജോസ് അറങ്ങാശ്ശേരി | 19 |
| ഫാ. സിജോ പുത്തൂർ | 19 |
| ഫാ. ജിജോ പിടിയത്ത് | 20 |
| ഫാ. മിഥുൻ ചുങ്കത്ത് | 22 |
| ഫാ. ഡിറ്റോ കൂള | 23 |
| ഫാ. ജാക്സൺ തെക്കേക്കര | 23 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 24 |
| ഫാ. ജോൺ പാവറട്ടിക്കാരൻ | 24 |
| ഫാ. ലാസർ താണിക്കൽ | 24 |
| ഫാ. ജിബി വാഴപ്പിള്ളി | 24 |
| ഫാ. സിംസൺ ചിറമ്മൽ | 25 |
| ഫാ. ട്രെജിൻ തട്ടിൽ വെള്ളാനി | 25 |
| ഫാ. ക്രിസ്റ്റോ തേക്കാനത്ത് | 25 |
| ഫാ. ജോജു പൊറുത്തൂർ | 26 |
| ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 28 |




| | |
|---|---|
| ഫാ. ഫ്രാൻസിസ് ആളൂർ | 04 |
| ഫാ. ചെറുതാണിക്കൽ ഫ്രാങ്കോ ഫോണിസ് | 04 |
| ഫാ. ലിജോ ജോസ് ചിരിയങ്കത്ത് | 04 |
| ഫാ. ഫ്രാൻസിസ് എടക്കളത്തൂർ | 04 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 04 |
| ഫാ. അൽജോ കരേക്കാട്ടിൽ | 04 |
| ഫാ. സ്റ്റിഷിൻ കുണ്ടുകുളം | 04 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 04 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 04 |
| ഫാ. ജിബിൻ താഴേക്കാടൻ | 04 |
| ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി Sr. | 04 |
| ഫാ. അജീഷ് പെരിഞ്ചേരി | 09 |
| ഫാ. ജെയ്സൻ തെക്കുംപുറം | 09 |
| ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 22 |
| ഫാ. ജോൺ പോൾ തൈക്കാടൻ | 22 |
| ഫാ. അജിത്ത് കൊള്ളന്നൂർ | 28 |

## ചരമദിനങ്ങൾ
## DEATH DAY

| | |
|---|---|
| ഫാ. കടവി ജേക്കബ് | 27.10.1828 |
| ഫാ. അറക്കൽ ഗീവർഗ്ഗീസ് | 13.10.1895 |
| ഫാ. അക്കര പയസ് | 31.10.1948 |
| ഫാ. മാളിയേക്കൽ തോമസ് Jr. | 18.10.1950 |
| ഫാ. ഊക്കൻ ജോൺ | 13.10.1956 |
| ഫാ. ഇരിമ്പൻ തോമസ് | 28.10.1957 |
| ഫാ. ചെറുനിലം മാത്യു | 13.10.1965 |
| ഫാ. വാലിക്കോടത്ത് ജോർജ്ജ് | 17.10.1968 |
| ഫാ. ആട്ടോക്കാരൻ ജോസഫ് | 29.10.1970 |
| ഫാ. പൊറത്തൂർ ജോൺ | 17.10.1972 |
| ഫാ. കാളച്ചേരി തോമസ് | 05.10.1977 |
| ഫാ. മണ്ടുംപാല പീറ്റർ | 09.10.1987 |
| ഫാ. ചെറുവത്തൂർ ജോൺ | 11.10.1990 |
| ഫാ. കാഞ്ഞിരത്തിങ്കിൽ ഡേവിസ് | 04.10.1991 |
| ഫാ. പല്ലിശ്ശേരി പോൾ | 02.10.1997 |
| ഫാ. ചൊവ്വല്ലൂർ ജേക്കബ് | 24.10.1999 |
| ഫാ. പാലത്തിങ്കൽ തോമസ് | 26.10.2004 |
| ഫാ. തെക്കിനിയത്ത് ജോസഫ് | 19.10.2008 |
| മോൺ. വിളങ്ങാടൻ ജോസഫ് | 09.10.2011 |
| ഫാ. ചീരൻ സിജോ | 13.10.2014 |
| ഫാ. ജോസ് ആലപ്പാട്ട് | 29.10.2015 |
| ഫാ. കണ്ണാത്ത് ജോർജ്ജ് | 11.10.2016 |
| ഫാ. ചാലക്കൽ തോബിയാസ് | 28.10.2020 |

# ആദരാഞ്ജലികൾ



## ഫാ. ആന്റണി കൊള്ളന്നൂർ (69)

ഏവരേയും കരുതലോടെ സ്നേഹിക്കുന്ന പ്രിയങ്കരനായ അജപാലകൻ, കല്യാൺ രൂപതയെയും സഭയെയും പടുത്തുയർത്തുന്നതിൽ സ്തുത്യർഹമായ പങ്കുവഹിച്ച ക്രാന്തദർശി, സ്വയം മറന്ന് അനേകരെ കൈപിടിച്ചുയർത്തുവാൻ അക്ഷീണം യത്നിച്ച ഇടയൻ എന്നിങ്ങനെ ശുശ്രൂഷാമേഖലയിൽ പ്രശോഭിച്ച തൃശ്ശൂർ അതിരൂപതയിലെ വൈദികനായ ബഹു. ആന്റണി കൊള്ളന്നൂർ അച്ചൻ 2025 സെപ്തംബർ 05-ാം തീയതി വെള്ളിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 ന് അറുപത്തിയൊമ്പതാമത്തെ വയസ്സിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സീറോ മലബാർ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയ മുൻചാൻസലറായ ബഹു. ആന്റണി അച്ചൻ തൃശ്ശൂർ അതിരൂപതയിലെ മനക്കൊടി സാവിയോ

ഹോമിന്റെ ഡയറക്ടറായി സേവനമനുഷ്ഠിച്ച് വരികയായിരുന്നു.

ആറ്റുപുറം ഇടവകയിലെ കൊള്ളന്നൂർ തോമസ്-റോസ ദമ്പതികളുടെ മകനായി 21.01.1956-ൽ അദ്ദേഹം ജനിച്ചു. 27.12.1982-ൽ മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. വടക്കാഞ്ചേരി, കൊട്ടേക്കാട് എന്നീ ഇടവകകളിൽ സഹവികാരിയായി പൗരോഹിത്യശുശ്രൂഷ ആരംഭിച്ച അദ്ദേഹം വാടാനപ്പിള്ളി, ഏങ്ങണ്ടിയൂർ എന്നിവിടങ്ങളിൽ വികാരിയായും സേവനം ചെയ്തു.

1989 മുതൽ 2019 വരെ കല്യാൺ രൂപതാംഗമായി ബഹു. ആന്റണി കൊള്ളന്നൂർ അച്ചൻ ശുശ്രൂഷ ചെയ്തു. കല്യാൺ രൂപതയിൽ കലീന, കുർള, പവായി എന്നിവടങ്ങളിൽ വികാരിയായും അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ സെക്രട്ടറി, രൂപത വൈസ് ചാൻസലർ, രൂപതാകോടതി ജഡ്ജ്, ചാൻസലർ, ജൂഡീഷ്യൽ വികാർ, പ്രോട്ടോസിഞ്ചെല്ലൂസ്, വൊക്കേഷൻ പ്രൊമോട്ടർ, രൂപതയിലെ മേജർ സെമിനാരിക്കാരുടെ റെക്ടർ, കല്യാൺ രൂപതാ പ്രൊജക്റ്റ് ഓഫീസർ, യൂത്ത് മിനിസ്ട്രി, പി. ആർ. ഒ., കല്യാൺ ലെയ്റ്റി മൂവ്മെന്റ്, എപ്പാർക്കിയൽ കമ്മ്യൂണിക്കേഷൻ എന്നിവയുടെ ഡയറക്ടറായും പ്രെസ്ബിറ്ററൽ കൗൺസിൽ, ഫിനാൻസ് കൗൺസിൽ, ഇന്റർ റിച്ച്വൽ കമ്മിറ്റി എന്നിവയിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

തൃശ്ശൂർ അതിരൂപതയിൽ മെത്രാപ്പോലീത്തൻ കോടതി ജഡ്ജ്, പ്രെസ്ബിറ്ററൽ കൗൺസിൽ, അതിരൂപതനിയമാവലി കമ്മിറ്റി, ലിറ്റർജിക്കൽ കമ്മീഷൻ എന്നിവയിൽ അംഗമായ ബഹു. ആന്റണി അച്ചൻ ആലുവ കാർമ്മൽഗിരി സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ അധ്യാപകനായും സേവനം ചെയ്തിട്ടുണ്ട്.

സീറോ മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയയിൽ 2004 മുതൽ 15 വർഷത്തോളം ചാൻസലറായി ശുശ്രൂഷ ചെയ്ത അദ്ദേഹം സീറോ മലബാർസഭയുടെ സിനഡൽ ന്യൂസ് എഡിറ്ററായും മൗണ്ട് സെന്റ് തോമസ് സൂപ്പീരിയറായും സേവനം ചെയ്തിട്ടുണ്ട്.

ഇംഗ്ലീഷിൽ ബിരുദാനന്തരബിരുദം നേടിയ ആന്റണി അച്ചൻ, പൂന പേപ്പൽ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും, റോമിൽ നിന്ന് സഭാനിയമത്തിൽ ഡോക്ടറേറ്റും ജൂറിസ് പ്രൂഡൻസ് വിഷയത്തിൽ ഡിപ്ലോമയും കരസ്ഥമാക്കിയിട്ടുണ്ട്.

ബഹു. ആന്റണി കൊള്ളന്നൂർ അച്ചന്റെ ഭൗതികശരീരം സെപ്തംബർ 6-ാം തീയതി ശനിയാഴ്ച്ച തൃശൂർ സെന്റ് ജോസഫ്

വൈദികമന്ദിരത്തിൽ രാവിലെ 6.30നുള്ള വി. കുർബാനയ്ക്കുശേഷം 8:00 മണിവരെ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലും തുടർന്ന് ആറ്റുപുറം ഇടവകയിലെ ജ്യേഷ്ഠസഹോദരൻ സൈമണിന്റെ വസതിയിലും പൊതുദർശനത്തിന് വച്ചു. ഉച്ചകഴിഞ്ഞ് 2.00 ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷകൾ വീട്ടിൽ നിന്ന് ആരംഭിച്ചു. ആറ്റുപുറം സെ. ആന്റണിസ് ഇടവക ദൈവാലയത്തിൽ നടന്ന മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാംഭാഗത്തിന് ദൈവാലയത്തിൽ അഭിവന്ദ്യ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവ് കാർമ്മികത്വം വഹിച്ചു. വി. കുർബാനയോടു കൂടിയുള്ള തിരുകർമ്മങ്ങൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കാർമ്മികത്വം വഹിച്ചു.

തനിച്ച് ലഭിച്ച താലന്തുകൾ സഭാഗാത്രത്തെ പടുത്തുയർത്തുന്നതിനായി വിനിയോഗിച്ച്, ശുശ്രൂഷാപൗരോഹിത്യത്തിലൂടെ ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനെ അനേകർക്ക് പകർന്നു നൽകി നിത്യസമ്മാനത്തിനായി യാത്രയായ കൊള്ളന്നൂർ ബഹു. ആന്റണിയച്ചന് തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ!

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**മേജർ സുപ്പീരിയേഴ്സ് സംഗമം**

2025 ആഗസ്റ്റ് 16 ന് മരിയാപുരത്തുള്ള എം.എം.ബി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് മേജർ സുപ്പീരിയേഴ്സ് സംഗമം നടത്തപ്പെട്ടു. തൃശൂർ അതിരൂപതാ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ROLE OF MAJOR SUPERIORS IN FACING THE CHALLENGES OF THE CHURCH എന്ന വിഷയത്തെക്കുറിച്ച് Rev. Sr.Sonia Therese (DSJ) ക്ലാസ്സ് നയിച്ചു.

**എഫ്.സി.സി**

വിധവകൾ, ഏകസ്ഥർ എന്നിവർക്ക് സ്വസ്ഥമായി പ്രാർത്ഥിക്കാനും കൂട്ടായ്മയിൽ ജീവിക്കാനുമായി ഒരുക്കിയ അനുഗ്രഹഭവന്റെ വെഞ്ചരിപ്പ് കർമ്മം ആഗസ്റ്റ് 3-ാം തീയതി ഏങ്ങണ്ടിയൂർ എം ഐ മിഷൻ ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. ഡെമിൻ തറയിൽ നിർവ്വഹിച്ചു. ആഗസ്റ്റ് 11-ാം തീയതി, വി.ക്ലാരയുടെ തിരുനാളിനോടനുബന്ധിച്ച് വിവിധ കോൺഗ്രിഗേഷനിൽ നിന്നുള്ള സിസ്റ്റേഴ്സിന്റെ സംഗമം അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു. ആഗസ്റ്റ് 14-16 തീയതികളിൽ തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽ വെച്ച് നടന്ന വചനാമൃത ധ്യാനത്തിൽ വിവിധ സ്കൂളുകളിൽ നിന്നായി 45 കുട്ടികൾ സംബന്ധിച്ചു. ആഗസ്റ്റ് 15-ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് Junior Sisters നും St Joseph, St Germain എന്നീ ഗ്രൂപ്പുകളിലെ സിസ്റ്റേഴ്സിനും സംഘടിപ്പിച്ച ഓറിയ ന്റേഷൻ പ്രോഗ്രാമിൽ റവ. ഫാ. ബിനോജ് മുളവരിയ്ക്കൽ ക്ലാസ്സു കൾക്ക് നേതൃത്വം നൽകി. ആഗസ്റ്റ് 16-ാം തീയതി മരിയാപുരം എം എം ബി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച്,

സി ആർ ഐയുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് സി. ഫിലോ ജീസ്, സി. ജെയ്സി ക്ലെയർ എന്നിവർ സംബന്ധിച്ചു. പ്രോവിൻസിന്റെ സോഷ്യൽ സർവ്വീസ് ട്രസ്റ്റായ ASSSET ന്റെയും തൃക്കൂർ അൽഫോൻസാ സോഷ്യൽ സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ തൊഴിൽരഹിതരായ 100 സ്ത്രീകൾക്ക് തൊഴിൽ പരിശീലനവും സ്ഥിരമായ തൊഴിലും ഒരുക്കുന്നതിന്റെ ഭാഗമായി തയ്യൽ മെഷീനും കുറഞ്ഞ നിരക്കിൽ മറ്റു ഗൃഹോപക രണങ്ങളും വിതരണം ചെയ്യാൻ ആവിഷ്ക്കരിച്ച പദ്ധതിയുടെ ഉദ്ഘാടനം ആഗസ്റ്റ് 29 ന് നടന്നു. 30-ാം തീയതി മുതൽ തൃശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് റവ ഫാ ജോൺസ് പുൽപറമ്പലിൽ OFM Cap ന്റെ നേതൃത്വത്തിൽ നടന്ന വാർഷികധ്യാന ത്തിൽ 45 സിസ്റ്റേഴ്സ് സംബന്ധിച്ചു.

**സി.എം.സി**

ആഗസ്റ്റ് 3 മുതൽ 7 വരെയുള്ള ദിവസങ്ങളിൽ സുപ്പീരിയർ ജനറൽ പ്രൊവിൻഷ്യൽ ഹൗസിൽ കാനോനിക സന്ദർശനം നടത്തി. ആഗസ്റ്റ് മാസത്തിൽ ചിയ്യാരം ലേഡി വിക്ടറി, ചൂണ്ടൽ സാൻതോം, ചേറൂർ സെന്റ് സേവ്യേഴ്സ്, തൃശൂർ സെന്റ് ആൻസ്, തൃശൂർ സെന്റ് ആൻസ് ഇൻസ്റ്റിറ്റ്യൂട്ട്, എസ്.എച്ച്. ഓഫ് കണ്ടശാംകടവ് എന്നീ മഠങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.സാലി പോൾ കാനോ നിക സന്ദർശനം നടത്തി.

ആഗസ്റ്റ് 10 ന് വി. എവുപ്രാസ്യമ്മയുടെ തിരുനാളിനൊരുക്കമാ യുള്ള തൃശ്ശൂർ ലൂർദ് കത്തീഡ്രൽ പള്ളിയിൽ നിന്നും ആരംഭിച്ച വിളംബര ജാഥയിൽ വികർ പ്രൊവിൻഷ്യൽ സി.ഷീലയും സിസ്റ്റേ ഴ്സും സംബന്ധിച്ചു. ആഗസ്റ്റ് 16 ന് MMB പ്രൊവിൻഷ്യൽ ഹൗസ് മരിയാപുരത്ത് വെച്ച് നടന്ന CRI Thrissur, Major Superiors Conference ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ പങ്കെടുത്തു. സോഷ്യൽ വർക്ക് കൗൺസിലർ സി. മാർഗ്രറ്റ് മേരിയുടെ നേതൃത്വ ത്തിൽ സെന്റ് മേരിസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് കെയ്റോസ്, ഉജ്ജീവനം ഗ്രൂപ്പുകളിലെ അംഗങ്ങൾ ആഗസ്റ്റ് 16 ന് എവുപ്രാസ്യ ഡേ ഘോഷിച്ചു. Faith Formation Councilor Sr. Mercy Paul ന്റെ നേതൃത്വത്തിൽ സ്ത്രീ ശാക്തിക രണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 50 സ്ത്രീകൾക്ക് ലീഡർഷിപ്പ് ക്ലാസ്സ് സി.ന മ്മി റോസ് സി.എം.സി നൽകി. ആഗസ്റ്റ് 20-29 ദിവസങ്ങളിൽ ഒല്ലൂർ വി. എവുപ്രാസ്യ തീർഥകേന്ദ്രത്തിൽ ആഘോഷമായ ദിവ്യബലിയും നൊവേനയും ഉണ്ടായിരുന്നു. ആഗസ്റ്റ് 29 ന് വി. എവുപ്രാസ്യമ്മ യുടെ തിരുനാൾ ദിനത്തിൽ തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കരയുടെ മുഖ്യകാർമികത്വത്തിൽ

ആഘോഷമായ ദിവ്യബലിയും തിരുകർമങ്ങളും നടന്നു. റവ.ഫാ. സനൽ മാളിയേക്കൽ വചന സന്ദേശം നൽകി. വി. എവുപ്രാസ്യമ്മ യുടെ തിരുനാളിനോടനുബന്ധിച്ച് എഡ്യുക്കേഷൻ കൗൺസിലർ സി. പ്രസന്നയുടെ നേതൃത്വത്തിൽ ടീച്ചേഴ്സിനും കുട്ടികൾക്കും സേക്രഡ് ഹാർട്ട് സ്ക്കൂളിൽ വെച്ച് പ്രസംഗമത്സരം നടത്തി. സമ്മാ നാർഹരായവർക്ക് വി. എവുപ്രാസ്യമ്മയുടെ തിരുനാൾ ദിനത്തിൽ സമ്മാനങ്ങൾ നൽകി.

1955 മുതൽ 1970 വരെ ആദ്യവ്രതം ചെയ്ത തൃശൂർ, ഇരിങ്ങാല ക്കുട, പാലക്കാട്, കോയമ്പത്തൂർ, ബീന എന്നി പ്രോവിൻസുകളിലെ സിസ്റ്റേഴ്സിന്റെ സംഗമം നടത്തി.

**സി.എച്ച്.എഫ്**

സി എച്ച് എഫ് നവജ്യോതി പ്രോവിൻസിലെ മെഡിക്കൽ വിഭാഗത്തിൽ സേവനമനുഷ്ഠിക്കുന്ന സിസ്റ്റേഴ്സിന്റെ ഗ്യാതറിങ്ങ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു. ഛത്തീസ്ഗഡിൽ സിസ്റ്റേഴ്സിനെ അന്യായമായി അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് തൃശ്ശൂർ അതിരൂപത സംഘടിപ്പിച്ച പ്രതിഷേധ റാലിയിലും പൊതുസമ്മേളനത്തിലും സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിലർ സി. ജെസ്റ്റിനയും മറ്റു സിസ്റ്റേഴ്സും സംബന്ധിച്ചു. സി എച്ച് എഫ് നവജ്യോതി പ്രോവിൻസിൽ ജൂനി യർ സിസ്റ്റർ സി.സാന്ദ്ര വർഗ്ഗീസ് പ്രാർത്ഥിച്ചൊരുങ്ങി അനിത്യ വാഗ്ദാനം നടത്തി. സി എച്ച് എഫ് നവജ്യോതി പ്രോവിൻസിൽ 1, 2 ദിനങ്ങളിലായി 2020 മുതൽ 2025 വരെ നിത്യവ്രതാർപ്പണം നടത്തിയ സീനിയർ സിസ്റ്റേഴ്സിന്റെ ഗ്യാതറിംഗ് നടത്തി. മറിയം ത്രേസ്യ ബഡ്സിന്റെ ആനിമേറ്റേഴ്സിന്റെ മീറ്റിംഗ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു. ഒളരിക്കര ലിറ്റിൽ ഫ്ളവർ കോൺവെന്റിന്റെ ഗോൾഡൻ ജൂബിലി ആരംഭിക്കുന്നതി നോടനുബന്ധിച്ച് ഭവനത്തിൽ നടത്തിയ ദിവ്യബലിയിലും സ്നേഹ വിരുന്നിലും നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിൽ സംബന്ധിച്ചു. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻസിലെ പ്രമോ ട്ടേഴ്സ് ഒന്നിച്ച് ജാഗരണ പ്രാർത്ഥന നടത്തി.

സി എച്ച് എഫ് നവജ്യോതി പ്രോവിൻസ് വിശാഖപട്ടണം മിഷ നിൽ ഖുമ്മലക്ഷ്മിപുരത്ത് ആരംഭിച്ച പുതിയ കോൺവെന്റിന്റെ വെഞ്ചിരിപ്പ് കർമ്മത്തിന് നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസിൻ തെരേസും വികാർ പ്രൊവിൻഷ്യൽ സി. ഷെറിൻ മരിയയും സംബന്ധിച്ചു. റവ.ഫാ. ജോഫി ചിറയത്ത് വെഞ്ചിരിപ്പ് കർമ്മം നടത്തുകയും അവിടെയുള്ള മറ്റു വൈദീകരും സിസ്റ്റേഴ്സും തദവസരത്തിൽ അവിടെ സന്നിഹിതരാവുകയും പ്രാർത്ഥനാ

ശംസകൾ നേർന്ന് സ്നേഹവിരുന്നിൽ സംബന്ധിക്കുകയും ചെയ്തു. സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ ബാലികാ ബാലന്മാരുടെ സംഗമം നടത്തപ്പെട്ടു. സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിലർ സി. ജോസ്ഫിനും സി. ജെസ്റ്റീന യും മറ്റു സിസ്റ്റേഴ്സും തൃശ്ശൂർ അതിരൂപതയിലെ റവ. ഫാ. ജോയ് മൂക്കന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കുചേർന്ന് അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചു. എം എം ബി ബ്രദേഴ്സിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സി ആർ ഐ മീറ്റിംഗിൽ സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസിൻ തെരേസും പ്രൊവിൻഷ്യൽ കൗൺസിലർ സി.ട്രീസ ആന്റോയും സംബന്ധിച്ചു. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസ് സുപ്പീരിയർ സി.ജാൻസി റോസിന്റെ നാമഹേതുകതിരുനാൾ സമുചിതമായി ആഘോഷിച്ചു.

**എസ്.എ.ബി.എസ്**

രണ്ടാം തീയതി വിശുദ്ധ പീറ്റർ ജൂലിയൻ എയ്മാർഡിന്റെ തിരു നാൾ ജൂനിയേഴ്സ് ഡേ ആയി ആചരിച്ചു. എട്ടാം തീയതി മുതൽ 10 വരെ ബഹുമാനപ്പെട്ട ജസ്റ്റിൻ തടത്തിൽ അച്ചന്റെ നേതൃത്വത്തിൽ നടന്ന ധ്യാനത്തിൽ 25 സിസ്റ്റേഴ്സ് പങ്കെടുത്തു. 7-ാം തീയതി തൃശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് അതിരൂപത സംഘടിപ്പിച്ച ഗായകസംഘത്തിനുള്ള അർദ്ധ സെമിനാറിൽ സിസ്റ്റർ ലിനറ്റ് ചാലക്കൽ പങ്കെടുത്തു, 22-ാം തീയതി ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് 40 മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി. 2-ാം തീയതി അഖണ്ഡ ജപമാലയും ജപമാല പ്രദിക്ഷണവും പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തി. 30-ാം തീയതി പ്രൊവിൻ സിന്റെ ആദ്യകാല പരിശീലന ഭവനമായ നെന്മണിക്കര സെന്റ് ജോൺ അഡോറേഷൻ കോൺവെന്റിന്റെ രജതജൂബിലി സമുചി തമായി ആഘോഷിച്ചു. അതിരൂപത വികാരി ജനറാൾ മോൺസി ഞ്ഞോർ ബഹുമാനപ്പെട്ട ജെയ്സൺ കൂനംപ്ലാക്കൽ അച്ചന്റെ മുഖ്യകാർമ്മി കത്വത്തിൽ നടന്ന ദിവ്യബലിയിൽ ബഹുമാനപ്പെട്ട വൈദികരും സുപ്പീരിയേഴ്സും സിസ്റ്റേഴ്സും ഉപകാരികളും ഇടവകക്കാരും പങ്കെടുത്തു. ഇടവക ദൈവാലയത്തിൽ വെച്ച് നടത്തിയ കൃതജ്ഞതാബലിക്കുശേഷം പൊതുസമ്മേളനവും സ്നേ ഹവിരുന്നും ഉണ്ടായിരുന്നു.

**സി. എസ്. എസ്.**

ആഗസ്റ്റ് 15 ന് പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുന്നാളും സ്വാതന്ത്ര്യദിനവും സമുചിതമായി ആഘോഷിക്കുകയും ദേശീയ പതാക ഉയർത്തുകയും പരീശീലനാർത്ഥികൾ പരിപാടികൾ

അവതരിപ്പിക്കുകയും ചെയ്തു. മരിയാപുരം എം.എം.ബി ബ്രദേഴ്സിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ നടത്തിയ സി.ആർ.ഐ സമ്മേളനത്തിന് സ്നേഹോദയ പ്രൊവിൻഷ്യൽ സുപ്പീരീയർ ബഹു. സിസ്റ്റർ റിറ്റയും, പ്രൊവിൻഷ്യൽ കൗൺസിലർ ബഹു. സിസ്റ്റർ ലൂസിയും പങ്കെടുത്തു. പരിശുദ്ധപിതാവ് ആഹ്വാനം ചെയ്തതനുസരിച്ച് ലോക സമാധാനത്തിനുവേണ്ടിയുള്ള പ്രാർത്ഥനാദിനത്തിൽ ദിവ്യകാരുണ്യആരാധനയും ഉപവാസവും എല്ലാസമൂഹങ്ങളിലും നടത്തപ്പെട്ടു. സുപ്പീരിയർ ജനറൽ ബഹു. സി. അൽഫോൻസ സി.എസ്.എസ്, സ്നേഹോദയ പ്രൊവിൻസിലെ ഹൗസുകളിൽ കാനോനിക സന്ദർശനം നടത്തുന്നു. ഹോളിഫാമിലി സിസ്റ്റേഴ്സിന്റെ പ്രൊവി ൻഷ്യൽ ഹൗസിൽ നടത്തിയ മേജർ സുപ്പീരീയേഴ്സിന്റെ കൂട്ടായ്മയിൽ സ്നേഹോദയ പ്രൊവിൻഷ്യൽ സുപ്പീരീയർ ബഹു. സിസ്റ്റർ റിറ്റയും, കൗൺസിലേഴ്സും പങ്കെടുത്തു. മാസാദ്യ ബുധനാഴ്ച്ച ദൈവവിളിദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ജാഗരണ പ്രാർത്ഥനയും ആരാധനയും ബഹു. ഫാ. സജി തെക്കേകൈതകാട്ട് സി.എം.ഐ. യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സി.എസ്.എസ്. റിന്യുവൽ ടീമിന്റെ നേതൃത്വത്തിൽ renewal programme follow up ഓരോ ഹൗസുകളിലും വെച്ച് നടത്തപ്പെടുന്നു. സ്ഥാപകപിതാവ് മോൺ. പോൾ ചിറ്റിലപ്പിള്ളിയെക്കുറിച്ചുള്ള ക്ലാസ്സുകൾ ജനറലേറ്റുതലത്തിൽ സംഘടിപ്പുക്കുകയും സിസ്റ്റേഴ്സും അർത്ഥിനികളും അതിൽ പങ്കെടുക്കുകയും ചെയ്തു.

**സി.എസ്.എം**

ആഗസ്റ്റ് 4 മുതൽ 9 വരെ കൃപാഭവൻ ജനറലേറ്റിൽ വെച്ച് ബഹു. സിസ്റ്റേഴ്സിന് വാർഷിക ധ്യാനം നടത്തി. റവ. ഡോ. ആന്റണി വടക്കേക്കര വി. സി ആണ് ധ്യാനം നയിച്ചത്. ആഗസ്റ്റ് 16 ന് മണ്ണംപേട്ട ഇടവക ജനങ്ങൾക്കായി കൃപാഭവൻ ജനറലേറ്റിലെ ഓഡിറ്റോറിയത്തിൽ വച്ച് ഏകദിന ധ്യാനം 'ദൈവകരുണാനുഭവ' ധ്യാനം നടത്തപ്പെട്ടു. റവ. ഫാ. ജൂഡ് MSFS ധ്യാനത്തിന് നേതൃത്വം നൽകി. 200-ൽ അധികം പേർ ധ്യാനത്തിൽ സംബന്ധിച്ചു. ആഗസ്റ്റ് 29 മുതൽ സെപ്റ്റംബർ 3 വരെ കൃപാഭവൻ ജനറലേറ്റിൽ വെച്ച് രണ്ടാം ബാച്ച് വാർഷിക ധ്യാനം നടത്തി. റവ. ഡോ. ആന്റണി വടക്കേക്കര വി. സി ആണ് ധ്യാനം നയിച്ചത്.

**എസ്.എൻ.ഡി.എസ്**

മുളയം നിർമ്മലഭവനിൽ വച്ച് മെയ് 5-ാം തിയതി സ്ഥാപക പിതാക്കന്മാരെ ആദരവോടെ അനുസ്മരിച്ചുകൊണ്ട് ഫൗണ്ടേഴ്സ് ഡേ ആഘോഷപരിപാടികൾ സംഘടിപ്പിച്ചു. ജൂൺ 05-ാം തിയതി മേരിമാത റീജനിൽ, മുളയം നിർമ്മലഭവനിൽവച്ച് സുപ്പീരിയേഴ്സ്

മീറ്റിംഗ് നടത്തപ്പെട്ടു. ജൂൺ 20–ാം തിയതി മുതൽ സി. ജാൻസി ചിറക്കൽ കാക്കനാട് സീറോ മലബാർ സഭയുടെ കാര്യാലയത്തിൽ (മൗണ്ട് സെന്റ് തോമസ്) ലിറ്റർജി ഡിപ്പാർട്ട്മെന്റിൽ സേവനമാരംഭിച്ചു. മേരിമാതാ റീജനിലെ സഹോദരിമാർക്കുള്ള 2025 വർഷത്തിലെ ക്യാരിസം റിട്രീറ്റ് നാല് ബാച്ചുകളിലായി മുളയം നിർമ്മലഭവനിൽവച്ച് നടത്തപ്പെട്ടു. ജൂലായ് 5–ാം തിയതി മുളയം സെന്റ് പാട്രിക് ഇടവക ദേവാലയത്തിൽ വച്ച് സമൂഹത്തിലെ മൂന്നാം ബാച്ച് 11 സഹോദരിമാരുടെ സുവർണ്ണ ജൂബിലിയും 28–ാം ബാച്ച് 2 സഹോദരിമാരുടെ സിൽവർ ജൂബിലിയും ജനറൽ തലത്തിൽ നടന്നു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കൃതജ്ഞതാബലിക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

സ്ഥാപകപിതാവ് മോൺ. ജോസഫ് വിളങ്ങാടനച്ചന്റെ ജന്മശതാബ്ദി (1926 -2026 Aug. 18) ആഘോഷങ്ങൾക്ക് തുടക്കംകുറിച്ചുകൊണ്ട്, പാവങ്ങളോടുള്ള അനുകമ്പയും സ്നേഹവും പരിത്യക്തർക്കുവേണ്ടിയുള്ള ശുശ്രൂഷകളും തന്റെ ജീവിത വ്രതമായി സ്വീകരിച്ച മോൺ. ജോസഫ് വിളങ്ങാടനച്ചനോടുള്ള ആദരസൂചകമായി, ഒരു നിർധനകുടുംബത്തിന് നൽകിയ ഭവനത്തിന്റെ വെഞ്ചിരിപ്പുകർമ്മവും 100–ാം ജന്മ വാർഷിക കൃതജ്ഞതാ ബലിയും ഓഗസ്റ്റ് 14–ാം തിയതി തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മുളയം നിർമ്മല ഭവനിൽവച്ച് നിർവഹിക്കപ്പെട്ടു.

## ആദരാഞ്ജലികൾ



21.07.2025 എസ്.എൻ.ഡി.എസ്. മുളയം നിർമ്മലദാസി സമർപ്പിത സമൂഹത്തിലെ മുളയം മരിയഭവൻ അംഗമായ സിസ്റ്റർ ട്രീസ മേച്ചേരിപടി (92) ജൂലൈ 21–ാം തിയതി രാവിലെ 09.45 ന് നിര്യാതയായി. 21–ാം തിയതി വൈകിട്ട് 05.00 മണിക്ക് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മുളയം നിർമ്മലഭവൻ കോൺവെന്റ് ചാപ്പലിൽ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു



14.08.2025 മുണ്ടൂർ സെന്റ് ഫ്രാൻസീസ് അസ്സീസി മഠാംഗമായ സി. ലൈബർത്ത 2025 ആഗസ്റ്റ് 14-ാം തീയതി ഉച്ചകഴിഞ്ഞ് 12.05 ന് നിര്യാതയായി. 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30 ന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ പ്രാധാന കാർമ്മികത്വത്തിൽ മുണ്ടൂർ സെന്റ് ഫ്രാൻസീസ് അസ്സീസി കോൺവെന്റ് ചാപ്പ ലിൽ മൃതസംസ്കാര ശുശ്രൂഷകൾ നടത്തി.



17.08.2025 വെങ്ങിണിശ്ശേരി പെർപെച്ച്വൽ ഹെൽപ് മഠാംഗമായ സി. മേഴ്സി പുലി ക്കോട്ടിൽ 2025 ആഗസ്റ്റ് 17-ാം തീയതി വൈകീട്ട് 7.35 ന് നിര്യാതയായി. 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കലിന്റെ പ്രാധാന കാർമ്മികത്വത്തിൽ വെങ്ങിണിശ്ശേരി പെർപെച്ച്വൽ ഹെൽപ് കോൺവെന്റ് ചാപ്പ ലിൽ മൃതസംസ്കാര ശുശ്രൂഷകൾ നടത്തി.

**ഫാ. സിജോ**
**പൈനാടത്ത് OFM.Cap**
പ്രസിഡണ്ട്

**സി. ജോളി**
**ചിറ്റിലപ്പിള്ളി FCC**
സെക്രട്ടറി

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയുടെപ്രിയ കുഞ്ഞുമക്കളെ,

ഒക്ടോബർ മാസത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. ഈ മാസം നമ്മെ സംബന്ധിച്ച് വളരെ പ്രിയപ്പെട്ടതാണ്. കത്തോലിക്കാ സഭ ഒക്ടോബർ, ജപമാല മാസം ആയിട്ടാണ് ആചരിക്കുന്നത്. നിങ്ങളുടെ ഇടവകകളിലും യൂണിറ്റുകളിലും ഭവനങ്ങളിലുമൊക്കെ ജപമാല മാസത്തോടനുബന്ധിച്ച് പ്രത്യേക പ്രാർത്ഥനകൾ ഉണ്ടാകുമല്ലോ. അതിലെല്ലാം നിങ്ങൾ സജീവമായി പങ്കുചേരണം.

എങ്ങനെയാണ് ഒക്ടോബർ മാസം ജപമാല മാസം ആയതെന്ന് കൂട്ടുകാർക്ക് അറിയാമോ? പത്തൊമ്പതാം നൂറ്റാണ്ടിലെ അവസാന നാളുകളിൽ, കത്തോലിക്കാ സഭയെ അന്ന് നയിച്ചിരുന്നത് ലെയോ പതിമൂന്നാമൻ മാർപാപ്പയായിരുന്നു. ഈ പാപ്പ 'ജപമാലയുടെ പാപ്പാ' എന്നാണ് അറിയപ്പെട്ടിരുന്നത്. പരിശുദ്ധ അമ്മയെ വളരെയധികം സ്നേഹിക്കുകയും ജപമാല ഭക്തിയിൽ വളരാൻ സഭയെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത മാർപാപ്പയായിരുന്നു ലെയോ പതിമൂന്നാമൻ മാർപാപ്പ. പരിശുദ്ധ ജപമാലയുടെ പ്രാധാന്യത്തെക്കുറിച്ച് 12 ചാക്രിക ലേഖനങ്ങളും വിവിധങ്ങളായ അപ്പസ്തോലിക പ്രബോധനങ്ങളും മാർപാപ്പ നൽകിയിട്ടുണ്ട്. 1884 ലാണ് ലെയോ പതിമൂന്നാമൻ മാർപാപ്പ ഒക്ടോബർ മാസം ജപമാല മാസമായി ആചരിക്കണം എന്ന് ആഗോള കത്തോലിക്കാ സഭ വിശ്വാസികളോട് ആഹ്വാനം ചെയ്തത്. പിന്നീട് ജോൺപോൾ രണ്ടാമൻ മാർപാപ്പയും മരിയ ഭക്തിയെ പ്രോത്സാഹിപ്പിച്ചു. 'സുവിശേഷത്തിന്റെ സംക്ഷേപം' എന്നാണ് ജപമാല പ്രാർത്ഥനയെ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ വിശേഷിപ്പിച്ചത്. അതുകൊണ്ടു തന്നെ തികഞ്ഞതയോടെ ഒക്ടോബർ മാസം ജപമാല വണക്കത്തിനായി നമുക്ക് എല്ലാവർക്കും ഉപയോഗിക്കാം.

എന്താണ് ജപമാല ചൊല്ലുമ്പോൾ സംഭവിക്കുന്നത് എന്ന് കൂട്ടുകാർക്ക് അറിയാമോ? ജപമാല പ്രാർത്ഥന എന്നത് ചില വാക്കുകൾ ആവർത്തിച്ച് ഏറ്റു പറയുന്നതല്ല. അത് ഈശോയുടെ രക്ഷാകര ജീവിതരഹസ്യങ്ങളെ പരിശുദ്ധ അമ്മയുടെ കണ്ണിലൂടെ കണ്ട്

ധ്യാനിക്കലാണ്. സന്തോഷ രഹസ്യം, ദുഃഖകരമായ രഹസ്യം, മഹത്വത്തിന്റെ രഹസ്യം, പ്രകാശത്തിലെ രഹസ്യം ഇവയിലൂടെ ഈശോയുടെ രക്ഷാകര സംഭവങ്ങളെയാണ് നമ്മൾ പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നത്. ഈശോയുടെ രക്ഷാകര രഹസ്യങ്ങളിലൂടെയുള്ള ധ്യാനം പുണ്യത്തിൽ വളരാനും നമ്മളെ സഹായിക്കുന്നു. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇങ്ങനെയാണ് പഠിപ്പിക്കുക: 'ജപമാല എന്ന് പറയുന്നത് പരിശുദ്ധ അമ്മയോട് ചേർന്ന് ക്രിസ്തുവിന്റെ തിരുമുഖത്തെ ധ്യാനിക്കലാണ്' (RVM 3). ജപമാല ചൊല്ലി പ്രാർത്ഥിക്കുമ്പോൾ പാപത്തിനും തിന്മയ്ക്കും എതിരെയുള്ള ഈ കാലഘട്ടത്തിന്റെ ആത്മീയ ആയുധമെടുത്ത് നമ്മൾ പോരാടുകയാണ്. വിശുദ്ധ പാദ്രെ പിയൊ ജപമാലയെ കുറിച്ച് ഇങ്ങനെ പഠിപ്പിക്കുന്നുണ്ട്: 'ജപമാല ഈ കാലഘട്ടത്തിന്റെ ആയുധമാണ്.' അതുകൊണ്ട് പ്രിയമുള്ള കുഞ്ഞുമക്കളെ, ഈ മാസം പ്രത്യേകമായി പരിശുദ്ധ അമ്മയോടുള്ള വണക്കത്തലും ഏറെ പ്രത്യേകമായി ജപമാല ധാരാളം ചൊല്ലിയും നമുക്ക് പ്രാർത്ഥിക്കുകയും ഈശോയെ ധ്യാനിക്കുകയും ചെയ്യാം. ഈശോ നിങ്ങളെയെല്ലാം സമൃദ്ധമായി അനുഗ്രഹിക്കട്ടെ....

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

### I. ഞായറാഴ്ച വിശ്വാസപരിശീലനം വാർത്തകൾ

#### 1. വിശ്വാസപരിശീലകർക്കുള്ള സംവാദസദസ്സ്

വിശ്വാസപരിശീലകരുടെ സംവാദസദസ്സ് ഇടവകകളിൽ നടന്നുകൊണ്ടിരിക്കുന്നു. വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി നമ്മുടെ അതിരൂപതയുടെ വിശ്വാസപരിശീലന കേന്ദ്രം ഡയറക്ടർ/ അസി. ഡയറക്ടർ, ഓരോ ഇടവകയിലേയും വിശ്വാസപരിശീലകരെ സന്ദർശിച്ച് അവരുമായി സംവദിക്കുന്നു. ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ നേരിട്ട് അറിയിച്ചിട്ടുള്ളതാണ്.

ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾക്കായി വിശ്വാസപരിശീലന കേന്ദ്രത്തിലെ പ്രോഗ്രാം കോർഡിനേറ്റർ ശ്രീ തോമസ് മാസ്റ്ററെ ബന്ധപ്പെടുക. മൊബൈൽ നമ്പർ: 9400791384.

ഡയറക്ടർ/അസി.ഡയറക്ടർ സന്ദർശിച്ച (ആഗസ്റ്റ് 16–സെപ്റ്റംബർ 15) യൂണിറ്റുകൾ:

ചൊവ്വന്നൂർ, ഇയ്യാൽ, കടങ്ങോട്, നോർത്ത് പുതുക്കാട്, തളിക്കുളം, അവണൂർ, തൊയക്കാവ്, കോളങ്ങാട്ടുകര, കൊട്ടേക്കാട്, പോട്ടോർ, കൂറ്റൂർ, മുണ്ടൂർ, പേരാമംഗലം, വരടിയം, വെളപ്പായ, വിയ്യൂർ, ചിറ്റാട്ടുകര, ചൂണ്ടൽ, എളവള്ളി, കണ്ടാണശ്ശേരി, കൂനംമ്മൂച്ചി, കുന്ദംകുളം, അവിണിശ്ശേരി, മറ്റം, നമ്പഴിക്കാട്, വാക, അമ്മാടം, അഞ്ചേരി. നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും നന്ദി.

**2. ക്രിസ്ഫോം**

എ സി സി, 12 ക്ലാസ്സുകാർക്കുള്ള ക്രിസ്തീയ ജീവിത പരിശീലന പരിപാടിയായ ക്രിസ്ഫോമിന്റെ 1 ബാച്ച് ആഗസ്റ്റ് 29–31 തിയതികളിലായി ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടന്നു. 27 വിദ്യാർത്ഥികൾ പങ്കെടുത്തു. സർട്ടിഫിക്കറ്റുകൾ നൽകി.

ഒക്ടോബർ മാസത്തിൽ പങ്കെടുക്കേണ്ട ഫൊറോനകൾ:

ഒക്ടോബർ 17–19, ബാച്ച് 9 വേലൂർ, പഴുവിൽ, 24–26 ബാച്ച് 10 (5 മുതൽ 8 വരെയുള്ള ബാച്ചുകളിലെ ഫൊറോനകൾക്കായി നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ പങ്കെടുക്കാൻ പറ്റാത്ത വിദ്യാർത്ഥികൾക്കായി), 31–നവംബർ 02 ബാച്ച് 11 (ക്രിസ്ഫോമിൽ ഇതുവരെ പങ്കെടുക്കാൻ പറ്റാത്ത വിദ്യാർത്ഥികൾക്കായി)

ഓരോ ഫൊറോനക്കും നിശ്ചയിച്ച തിയതിയിൽ പങ്കെടുക്കാനുള്ള വിദ്യാർത്ഥികളുടെ പേരുവിവരങ്ങൾ ഒരാഴ്ച്ച മുമ്പെങ്കിലും സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**3. മാതാപിതാക്കൾക്കുള്ള പരിശീലനം**

മാതാപിതാക്കൾക്കായി അതിരൂപത വിശ്വാസപരിശീലന കേന്ദ്രം ഇടവകതലത്തിൽ ഒരുക്കുന്നു. ബുക്കിംഗിനായി 9188131311 എന്ന നമ്പറിൽ ഓഫീസ് സമയത്ത് (9.30 AM - 5.00PM) ബന്ധപ്പെടുക.

അതിരൂപത തലത്തിലും ഇടവകതലത്തിലും വിശ്വാസപരിശീലകർക്കും വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും നടക്കുന്ന വിവിധ പരിപാടികൾക്ക് നേതൃത്വം നൽകുന്ന ബഹു. വികാരിയച്ചന്മാർക്കും പ്രിൻസിപ്പൽമാർക്കും വിശ്വാസപരിശീലകർക്കും നന്ദി അറിയിക്കുന്നു.

## II. അറിയിപ്പുകൾ

**1. അർദ്ധവാർഷിക പരീക്ഷകൾ**

ഒക്ടോബർ 5: I, III, V, VII, IX, XI ; 2 PM - 4 PM

ഒക്ടോബർ 12: II, IV, VI, VIII, X, XII, ACC; 2 PM - 4 PM

**2. ഒക്ടോബർ മാസം സാമൂഹിക പ്രതിബദ്ധതാമാസം:**

ഒക്ടോബർ മാസം സാമൂഹിക പ്രതിബദ്ധതാ മാസമായി ഇടവക തലത്തിൽ ആചരിക്കുന്നു. വിഷയം: ലഹരി വിമുക്ത കുടുംബവും യുവത്വവും.

**3. വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ നവംബർ 4**

വി. ചാൾസ് ബൊറോമിയായുടെ തിരുനാളിനോടനുബന്ധിച്ച് നവംബർ 9 ന് ഇടവകതലത്തിൽ വിശ്വാസപരിശീലകദിനം വിപുലമായ പരിപാടികളോടെ ആഘോഷിക്കേണ്ടതാണ്.

**4. SMCCv**

യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 12-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് നവംബർ 8, 9 തിയതികളിൽ DBCLC യിൽ വെച്ച് ക്യാമ്പ് നടക്കുന്നു. ആദ്യദിനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർക്കായിരിക്കും രണ്ടാം ദിവസത്തെ ക്യാമ്പ്

**5. മാർക്ക് എൻട്രിയും ഹാജരും**

അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകളും അർദ്ധവാർഷിക പരീക്ഷാതിയതി ഉൾപ്പെടെയുള്ള ഹാജരും പുനപരീക്ഷ എഴുതുന്നവരുടെ രജിസ്ട്രേഷനും സോഫ്റ്റ് വെയറിൽ ചെയ്യേണ്ട അവസാന തിയ്യതി നവംബർ 10 ആണ്. നവംബർ 10നു ശേഷം ഹാജർ രേഖപ്പെടുത്താൻ സാധിക്കുന്നതല്ല. എല്ലാ യൂണിറ്റുകളും ഇത് പ്രത്യേകം ശ്രദ്ധിക്കുകയും ഹാജരും മാർക്ക് എൻട്രിയും സമയത്തിനുതന്നെ ചെയ്യേണ്ടതുമാണ്. ചെയ്യാത്തവർക്ക് വേറെ ഒരു അവസരം ഉണ്ടായിരിക്കുന്നതല്ല.

**6. അർദ്ധവാർഷിക പുനപരീക്ഷ: നവംബർ 16, 02 PM - 04 PM**

പരീക്ഷ മാറ്റിവെച്ച യൂണിറ്റുകൾക്കും തോറ്റവർക്കും മുടങ്ങിയവർക്കും. ക്ലാസ്സ് 1 മുതൽ 11 വരെയുള്ള ക്ലാസ്സുകാർക്കുള്ള പുനപരീക്ഷക്കുള്ള ചോദ്യപേപ്പറുകൾ യൂണിറ്റുകളിൽ തന്നെ തയ്യാറാക്കേണ്ടതാണ്. 12, എസിസി ക്ലാസ്സുകാർക്കുള്ള ചോദ്യപേപ്പറുകൾ അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

**7. ആപ്റ്റിറ്റ്യൂഡ് പഠനവും പരീക്ഷയും**

ഈ വർഷത്തെ പാഠപുസ്തകം: നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം: അർത്ഥവും അർത്ഥതലങ്ങളും (ആലുവ സെമിനാരി, 2025) എന്നതായിരിക്കും. വിശ്വാസപ്രമാണം ആഴത്തിൽ മനസ്സിലാകാൻ പരിശ്രമിക്കലാണ് ലക്ഷ്യം. പുസ്തകം എല്ലാ വിശ്വാസ പരിശീലകർക്കും ലഭ്യമാക്കിയിട്ടുണ്ടാകുമെന്ന് കരുതുന്നു. 3 വർഷത്തേക്കാണ് ഈ പുസ്തകം ഉദ്ദേശിച്ചിരിക്കുന്നത്.

ഈ വർഷത്തെ പഠനഭാഗം: മേൽപറഞ്ഞ പുസ്തകത്തിലെ 3, 4, 5, 6, 7 അധ്യായങ്ങളാണ് (പേജ് നമ്പർ 48 മുതൽ 134 വരെ).

**8. ആപ്റ്റിറ്റ്യൂഡ് പഠനക്ലാസ്സുകൾ**

പഠനഭാഗങ്ങൾ വിശദീകരിക്കാൻ ഗൂഗിൾ മീറ്റിലും യുട്യൂബിൽ ലൈവ് ആയും ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു. ഒക്ടോബർ, നവംബർ മാസത്തെ ക്ലാസ്സ് തിയതികൾ: ഒക്ടോബർ 14, 28 നവംബർ 11, 25. സമയം 08.30 PM 09.30 PM. അതിരൂപതയിലെ തന്നെ പ്രഗത്ഭരായ അച്ചന്മാർ നയിക്കുന്ന ഈ ക്ലാസ്സുകളിൽ എല്ലാ വിശ്വാസപരിശീലകരും പങ്കെടുക്കുകയും നന്നായി പഠിച്ച് പരീക്ഷക്ക് ഒരുങ്ങുകയും ചെയ്യുമല്ലോ.

**III. സ്കൂൾ കാറ്റകിസം**

സ്കൂൾ കാറ്റകിസം മോറൽ സയൻസ് ഇൻചാർജുമാരുടെ മീറ്റിംഗിൽ 130 പേർ പങ്കെടുത്തു. വിശ്വാസപരിശീലനകേന്ദ്രം അസി. ഡയറക്ടർ ഫാ. സനൽ തോമസ് മാളിയേക്കൽ സ്വാഗതം ആശംസിച്ചു. വികാരി ജനറൽ മോൺ. ജോസ് കോനിക്കരയച്ചൻ ഉദ്ഘാടനം ചെയ്ത് പ്രസംഗിച്ചു. ഡയറക്ടർ ഫാ. സൈജോ തൈക്കാട്ടിൽ മീറ്റിംഗിനും ചർച്ചക്കും നേതൃത്വം നൽകി. പ്രോഗ്രാം കോർഡിനേറ്റർ തോമസ് മാസ്റ്റർ അജണ്ട അവതരിപ്പിച്ചു. മീറ്റിംഗിനു ശേഷം ചോദ്യപേപ്പറുകൾ കൊടുത്തുവിട്ടു.

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. സനൽ മാളിയേക്കൽ**
അസി. ഡയറക്ടർ

# മേരിമാതാ മേജർ സെമിനാരി

**പറോക്ക് പത്താം വാർഷിക ആഘോഷം**

ആഗസ്റ്റ് 10ന് പറോക്ക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പത്താം വാർഷികത്തോടനുബന്ധിച്ച് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ കൃതജ്ഞതാ ബലി അർപ്പിച്ചു. ബഹു. ടോണി നീലങ്കാവിൽ പിതാവ് വചനസന്ദേശം നൽകി. ബഹു. സൈജോ തൈക്കാട്ടിൽ അച്ചൻ സഹകാർമികനായിരുന്നു.

**മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ**

ആഗസ്റ്റ് 15ന് മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ചുള്ള വേസ്പര പ്രാർത്ഥനയ്ക്ക് ബഹു. പോൾ പുളിക്കൻ അച്ചൻ മുഖ്യകാർമ്മികത്വം വഹിക്കുകയും, ബഹു. സിബി ചെറുതോട്ടിൽ അച്ചൻ വചനസന്ദേശം നൽകുകയും ചെയ്തു.

**മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യദിനാഘോഷവും**

മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ദിവസം തൃശ്ശൂർ അതിരൂപത വികാരിജനറൽ ബഹു. ജെയ്സൺ കൂനംപ്ലാക്കൽ അച്ചന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. അതിനുശേഷം സെമിനാരിയിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തി. ബഹു. ജെയ്സൺ കൂനംപ്ലാക്കൽ അച്ചൻ ദേശീയപതാക ഉയർത്തി. സ്വാതന്ത്ര്യദിനത്തിന്റെ സന്ദേശം മൂന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥി ബഹു.ബിബിൻ കാച്ചപ്പിള്ളി നൽകി.

**മാസധ്യാനം**

ആഗസ്റ്റ് മാസത്തെ മാസധ്യാനം 15,16 തീയതികളിൽ നടന്നു. ബഹു. ബാബു വടക്കേക്കര അച്ചൻ വി.സി. ആണ് മാസധ്യാനം നയിച്ചത്.

**എക്സ്റ്റൻഷൻ ലെക്ചർ**

പാവങ്ങൾ എന്ന വിശ്വവിഖ്യാതഗ്രന്ഥത്തെക്കുറിച്ച് പ്രൊഫസർ സിജോ വർഗീസ് ഉച്ചയ്ക്ക് രണ്ടുമണിമുതൽ ക്ലാസ് എടുക്കുകയുണ്ടായി. ഈ പുസ്തകത്തിന്റെ പ്രത്യേകതകളെക്കുറിച്ചും അത് സമൂഹത്തിൽ ഉണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ചും അദ്ദേഹം വിവരിച്ചു.

**മാതാപിതാക്കളുടെ സമ്മേളനം**

ഒന്നാംവർഷ ദൈവശാസ്ത്ര വൈദികവിദ്യാർഥികളുടെയും ഒന്നാംവർഷ തത്വശാസ്ത്ര വൈദിക വിദ്യാർഥികളുടെയും മാതാ

പിതാക്കളുടെ സംഗമം ആഗസ്റ്റ് 23ന് രാവിലെ 9 മണി മുതൽ വൈകീട്ട് 3:30 വരെ നടത്തുകയുണ്ടായി. അന്നേ ദിവസത്തെ വിശുദ്ധ ബലിയർപ്പണത്തിനും അതിനുശേഷം ഓഡിറ്റോറിയത്തിൽ നടന്ന മീറ്റിംങ്ങിനും ഒന്നാംവർഷ വൈദികവിദ്യാർഥികളുടെ ആനിമേറ്റർമാരായ ബഹു.ലിജോ അച്ചനും ടൈസൺ അച്ചനും നേതൃത്വം നല്കി.

**ഓണാഘോഷം**

ഈ വർഷത്തെ ഓണാഘോഷം ആഗസ്റ്റ് 30ന് സെമിനാരിയിൽ ആഘോഷിച്ചു. പുലിക്കളിയും, ഓണക്കളികളും, ഓണസദ്യയും ഒക്കെയായി സെമിനാരിയിൽ ഓണം ആഘോഷിച്ചു.

**ഡീക്കന്മാർ തിരിച്ചെത്തി**

തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിലെ ഡീക്കൻ മിനിസ്ട്രി പൂർത്തിയാക്കി ഡീക്കന്മാർ എല്ലാവരും സെമിനാരിയിൽ തിരിച്ചെത്തി.

**നാടകങ്ങൾ**

ആഗസ്റ്റ് 31ന് തൃശ്ശൂർ കലാസദന്റെ നേതൃത്വത്തിൽ 'എന്റെ പിഴ' എന്ന നാടകം അരങ്ങേറുകയുണ്ടായി. ഒരു വൈദികന്റെ ജീവിതത്തിലെ സഹനങ്ങളും വെല്ലുവിളികളും ആയിരുന്നു മുഖ്യപ്രമേയം.

സെപ്റ്റംബർ അഞ്ചാം തീയതി കോഴിക്കോട് സങ്കീർത്തന കലാവേദിയുടെ നേതൃത്വത്തിൽ 'ചിറക്' എന്ന നാടകം അവതരിപ്പിക്കുകയുണ്ടായി.

**ആന്തരികസൗഖ്യക്ലാസ്സ്**

ഒന്നാംവർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾക്കായി ആഗസ്റ്റ് 4,5,6 തീയതികളിൽ ബഹു. ടോബി ജോസഫ് അച്ചന്റെ നേതൃത്വത്തിൽ ആന്തരികസൗഖ്യത്തിന് സഹായകമായ പരിശീലന ക്ലാസ് ഉണ്ടായിരുന്നു. തങ്ങളുടെ ജീവിതത്തെ സഹായിക്കുന്ന ഈ ക്ലാസിൽ എല്ലാ വൈദിക വിദ്യാർഥികളും വളരെ സന്തോഷത്തോടെ പങ്കെടുത്തു.

**മേരിമാത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ഉദ്ഘാടനം**

വത്തിക്കാനിൽനിന്ന് പ്രത്യേക അംഗീകാരം ലഭിച്ച മേരിമാത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയുടെ ഉദ്ഘാടനം സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ നിർവഹിച്ചു. ബെൽജിയം ലുവെയിൻ കത്തോലിക്ക സർവകലാശാലയുടെ അഫിലിയേഷനോടുകൂടി പ്രവർത്തിക്കുന്ന ഈ ഇൻസ്റ്റിറ്റ്യൂട്ടിന് ദൈവശാസ്ത്രപഠനത്തിൽ അന്താരാഷ്ട്രനിലവാരം ഉറപ്പുവരുത്താനും

സാധാരണക്കാരന്റെ പ്രശ്നങ്ങളുമായി സംവദിക്കാൻ കഴിയും വിധത്തിലുള്ള പഠനപരിപാടികൾ കൂടുതലായി ആവിഷ്കരിക്കാനും സാധിക്കട്ടെ എന്ന് അദ്ദേഹം ആശംസിച്ചു. തൃശ്ശൂർ അതിരൂപതാധ്യക്ഷനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ മോഡറേറ്ററുമായ മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. മാർ ജേക്കബ് തൂങ്കുഴി പിതാവ് 1998ൽ ആരംഭിച്ച മേരിമാതാ മേജർ സെമിനാരിയുടെ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ് ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ഘാടനം എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, ലുവെയിൻ ദൈവശാസ്ത്ര ഫാക്കൽറ്റി ഡീൻ പ്രൊഫ. ബെനഡിക്ട ലെംലിൻ, വൈസ് ഡീൻ പ്രൊഫ. പീറ്റർ ഡിമെ, സെമിനാരി റെക്ടർ റവ. ഡോ. സെബാസ്റ്റ്യൻ ചാലക്കൽ, മേരിമാത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ഡയറക്ടർ റവ. ഡോ. പോൾ പുളിക്കൻ എന്നിവർ പ്രസംഗിച്ചു. വൈദികവിദ്യാർത്ഥികളോടൊപ്പം സമർപ്പിതർക്കും അല്മായർക്കും ദൈവശാസ്ത്രത്തിൽ ഡിഗ്രി എടുക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിൽ അവസരം ഉണ്ടാകും. ഉദ്ഘാടനത്തിന് ഒരുക്കമായി നടന്ന 'നിഖ്യാ സൂനഹദോസ് 1700-ാം വാർഷികം' സെമിനാറിൽ ആലപ്പുഴ മെത്രാൻ ഡോ. ജെയിംസ് ആനാപറമ്പിൽ, ഡോ. മോത്തി വർക്കി, ഡോ. ജെയിംസ് പുലിയുറുമ്പിൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. മോൺ. ജെയ്സൺ കൂനംപ്ലാക്കൽ, ഡോ. സിബി ചെറുതോട്ടിൽ, ഡോ. ബിൽജു വാഴപ്പിള്ളി, ഡോ. സി. ജൂലിറ്റ് സി.എം.സി. എന്നിവർ പ്രസംഗിച്ചു.

**ബെഴ്സ് സ്ഥാപിച്ചവർ**

Individual Benefactor Membership

ശ്രീ. ഡിക്സൺ സി.പി, ചിറ്റിലപ്പിള്ളി കുന്നത്ത് ഹൗസ്, പി.ഒ. മണ്ണുത്തി, പട്ടാളക്കുന്ന്, തൃശ്ശൂർ.

Individual Wellwisher Membership

മേബിൽ സ്റ്റീവോ, കൂള ഹൗസ്, പി.ഒ. മണ്ണുത്തി, മുല്ലക്കര, ഡോൺ ബോസ്കോ സ്കൂളിന് സമീപം.

**ഫാ. സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

# INSTITUTE OF THEOLOGY
## TRICHUR D B C L C
(Phone : 0487- 2333245, Mob : 9188131341)

**1. B.A. in Theology and Religious Studies (Three Years)**

ഫസ്റ്റ് സെമസ്റ്ററിലെ Patrology (Rev. Dr. Shiju Chittilappilly), Laity and Religious: Their Vocation and Mission (Rev. Dr. Verghese Melit Palathinkkal), Luke- Acts (Rev. Fr. Francis Koothur) എന്നീ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**

സെപ്റ്റംബർ 07, 21 തിയ്യതികളിൽ സ്നേഹത്തിന്റെ സന്തോഷം (Rev. Dr.Twinkle Vazhappilly), കൗദാശികദൈവശാസ്ത്രം (Rev. Dr. Aljo Karerakkattil) എന്ന വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**3. Advanced Certificate Course in Theology (Six Months)**

സന്യാസിനികൾക്കായുള്ള ആറ് മാസത്തെ Regular Theology Course - മേരിമാതാ സെമിനാരിയിൽ നടന്നു കൊണ്ടിരിക്കുന്നു.

**4. Basic Bible Course (BBC)**

സെപ്റ്റംബർ മാസം Rev. Dr. Davis Panakkal CMI ക്ലാസ്സുകൾ നയിച്ചു.

**5. Certificate Course on Sacred Liturgy**

സെപ്റ്റംബർ 07, 21 തിയ്യതികളിൽ വിശുദ്ധ കുർബാനയിലെ സജീവ പങ്കാളിത്തം (Rev. Fr. Bastin Punnoliparambil), ആരാധനാക്രമത്തിന്റെ വളർച്ച രണ്ടാംവർത്തിക്കാൻ കൗൺസിലും കൗൺസിലാനന്തര രേഖകളും (Rev. Dr. Paul Pulikkan) എന്ന വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**6. Certificate Course on the Life in Holy Spirit**

സെപ്റ്റംബർ 07, 21 തിയ്യതികളിൽ പരിശുദ്ധാത്മാവും സുകൃതങ്ങളും (Rev. Dr. Taison Mandumpal), ആദിമസഭയുടെ പരിശുദ്ധാത്മാനുഭവവും അപ്പസ്തോലന്മാരുടെ പ്രബോധനവും (Rev. Fr. Linson Thattil) എന്ന വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**7. Catechism of the Catholic Church (CCC)**

സെപ്റ്റംബർ 21, 28 The Last Things: Death, Judgement, Heaven, & Hell (Rev. Dr. Sebastian Chalakkal), The Liturgy & The Sacraments of Initiation (Rev. Dr. Aljo Karerakkattil) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**8. Certificate Course on Guidance and Counselling**

സെപ്റ്റംബർ 14, 28 തിയ്യതികളിൽ Abnormal Psychology (Rev. Dr. Joby Kadappuran), Developmental Psychology (Rev. Dr. Paul Chalissery) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. സനൽ മാളിയേക്കൽ**
ഡീൻ & റെജിസ്ട്രാർ

# എക്സൽ അക്കാദമി

**Civil Service Course**

സിവിൽ സർവീസ് കോച്ചിങ്ങ് വീക്കെൻഡ് ബാച്ചുകൾ/ദിവസ കോഴ്സുകൾ ഉടനെ ആരംഭിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും ആഴ്ചയിൽ ഒരു ദിവസം ഓൺലൈനായും എക്സൽ അക്കാദമിയിൽ ആയിരിക്കും ക്ലാസുകൾ നടക്കുന്നതാണ്. ബഹു വികാരിയച്ചൻമാർ, ഏറെ പ്രയോജന പ്രദമായ ഈ പരിശീലനത്തിലേക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുമല്ലോ പ്രവേശനം ഒക്ടോബർ 10 വരെ.

**Excel Foundation Course**

അതിരൂപതയിലെ 8, 9, 10, 11, 12 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന്, ഉയർന്ന പരീക്ഷകൾക്ക് അടിസ്ഥാനമിടുന്നു. ഒരു വർഷത്തെ തുടർ പഠന പരിപാടി (ഫൗണ്ടേഷൻ കോഴ്സ്) എക്സൽ അക്കാദമിയിൽ ഒക്ടോബർ മാസത്തിൽ ആരംഭിക്കുന്നു. രണ്ടാം ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും 10–4 വരെ ഡി.ബി.സി.എൽ.സി.യിലാണ് ക്ലാസുകൾ. ബഹു വികാരിയച്ചൻമാർ, ഏറെ പ്രയോജനപ്രദമായ ഈ പരിശീലന ത്തിലേക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുമല്ലോ. പ്രവേശനം ഒക്ടോബർ 10 വരെ.

എക്സൽ അക്കാദമിയുടെ ഒരു സവിശേഷത എല്ലാ കോഴ്സുകൾക്കും വളരെ പരിയചയ സമ്പത്തുള്ള, സർവ്വകലാശാലകളിൽ നിന്നും കോളേജുകളിൽ നിന്നും സിവിൽ സർവ്വീസിൽ നിന്നും വിരമിച്ച വിദഗ്ദരാണ് ക്ളാസ്സുകൾ നയിക്കുക

**K - TET ( Kerala Teachers Eligibility Test )**

K - TET പരീക്ഷക്കുവേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. അവസാന തിയതി ഒക്ടോബർ 10 വരെ. ക്ലാസ്സുകൾ ഓൺലൈനായും നടത്തുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

Contact: **Excel Academy**: 9744941585

Prof. Dr. Mani K Peter- Academic Head: 9847235070

Ashik Thomas - Administrative & Technical Support: 7907326322

**ഡോ. മാണി കെ. പീറ്റർ**
അക്കാദമിക് ഹെഡ്

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ജൂബിലി മിഷൻ ആശുപത്രിയിൽ സോളാർ പവർ പ്ലാന്റ് ഉദ്ഘാടനം**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സെന്റ് തോമസ് ബ്ലോക്കിൽ സ്ഥാപിച്ച 250 കിലോവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റിന്റെ ഉദ്ഘാടനം നടന്നു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ (സി. എസ്. ആർ) ഭാഗമായി നിർമ്മിച്ച ഈ പദ്ധതി ആശുപത്രിയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിൽ വലിയ മുന്നേറ്റമായി. പ്രോഗ്രാമിന്റെ ഉദ്ഘാടനച്ചടങ്ങ് ബാങ്ക് ചെയർമാൻ ശ്രീ വി. ജെ. കുര്യൻ IAS നിർവ്വഹിച്ചു.

**സീനിയർ സിറ്റിസൺ ദിനം:**
**നവീകരിച്ച ജെറിയാട്രിക്ക് വിഭാഗം ഉദ്ഘാടനം ചെയ്തു.**

ലോകവയോജന ദിനത്തോടനുബന്ധിച്ച്, നവീകരിച്ച ജെറിയാട്രിക് മെഡിസിൻ ഒ.പി.–യും, ഫിസിക്കൽ ആന്റ് മെഡിക്കൽ റീഹാബിലിറ്റേഷൻ ഒ.പി–യും ആശുപത്രി ഡയറക്ടറായ ഫാ. റെന്നി മുണ്ടൻകുരിയൻ ഒദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഇതോടെ തൃശ്ശൂരിൽ ആദ്യമായി ഈസ് ഡിമെൻഷ്യ ടെക്നോളജി പ്രൈവറ്റ്

ലിമിറ്റഡ് നടത്തുന്ന മറവി രോഗചികിത്സക്കുള്ള ഡിമെൻഷ്യ കഫെയുടെ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ഇനി മുതൽ ഡിമെൻഷ്യ പരിചരണവും, വി. ആർ തെറാപ്പി സംവിധാനങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതാണ്.

**ജൂബിലി മിഷന് എൻ.എ.ബി.എച്ച്. അഞ്ചാം പതിപ്പിൽ പുനരംഗീകാരം**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസിന്റെ അഞ്ചാം പതിപ്പിൽ പുനരംഗീകാരം കരസ്ഥമാക്കി. എൻ.എ.ബി.എച്ച്. അംഗീകാര സർട്ടിഫിക്കറ്റ് ഡോ. അലക്സാണ്ടർ തോമസ് (ഫൗണ്ടർ ആന്റ് പാട്രൺ, എ.എച്ച്.പി.ഐ. ഇന്ത്യ) ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയന് കൈമാറി. മാർ ഔഗിൻ കുരിയാക്കോസ് (മെട്രോപൊലീറ്റൻ, കാൽഡിയൻ സിറിയൻ ചർച്ച് ഓഫ് ദ ഈസ്റ്റ്, ഇന്ത്യ ആന്റ് സൗത്ത് ഗൾഫ് കൺട്രീസ്) അധ്യക്ഷത വഹിച്ച ചടങ്ങിൽ ഫാ. റെന്നി മുണ്ടൻകുര്യൻ സ്വാഗതം ആശംസിച്ചു.

**കേരളത്തിലെ ആദ്യത്തെ 5ജി കണക്റ്റഡ് ആംബുലൻസ് ജൂബിലിയിൽ**

നവജാതശിശുക്കളുടെ അടിയന്തിര ചികിത്സക്ക് കേരളത്തിൽ പുതിയൊരു വഴിത്തിരിവ് സൃഷ്ടിച്ച് 5 ജി കണക്റ്റഡ് ഡി. ലെവൽ ആംബുലൻസ് പുറത്തിറക്കി. ആർച്ച്ബിഷപ്പ് ഹൗസിൽ നടന്ന ചടങ്ങിൽ ജൂബിലി മിഷൻ ചെയർമാനും തൃശ്ശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് വാഹനം ഫ്ളാഗ് ഓഫ് ചെയ്തു. മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സിന്റെ CSR പദ്ധതിയുടെ ഭാഗമായാണ് ഈ ആംബുലൻസ് ഒരുക്കിയത്.

**മോൺ. മുരിങ്ങാത്തേരി ഹെൽത്ത് കെയർ അവാർഡിന് ഡോ. അജിത് റൊണാൾഡ് ഗുരുബചൻ സിംഗ് അർഹനായി**

ആതുരശുശ്രൂഷാരംഗത്ത്- സേവനം സ്നേഹപൂർവ്വം- എ കാഴ്ച്ചപ്പാടിൽ കഴിഞ്ഞ 74 വർഷമായി സ്തുത്യർഹമായ സേവനം ചെയ്തുവരു തൃശ്ശൂരിലെ ജൂബിലി മിഷൻ ആശുപത്രി അതിന്റെ സ്ഥാപക ഡയറക്ടർ മോ. മാത്യു മുരിങ്ങാത്തേരിയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ നാഷണൽ ഹെൽത്ത് കെയർ മിഷനറി അവാർഡിന് ഒഡീഷ്യയിലെ ഖരിയർ കേന്ദ്രമായി പ്രവർത്തിക്കു ഡോ. അജിത് റൊണാൾഡ് ഗുരുബചൻ സിംഗ് അർഹനായി. ചത്തീസ്ഗഡ് സ്വദേശിയായ ഇദ്ദേഹം അരനൂറ്റാണ്ടിലധികമായി ഒഡീഷ്യയിലെ നുവപാഡ ജില്ലയിലെ ഖരിയർ കേന്ദ്രമാക്കി പ്രവർത്തിക്കുകയാണ്.

**ഡോ. ഏഡൻവാല സ്മാരക പ്രഭാഷണം**
**ഡോ. ശശി തരൂർ ജൂബിലിയിൽ ഒക്ടോബർ 4–ന്**

ആറുപതിറ്റാണ്ടിലധികം തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ ശസ്ത്രക്രിയ വിദഗ്ധനായി പ്രവർത്തിക്കുകയും മുറിച്ചുണ്ട് ശസ്ത്രക്രിയയിൽ ലോകപ്രശസ്തനാവുകയും ചെയ്ത ഡോ. എച്ച്. എസ്. ഏഡൻവാലയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ പ്രഭാഷണ പരമ്പരയിൽ ഈ വർഷത്തെ പ്രഭാഷണം ഡോ. ശശി തരൂർ എം. പി. നിർവ്വഹിക്കുന്നതാണ്. ആശുപത്രി സ്ഥാപനങ്ങളിലും, ചികിത്സയിലും കോർപ്പറേറ്റ് സാന്നിധ്യം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ മിഷൻ ആശുപത്രികളുടെ കാലിക പ്രസക്തിയെക്കുറിച്ച് ഒക്ടോബർ 4 ശനിയാഴ്ച്ച ജൂബിലിയിലെ മദർ തെരേസ ഹാളിൽ ഡോ. തരൂർ പ്രഭാഷണം നടത്തും.

**മൾട്ടിപ്ലേസ് ഹൈപ്പർബാരിക് ഓക്സിജൻ തെറാപ്പി യൂണിറ്റ് ഉദ്ഘാടനം ചെയ്തു.**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മൾട്ടിപ്ലേസ് ഹൈപ്പർബാരിക് ഓക്സിജൻ തെറാപ്പി (HBOT) യൂണിറ്റ് ഉദ്ഘാടനം ചെയ്തു.

2011–ൽ ദക്ഷിണേന്ത്യയിൽ ആദ്യമായി മോണോ പ്ലേസ് ഓക്സിജൻ തെറാപ്പി ചേംബർ ജൂബിലി മിഷൻ പരിചയപ്പെടുത്തി. ആരംഭ കാലത്തു പൊള്ളലേറ്റ രോഗികളുടെ വേഗത്തിലുള്ള സുഖപ്രാപ്തിക്കായി മാത്രമായി ഉപയോഗിച്ചിരുന്നെങ്കിലും പിന്നീട് ഡയബറ്റിക് ഫൂട്ട്, പാമ്പുകടി മൂലമുള്ള മുറിവുകൾ, ട്രോമാറ്റിക് ക്രഷ് പരുക്ക്, വ്യാപകമായ മസ്തിഷ്ക പരുക്ക്, സ്ട്രോക്ക്, പെട്ടെന്നുള്ള കേൾവി കുറവ്, പെട്ടെന്നുള്ള കാഴ്ച കുറവ് എന്നിവയുടെ ചികിത്സക്കായും ഉപയോഗിച്ച് വരുന്നു. കേരളത്തിൽ ചുരക്കം സ്ഥലങ്ങളിൽ മാത്രമാണ് ഈ സേവനം ലഭ്യമായിട്ടുള്ളത്.

ഒരു സമയം ഒരു രോഗിയെ മാത്രം ചികിത്സിക്കാൻ കഴിയുന്ന നിലവിലുള്ള മോണോ പ്ലേസ് യൂണിറ്റിൽ നിന്ന് വ്യത്യസ്തമായി ഇപ്പോൾ പ്രവർത്തനം ആരംഭിച്ച മൾട്ടിപ്ലേസ് ചേംബർ ഒരേസമയം മൂന്ന് രോഗികളെ ചികിത്സിക്കാൻ സഹായിക്കുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത എന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ അറിയിച്ചു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- മാത്യു ജോസഫ്, ന്യൂയോർക്ക്
- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം

- മൊണാർക്ക് കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ
- ഡിനു പ്രിന്റോ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- മിനി, പൂലൻ ഹൗസ്, നെല്ലിക്കുന്ന്, തൃശ്ശൂർ
- ഡോ. ഷോജൻ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## ജ്യോതി എഞ്ചിനീയറിംഗ് കോളേജ് (ഓട്ടോണമസ്)

**1. ജ്യോതിയും സിഗ്നിഫൈസിസും ധാരണപത്രം ഒപ്പുവെച്ചു**

അയർലൻഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സിഗ്നിഫൈസിസ് കമ്പനിയും ജ്യോതി എഞ്ചിനീയറിംഗ് കോളേജും തമ്മിൽ ധാരണാ പത്രം ഒപ്പുവെച്ചു. വിവിധ സാങ്കേതിക മേഖലകളിൽ പ്രവർത്തിക്കുന്ന കമ്പനിയിൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിനുള്ള അവസരം ഇതുവഴി ലഭിക്കും. മികച്ച രീതിയിൽ പരിശീലനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് കമ്പനിയിൽ തന്നെ തൊഴിലവസരങ്ങളും ഉണ്ടാകും.

**2. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയും ജോയതി എഞ്ചിനീയറിംഗ് കോളേജും ധാരണപത്രം ഒപ്പുവെച്ചു**

സൈബർ സുരക്ഷാ മേഖലയിൽ ഗവേഷണവും പരിശീലനവും വിപുലീകരിക്കുന്നതിനായി ജ്യോതി എഞ്ചിനീയറിംഗ് കോളേജ് സൈബർ സെക്യൂരിറ്റി വിഭാഗവും, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയും, കേരള സ്റ്റേറ്റ് ഓഡിറ്റ് ആൻഡ് അഷ്വറൻസ് സെന്ററും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു. കരാറിന്റെ ഭാഗമായി സൈബർ സുരക്ഷ ഓഡിറ്റ്, എത്തിക്കൽ ഹാക്കിംഗ്, സുരക്ഷ വിലയിരുത്തലുകൾ, ഇന്റേൺഷിപ്പുകൾ, ഹാക്കത്തോണുകൾ, ഗവേഷണ പദ്ധതികൾ, വിദഗ്ദ്ധ ക്ലാസ്സുകൾ എന്നിവ സംയുക്തമായി സംഘടിപ്പിക്കും. വിദ്യാർത്ഥികൾക്ക് ആധുനിക സുരക്ഷാ സാങ്കേതിക വിദ്യകളിൽ

പ്രാവീണ്യം വർദ്ധിപ്പിക്കുകയും വ്യവസായ അക്കാദമിക് സഹകരണത്തിലൂടെ തൊഴിൽ സാധ്യതകൾ വികസിപ്പിക്കുകയുമാണ് ലക്ഷ്യം.

**3. ഇൻഡക്ഷൻ സെറിമണി**

ഓട്ടോണമസ് പദവി ലഭിച്ചതിന് ശേഷം തുടങ്ങിയ ബാച്ചിലെ വിദ്യാർത്ഥികളുടെ സംഗമത്തിൽ പ്രസംഗിക്കവേ അറിവുമാത്രം പോരാ, തിരിച്ചറിവും വേണമെന്നും മൂല്യങ്ങൾ മുറുകെപ്പിടിച്ചാകണം കലാലയത്തിൽ നിന്നു പുറത്തിറങ്ങേണ്ടതെന്നും ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് വിദ്യാർത്ഥികളെ ഉദ്ബോധിപ്പിച്ചു. തൃശൂർ പൂരത്തിന്റെ കുടമാറ്റത്തിനു റോബോട്ടിക് കുടകൾ നിർമ്മിച്ച അദ്ധ്യാപകരെയും, വിദ്യാർത്ഥികളെയും ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ആദരിച്ചു.

**4. എൻജിനീയേഴ്സ് ദിനം**

ജ്യോതി എഞ്ചിനീയേഴ്സ് കോളേജിലെ എഞ്ചനീയേഴ്സ് ദിനാചരണം കേരള ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ എ.സി. കെ. നായ്ർ ഉദ്ഘാടം ചെയ്തു. പ്രിൻസിപ്പൽ ഡോ. സോജൻലാൽ അദ്ധ്യക്ഷത വഹിച്ചു. കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗം ശ്രീകുമാർ ബി. മുഖ്യപ്രഭാഷണം നടത്തി.

**ഫാ. ഡേവിഡ് നെറ്റിക്കാടൻ**
എക്സിക്യൂട്ടീവ് മാനേജർ

**ഫാ. സിജോ ചെറുവത്തൂർ**
പി.ആർ.ഒ

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**കോളേജ് ഓപ്പണിംങ്**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ 2025–2027 ബാച്ച് ഓണം അവധിക്ക്ശേഷം സെപ്റ്റംബർ 9 ചൊവ്വാഴ്ച ക്ലാസുകൾ പുനരാംഭിച്ചു.

**കോളേജ് യൂണിയൻ ഉദ്ഘാടനം**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ 2025–2027 അധ്യയനവർഷത്തെ കോളേജ് യൂണിയന്റെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം സെപ്റ്റംബർ 11 വ്യാഴാഴ്ച കോളേജ് ഓഡി

റ്റോറിയത്തിൽ വെച്ച് നടന്നു. 9.30ന് ആരംഭിച്ച പരിപാടിയിൽ പ്രിൻസിപ്പാൾ റവ. ഡോ. ചാക്കോ ചിറമ്മൽ സ്വാഗതം പറഞ്ഞു. കോളേജ് മാനേജർ മോൺ. ജോസ് കോനിക്കര കോളേജ് യൂണിയന്റെയും, വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം നിർവ്വഹിച്ചു. ഇതോടൊപ്പം പ്രശസ്തനായ സംവിധായകനും എഴുത്തുകാരനുമായ സീരിയൽ നടനുമായ ശ്രീ.മാർട്ടിൻ ചാലിശ്ശേരി ആർട്ട് ക്ലബ്ബ് ഉദ്ഘാടനം നിർവ്വഹിച്ചു.

**ബിരുദദാന ചടങ്ങ്**

2023–2025 അധ്യയനവർഷത്തിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളുടെ അനുമോദന ചടങ്ങ് സെപ്റ്റംബർ 24 ബുധനാഴ്ച 1.30ന് കോളേജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. വിശിഷ്ട അതിഥി ആയി സിസ്റ്റർ ആഗ്നസ് (പ്രധാന അധ്യാപിക, സേക്രട്ട് ഹാർട്ട് സി.ജി.എച്ച്.എസ്.എസ്, തൃശ്ശൂർ), മോൺ ജോസ് കോനിക്കര (മാനേജർ), റവ. ഡോ. ഷിജു ചിറ്റിലപ്പിള്ളി (അസിസ്റ്റന്റ് മാനേജർ), റവ. ഡോ. ചാക്കോ ചിറമ്മൽ (പ്രിൻസിപ്പാൾ) എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

**ജി.ടി.എ മീറ്റിംഗ്**

2025–2027 ബാച്ചിന്റെ ജി.ടി.എ യോഗം സെപ്റ്റംബർ 26 വെള്ളിയാഴ്ച 1.30ന് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് മാനേജർ ജോസ് കോനിക്കര ഉദ്ഘാടനം നിർവ്വഹിച്ചു. എല്ലാ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും അധ്യാപകരുടെയും സാന്നിധ്യവും മീറ്റിങ്ങിൽ ഉണ്ടായിരുന്നു.

**ലോക ടൂറിസം ദിനാചരണം**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 27 തിങ്കൾ രാവിലെ 10 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് ലോക ടൂറിസ ദിന ആഘോഷപരിപാടികൾ സംഘടിപ്പിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. 53–ാം സ്ഥാനം നേടി**

2025–ലെ അഖിലേന്ത്യാ എൻ.ഐ.ആർ.എഫ് റാങ്കിംഗിൽ 53–ാം സ്ഥാനം നേടി. (കേരളത്തിൽ 4–ാം സ്ഥാനം) കഴിഞ്ഞ 8 വർഷമായി തുടർച്ചയായി രാജ്യത്തെ ആദ്യത്തെ 100 കോളേജുകളിൽ തൃശൂർ സെന്റ് തോമസ് കോളേജിന് സ്ഥാനം കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ട്.

**2. ഇൻഫ്ളുവൻസിയ**

സോഷ്യൽ മീഡിയ സ്വാധീനം ചെലുത്തുന്നവരുടെ സംഗമമായ ഇൻഫ്ളുവൻസിയയിൽ, സെന്റർ ഫോർ കരിയർ ഡെവലപ്മെന്റിന്റെ രണ്ട് പുതിയ സംരംഭങ്ങൾ ഔദ്യോഗികമായി ആരംഭിച്ചു.അഡ്സ്യോ, എഡ്ജ് എന്നിവയാണ് പുതിയതായി ആരംഭിച്ച വിദ്യാർത്ഥി സംരംഭങ്ങൾ.

**3. വിജയികളായി**

27–ാംമത് ഡോ. എ. കെ ബേബി മെമ്മോറിയൽ സൗത്ത് ഇന്ത്യ ഇന്റർ -കോളേജ് ഹോക്കി ടൂർണമെന്റിൽ സെന്റ് തോമസ് കോളേജ് വിജയികളായി.

** പുരുഷ വിഭാഗത്തിൽ കായികത്തിൽ മികച്ച കോളേജിനുള്ള രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**4. മാഗസിൻ പ്രകാശനം**

കോളേജ് യൂണിയൻ മെഡ്ലിക്കോട്ട് ഹാളിൽ മാഗസിൻ പ്രകാശനം നടത്തി. നോവലിസ്റ്റ് ലിസി മുഖ്യാതിഥിയായിരുന്നു.

**5. ഏകദിന ഹാൻഡ്സ് ഓൺ വർക്ക്ഷോപ്പ്**

നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റിലെ എസ്.ടി.സി ഫിനിഷിംഗ് സ്കൂൾ ഡൈനിംഗ് മര്യാദകളെക്കുറിച്ചുള്ള ഏകദിന ഹാൻഡ്സ് ഓൺ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. നൈപുണ്യ കോളേജിലെ ഹോട്ടൽ മാനേജ്മെന്റ് വിഭാഗം മേധാവി ശ്രീ. റോബർട്ട് ഫെർണാണ്ടസ് സെഷനുകൾക്ക് നേതൃത്വം നൽകി.

**6. തൊഴിൽ സെമിനാർ**

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റേയും സെന്റ് തോമസ് കോളേജിലെ എൻ.എസ്.എസ് യൂണിറ്റിന്റേയും സംയുക്താ

ഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി തൊഴിൽ സെമിനാർ എക്സ്പ്ലോറിംഗ് എംപ്ലോയബിലിറ്റി സംഘടിപ്പിച്ചു.

**7. മാർതോമാ ട്രോഫി ഫുഡ്ബോൾ സെന്റ് തോമസ് കോളേജ് ജേതാക്കൾ**

മാർതോമ്മാ കോളേജ് സ്റ്റേഡിയത്തിൽ നടന്ന 58-ാം മത് മാർതോമാ ട്രോഫി അഖില കേരള ഇന്റർ കോളേജിയേറ്റ് ഫുഡ്ബോൾ ടൂർണമെന്റിൽ തൃശൂർ സെന്റ് തോമസ് കോളേജ് ചാമ്പ്യന്മാരായി.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മാനേജർ

**മെസ്റ്റിൻ പി.സി**
പി.ആർ.ഒ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ... ആചരിക്കാൻ..**

1 ബുധൻ) - വി. കൊച്ചുത്രേസ്യ
2 വ്യാഴം - ഗാന്ധി ജയന്തി
3 വെള്ളി - ആദ്യവെള്ളി, വി. കുർബാന
4 ശനി - വി. ഫ്രാൻസീസ് അസീസി
9 വ്യാഴം - തപാൽദിനം
16 വ്യാഴം - ലോകഭക്ഷ്യദിനം
24 വെള്ളി - യു.എൻ. ദിനം
31 വെള്ളി - ഇന്ദിരാഗാന്ധി ചരമദിനം

**2. ജപമാലമാസം**

ഒക്ടോബർ മാസം ജപമാലമാസമായി നാം ആചരിക്കുകയാണല്ലൊ. ജപമാല'ക്തിയിൽ വളരുവാൻ നമ്മുടെ അദ്ധ്യാപക - അനദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുക. അതിനുതകുന്ന പരിപാടികൾ വിദ്യാലയങ്ങളിൽ ആസൂത്രണം ചെയ്യുമല്ലൊ.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെൻ്റർ

**ഒക്ടോബർ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിൻ്റെ നേതൃത്വത്തിൽ ഒക്ടോബർ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിൻ്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 1,2,3 – 15,16,17 – 29,30,31. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൻ്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള വെബ് സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**വിവാഹ ജൂബിലി ആഘോഷങ്ങൾ**

വിവാഹജീവിതത്തിൻ്റെ 5, 10, 25, 50, 60 വർഷങ്ങൾ പിന്നിടുന്ന വിവിധ ജൂബിലി ആഘോഷിക്കുന്ന ദമ്പതിമാരൊത്ത് ദിവ്യബലി അർപ്പിക്കാനും പ്രാർത്ഥനാശംസകൾ നേരാനും ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഒരു അവസരം ഒരുക്കുന്നു. ബഹു. അച്ചന്മാർ ഈ കാര്യം ഞായറാഴ്ച്ചയിലെ അറിയിപ്പുകളിൽ ഉൾപ്പെടുത്തി പങ്കെടുക്കുവാനുള്ളവരുടെ പേരും വ്യക്തമായ മേൽവിലാസവും ഒക്ടോബർ 31 ന് മുൻപായി ഫാമിലി അപ്പൊസ്റ്റൊലേറ്റിലേക്ക് എത്തിക്കുകയോ അല്ലെങ്കിൽ email - familythrissur@gmail.com അല്ലെങ്കിൽ വാട്സപ്പ് നമ്പർ 7736106824 അയക്കുകയോ ചെയ്യുമല്ലോ.

2020 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിൻ്റെ ദൈവാനുഗ്രഹപ്രദമായ 5 വർഷങ്ങൾ പൂർത്തിയാക്കി വിവാഹത്തിൻ്റെ അഞ്ചാം വാർഷികം ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 7-ാം തിയ്യതി ഉച്ചക്ക് 1.30 ന് അനുഗ്രഹപ്രഭാഷണവും തുടർന്ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിൻ്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 2020 ൽ വിവാഹിതരായ എല്ലാ ദമ്പതികളേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

2000 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിൻ്റെ ദൈവാനുഗ്രഹപ്രദമായ 25 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ രജതജൂബിലി

ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 6-ാം തിയ്യതി രാവിലെ 9 മണിക്ക് അനുഗ്രഹപ്രഭാഷണം റവ. ഡോ. അഗസ്റ്റിൻ കല്ലേരി നടത്തുകയും തുടർന്ന് 11.00 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും മാർ ടോണി നീലങ്കാവിൽ പിതാവിന്റെയും മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 2000 ൽ വിവാഹിതരായി രജതജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളും പങ്കെടുക്കാനായി ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

1975 ലും 1965 ലും വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 50, 60 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ സുവർണ്ണ, ഷഷ്ടിപൂർത്തി ജൂബിലികൾ ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 20-ാം തിയ്യതി ശനിയാഴ്ച രാവിലെ 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് അനുഗ്രഹപ്രഭാഷണം റവ. ഫാ. വർഗ്ഗീസ് കൂത്തൂർ നടത്തുകയും 11.00 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 1975 ലും 1965 ലും വിവാഹിതരായി സുവർണ്ണ, ഷഷ്ടിപൂർത്തി ജൂബിലികൾ ആഘോഷിക്കുന്ന എല്ലാ ദമ്പതികളും പങ്കെടുക്കാനായി ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

2015 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 10 വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ബസിലിക്ക ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 14-ാം തിയ്യതി ഉച്ചക്ക് 1.30 ന് അനുഗ്രഹപ്രഭാഷണവും തുടർന്ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 2015 ൽ വിവാഹിതരായ എല്ലാ ദമ്പതികളേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ബിജു ജോസഫ് ആലപ്പാട്ട്**
അസി. ഡയറക്ടർമാർ

# കുടുംബകൂട്ടായ്മ

**ഫൊറോന ആനിമേറ്റർ അച്ചന്മാരുടേയും പ്രവർത്തക സമിതി യുടെയും അംഗങ്ങളുടെയും സുംയുക്ത മീറ്റിങ്ങ്**

തൃശ്ശൂർ അതിരൂത കുടുംബകൂട്ടായ്മ ഫൊറോന ആനിമേറ്റർമാരുടെയും പ്രവർത്തക സമിതിയുടെയും സംയുക്ത മീറ്റിങ്ങ് 2025 സെപ്റ്റംബർ മാസം 2-ാം തിയ്യതി ചൊവ്വാഴ്ച്ച രാവിലെ 11 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് അതിരൂപത കുടുംബകൂട്ടായ്മ ഡയറക്ടർ ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ കൂടി. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ ജനറൽ കൺവീനർ ശ്രീ. ഷിന്റോ മാത്യും സ്വാഗതം ആശംസിച്ചു. ജന. സെക്രട്ടറി ശ്രീ. ജോർജ്ജ് അലക്സ് 2025 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും യോഗം അത് പാസാക്കുകയും ചെയ്തു. തുടർന്ന് നടന്ന അദ്ധ്യക്ഷപ്രസംഗത്തിൽ കുടുംബകൂട്ടായ്മ പ്രവർത്തനങ്ങൾ കാലികമായിരിക്കണമെന്നും അവ കുടുംബങ്ങൾക്കും ഇടവകയ്ക്കും അതിരൂപതയ്ക്കും കൂടുതൽ നന്മകൾ ഉണ്ടാവുന്ന തരത്തിലായിരിക്കണമെന്നും യോഗത്തെ ഓർമ്മിപ്പിച്ചു. പങ്കെടുത്ത ബഹു. ആനിമേറ്റേഴ്സ് അച്ചന്മാർക്കും പ്രവർത്തകസമിതി അംഗങ്ങൾക്കും പ്രത്യേകം നന്ദി.

**കുടുംബകൂട്ടായ്മ ഇലക്ഷൻ 2025-2028**

കുടുംബകൂട്ടായ്മ യൂണിറ്റുകളിലേക്ക് ജൂൺ, ജൂലൈ മാസങ്ങളിലും ഇടവക കേന്ദ്രസമിതിയിലേക്ക് ആഗസ്റ്റ് മാസത്തിലും ഇലക്ഷൻ നടന്നു കഴിഞ്ഞുവല്ലോ. ഇടവകയിലെ യൂണിറ്റിലെ എല്ലാ ഭാരവാഹികളുടെയും ഇടവക കേന്ദ്രസമിതി പുതിയ ഭാരവാഹികളുടെ പേര്, അഡ്രസ്സ്, ഫോൺ നമ്പർ തുടങ്ങിയവ അതിരൂപത ഓഫീസിൽ ഏൽപിച്ചിട്ടില്ലാത്ത ഇടവകകൾ എത്രയും വേഗം അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ എത്തിക്കുമല്ലോ.

**ഫൊറോന ഇലക്ഷൻ**

സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി ഫൊറോന ഇലക്ഷൻ പൂർത്തിയാക്കേണ്ടതിന്നാൽ ഇലക്ഷൻ നടത്താത്ത ഫൊറോനകൾ എത്രയും പെട്ടെന്ന് അതിരൂപത ഡയറക്ടറുമായി ബന്ധപ്പെട്ട് ഫൊറോന ഇലക്ഷൻ തിയ്യതി അറിയിക്കുമല്ലോ.

ഫൊറോനതല ഇലക്ഷനുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

1. ഓരോ ഫൊറോനയിലെ കുടുംബക്കൂട്ടായ്മ ആനിമേറ്ററച്ചൻമാർ ഫൊറോന ചെയർമാനുമായി(ഫൊറോന വികാരി) ആലോചിച്ച് ഇലക്ഷൻ നടത്തേണ്ട സ്ഥലവും തീയ്യതിയും തീരുമാനിക്കുകയും ആ ഫൊറോനയിലെ എല്ലാ ഇടവക വികാരിയച്ചൻ മാരെ ഈ കാര്യം അറിയിച്ച് ആ ഇടവകയിലെ കേന്ദ്രസമിതി ഭാരവാഹികളെ ഫൊറോന തിരഞ്ഞെടുപ്പിൽ പങ്കെടുപ്പിക്കേണ്ടതാണ്.
2. ആനിമേറ്ററച്ചൻമാർ ഫൊറോന തിരഞ്ഞെടുപ്പ് തീയ്യതിയും, സ്ഥലവും അതിരൂപത ഡയറക്ടറെ മുൻകൂട്ടി അറിയിക്കേണ്ടതും തിരഞ്ഞെടുപ്പിന് അതിരൂപത നിരീക്ഷകരെ ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.
3. ഓരോ ഇടവകയിലെ കേന്ദ്രസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട – കൺവീനർ, ജോ. കൺവീനർമാർ ( 1 പുരുഷൻ, 1 സ്ത്രീ ), സെക്രട്ടറി, ജോ. സെക്രട്ടറിമാർ (1 പുരുഷൻ, 1 സ്ത്രീ), ട്രഷറർ, വികാരിയച്ചൻ ഇടവക ജനറൽ ബോഡിയിൽ നിന്ന് നാമ നിർദ്ദേശം ചെയ്യുന്ന 2 പേർ ഉൾക്കൊള്ളുന്നതാണ് (9 പേർ) ഫൊറോന കുടുംബകൂട്ടായ്മ ജനറൽബോഡി.
4. ഫൊറോന ജനറൽബോഡിയിൽ നിന്നാണ് ഫൊറോന കുടുംബ കൂട്ടായ്മ കേന്ദ്രസമിതിയിലേക്ക് താഴെ പറയുന്ന സ്ഥാന ങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടക്കേണ്ടത്. കൺവീനർ, ജോ. കൺവീനർ (1 പുരുഷൻ), ജോ. കൺവീനർ (1 സ്ത്രീ), സെക്രട്ടറി, ജോ. സെക്രട്ടറി (1 പുരുഷൻ), ജോ. സെക്രട്ടറി (1 സ്ത്രീ), ട്രഷറർ.
5. ഫൊറോന കേന്ദ്രസമിതിയിൽ ഒരു ഇടവകയിൽ നിന്ന് ഒന്നിൽ കൂടുതൽ ഭാരവാഹികൾ ഉണ്ടായിരിക്കരുത്.
6. ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടുന്നവർ സിവിൽ നിയമപ്ര കാരമുള്ള പ്രായപൂർത്തി എത്തിയവരായിരിക്കണം.
7. ഫൊറോന കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഏഴ് ഭാരവാഹികളിൽ ഒരാൾ നിർബന്ധമായും 18–30 വയസ്സിന് ഇടയിൽ പ്രായമുള്ള ഒരു യുവജനപ്രതിനിധിയായിരിക്കേണ്ടതാണ്.
8. ഭാരവാഹികളുടെ കാലാവധി മൂന്ന് വർഷമായിരിക്കും.
9. സാധാരണ നിലയിൽ ഒരു വ്യക്തിക്ക് ഒരേ തസ്തികയിൽ രണ്ട് ടേമിൽ കൂടുതൽ തുടർച്ചയായി ഭാരാവാഹിയായി തുടരാൻ അനുവാദമില്ല.

10. ഫൊറോന ആനിമേറ്ററച്ചൻ ചെയർമാനുമായി (ഫൊറോന വികാരി) ആലോചിച്ച് കുടുംബകൂട്ടായ്മ ഫൊറോന ജനറൽ ബോഡിയിൽ നിന്ന് 2 പേരെ കേന്ദ്രസമിതി അംഗങ്ങളായി നോമിനേറ്റ് ചെയ്യേണ്ടതാണ്.

11. ഫൊറോന കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഇലക്ഷൻ കഴിഞ്ഞാൽ എല്ലാ കേന്ദ്രസമിതി ഭാരവാഹികളുടെ പൂർണ്ണമായ മേൽവിലാസം, ഇടവക, ഫോൺ നമ്പർ സഹിതം രേഖപ്പെടുത്തിയ ഫോമുകൾ ഫൊറോന ചെയർമാനും (ഫൊറോന വികാരി), ആനിമേറ്ററും സാക്ഷ്യപ്പെടുത്തിയ ശേഷം അതിരൂപത നിരീക്ഷകരുടെ കൈവശമോ അല്ലാത്തപക്ഷം ഏറ്റവും അടുത്ത ദിവസം അതിരൂപത കുടുംബക്കൂട്ടായ്മ ഓഫീസിലോ എത്തിക്കേണ്ടതാണ്.

12. 2025 ഡിസംബർ മാസത്തിൽ അതിരൂപത കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പ് നടക്കുന്നതാണ്.

**ഉണർവ് - 2025**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ് - 2025 ഒല്ലൂർ, കല്ലൂർ ഈസ്റ്റ്, ചെമ്മണ്ണൂർ, വരാക്കര സൗത്ത്, വിജയപുരം (ചേറൂർ), കോനിക്കര, പോന്നോർ, ചോറ്റുപ്പാറ, നിർമ്മലപുരം, കൊട്ടേക്കാട്, പള്ളിക്കുന്ന് എന്നീ ഇടവകകളിൽ മനോഹരമായി നടത്തപ്പെട്ടു. ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും കേന്ദ്രസമിതി ഭാരവാഹികൾക്കും പ്രത്യേകം നന്ദി. ഉണർവ്വ് - 2025 എന്ന ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും പുതിയ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 8281064381.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**പ്രൊഫ. ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

## കൗൺസിൽ ഓഫ് കാത്തലിക് വുമൺ ഇൻ ഇന്ത്യ

**ജപമാല മാസാചരണം**

സി.സി.ഡബ്ല്യിയു.ഐ അംഗങ്ങളുടെ നേതൃത്വത്തിൽ ജപമാല മാസാചരണം ഒക്ടോബർ 13-ാം തിയ്യതി തിങ്കളാഴ്ച്ച 3.00 ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നു. സി.സി.ഡബ്ല്യിയു.ഐ അംഗങ്ങളെ എല്ലാവരേയും ജപമാല മാസാചരണത്തിലേക്ക് ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി സിങ്കമ്മ കള്ളിയത്ത്**
പ്രസിഡന്റ്

## മാതൃവേദി

**പ്രാർത്ഥനാദിനം**

ജപമാല മാസത്തിന്റെ ചൈതന്യത്തിൽ ആത്മീയജീവിതത്തെ പരിപോഷിപ്പിക്കാൻ മാതൃവേദി അംഗങ്ങൾക്കായി ഒക്ടോബർ 9 വ്യാഴാഴ്ച്ച 9.30 മുതൽ 1.00 വരെ പ്രാർത്ഥനാദിനം സംഘടിപ്പിക്കുന്നു. ആത്മീയപ്രഭാഷണവും വിശുദ്ധ കുർബാനയും ഉണ്ടായിരിക്കും. മാതൃവേദി അമ്മമാരെ പ്രത്യേകം ക്ഷണിക്കുന്നു.

**മാതൃവേദി സ്കിറ്റ് മത്സരം**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ജൂബിലി വർഷത്തിൽ പ്രത്യാശയുടെ തീർത്ഥാടകർ എന്ന വിഷയത്തെ ആസ്പദമാക്കി മാതൃവേദി അംഗങ്ങൾക്കുള്ള സ്കിറ്റ് മത്സരം നടത്തുന്നു. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി അതാത് ഫൊറോന മാതൃവേദികളുടെ നേതൃത്വത്തിൽ ഫൊറോനതല മത്സരം നടത്തി ഒന്നാം സ്ഥാനം നേടുന്നവരാണ് അതിരൂപത തല മത്സരത്തിന് പങ്കെടുക്കേണ്ടത്. ഒക്ടോബർ 9-ാം തിയ്യതി വ്യാഴാഴ്ച്ചയാണ് അതിരൂപത തല മത്സരം.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക

എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഈ പ്രാവശ്യം നടത്തേണ്ടത് പുതുക്കാട്, മറ്റം ഫൊറോനകളിലെ ഇടവകകളാണ്. താൽപര്യമുള്ളവർ ഒക്ടോബർ 9-ാം തിയ്യതി വ്യാഴാഴ്ച്ച കൊണ്ടുവരാവുന്നതാണ്.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ശ്രീമതി ഉജ്ജ്വല ബിജു**
പ്രസിഡണ്ട്

**ശ്രീമതി റീന വർഗ്ഗീസ്**
സെക്രട്ടറി

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**എ എഫ് സി ക്ക് അഞ്ചാം പിറന്നാൾ....!**

വിദ്യാഭ്യാസ-സാമൂഹിക-ക്ഷേമ മേഖലകളിൽ ലഭിക്കുന്ന പൊതു ആനുകൂല്യങ്ങളും സേവനങ്ങളും നേടിയെടുക്കുന്നതിൽ ക്രൈസ്തവ സമൂഹം നേരിടുന്ന അവഗണനയും കാണിക്കുന്ന വിമുഖതയും പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ന്യൂനപക്ഷ അവകാശങ്ങൾ, വിവിധ സർക്കാർ ആനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ എന്നിവ നേടിയെടുക്കാൻ തൃശ്ശൂർ അതിരൂപ താം ഗങ്ങളെ പ്രാപ്തരാക്കാൻവേണ്ടി 2020 ഒക്ടോബർ 11 നു അതിരൂപത ഫെസി ലിറ്റേഷൻ സെന്റർ അഥവാ എ.എഫ്.സി രൂപീകൃതമായി.

**ഘടന**

തൃശൂർ അതിരൂപത ഫാമിലി അപ്പസ്തൊലേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് അതിരൂപത ഫെസിലിറ്റേഷൻ സെന്റർ. രൂപത തലത്തിലും ഇടവക തലത്തിലും പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഓരോ ഇടവകയിലും ഹെൽപ് ഡെസ്ക് (പാരിഷ് ഫെസിലിറ്റേഷൻ സെന്റർ അഥവാ പി.എഫ്.സി.) രൂപീകരിച്ചു. സെപ്റ്റംബർ 21 ന് പുതുക്കാട് ഫൊറോന ദൈവാലയത്തിൽ

ആരംഭിച്ച പി.എഫ്ഫ്.സി ഉൾപ്പെടെ നിലവിൽ അമ്പതിലധികം ഇടവകകളിലാണ് പി.എഫ്.സി പ്രവർത്തനം നടക്കുന്നത്. എ.എഫ്.സി. കണ്ടെത്തുന്ന ഓരോ സർക്കാർ പദ്ധതികളും അതിരൂപതയിലെ എല്ലാ ഇടവക ജനങ്ങളിലേക്ക് പി.എഫ്.സി വഴി നേരിട്ടെത്തിക്കുകയും അവ നേടിയെടുക്കുന്നതിനായി സഹായിക്കുകയും ചെയ്യുന്നു.

**പ്രവർത്തന ശൈലി**

വിവിധ സർക്കാർ വകുപ്പുകളും പ്രഖ്യാപിക്കുന്ന പൊതു ആനുകൂല്യങ്ങളും പ്രത്യേകമായി ന്യൂനപക്ഷങ്ങൾക്ക്വേണ്ടി മാത്രമുള്ള ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളും, വായ്പ പദ്ധതികളും സാധാരണക്കാരിലേക്ക് എത്തിക്കുന്നത്തിനായി ഇവ വിവിധ പ്രൊജെക്ടുകൾ ആക്കി മാറ്റുന്നു. വിദഗ്ധ സമിതി ഇവ വിലയിരുത്തി www.afctcr.com എന്ന വെബ്സൈറ്റിൽ പദ്ധതിയെപ്പറ്റിയുള്ള വിശദവിരങ്ങൾ, അപേക്ഷിക്കുന്നതിനുള്ള ഓൺലൈൻ ലിങ്ക്, അനുബന്ധ ഫോമുകൾ എന്നിവ അപ്ലോഡ് ചെയ്യുകയും ചെയ്യുന്നു. പരിചയപ്പെടുത്തുന്ന ഓരോ പദ്ധതികളെയും കുറിച്ചുള്ള അറിയിപ്പ്, വെബ്സൈറ്റ് ലിങ്ക്, ഓഫീസ് സെക്രട്ടറിമാരുടെ ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്തി വാട്ട്സ്ആപ്പ് മെസേജുകളിലൂടെ വിവിധ ഗ്രൂപ്പുകളിലേക്ക് അയയ്ക്കുന്നു. കൂടാതെ എല്ലാ മാസവും കത്തോലിക്കാ സഭ പത്രത്തിലൂടെയും വിവിധ പദ്ധതികൾ പരിചയപ്പെടുത്തുന്നു.

**നാഴിക കല്ലുകൾ**

കന്യാസ്ത്രീകളേയും വൈദികരേയും അഗതികളെയും അന്തേവാസികളെയും പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻ കാർഡ് അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ ഉത്തരവിറക്കിയിരുന്നു. ഇന്നും പ്രവർത്തനം തുടരുന്ന അതിരൂപത ഫെസിലിറ്റേഷൻ സെന്റർ റേഷൻ കാർഡ് ഹെല്പ് ഡെസ്കിലൂടെ നിലവിൽ മൂവായിരത്തിലധികം പേർക്ക് റേഷൻകാർഡ് ലഭിച്ചു. മൂവായിരത്തിലധികം പേർക്ക് റേഷൻ കാർഡിനുള്ള അപേക്ഷ ഓൺലൈൻ ആയി സമർപ്പിച്ച് റേഷൻകാർഡ് വാങ്ങി നൽകുവാൻ സാധിച്ചു. അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഏറ്റെടുത്ത മറ്റൊരു പ്രധാന പ്രവർത്തനമാണ് സീറോ മലബാർ ക്രൈസ്തവരായ നമുക്ക് കൂടി സർക്കാർ അനുവദിച്ചു നൽകിയ EWS റിസർവേഷൻ. അതിരൂപതയിലെ വിശ്വാസ പരിശീലന യൂണിറ്റുകളുടെ സഹകരണത്തോടെ വിവിധ ഫൊറോനകൾക്കായി പത്തോളം ഓൺലൈൻ സെമിനാറിലൂടെ EWS റിസർവേഷനെ പരിചയപ്പെടുത്തി. പ്ലസ് വൺ, പ്ലസ് ടു, എ.സി.സി ക്ലാസിൽ പഠിക്കുന്നവരും മറ്റു യുവജനങ്ങളുമായി ഏകദേശം രണ്ടായിരത്തോളം പേർ ഇതിനെ പറ്റിഅറിയുകയും

നൂറുകണക്കിന് പേർ ഈ ആനുകൂല്യം നേടിയെടുക്കുയും ചെയ്തു.

260 ൽ അധികം പ്രോജെക്ടുകൾ, വോട്ടർ പട്ടികയിൽ പേരു ചേർക്കൽ പരിശീലനം, ന്യൂനപക്ഷ ദിനാചരണം, വനിതകൾക്ക് നേതൃത്വ പരിശീലനം, നിരവധി സ്കോളർഷിപ്പുകൾ, പി എഫ് സി സെക്രട്ടറിമാർക്ക് വിവിധ പദ്ധതികളെ കുറിച്ചുള്ള പരിശീലനങ്ങൾ ഇടവകകളിൽ മത്സര പരീക്ഷകൾക്കുള്ള പരിശീലനം, സ്കൂളുകളിലും കോളേജുകളിലും ന്യൂനപക്ഷ അവകാശങ്ങളെയും സ്കോളർഷിപ്പുകളെയും പറ്റിയുള്ള ബോധവൽക്കരണം തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് എ എഫ് സി രൂപതയിൽ നേതൃത്വം നൽകി.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

## LOAF SPIRITUAL DAY

കുടുംബങ്ങൾക്ക്വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' ഒക്ടോബർ 11-ാം തിയ്യതി സെന്റ് മേരീസ് മൈനർ സെമിനാരി, കാച്ചേരിയിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി.ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

## LOAF COUPLES RETREAT

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം ഒക്ടോബർ - 10,11,12 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രം, നെടുപുഴയിൽ വച്ച് സംഘടിപ്പിക്കുന്നു. ഒക്ടോബർ 10 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 12 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

## LOAF ACADEMIC SESSION

ലോഫ് അക്കാഡമിക് സെക്ഷൻ ഒക്ടോബർ 26-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഡോ. ജോണി തോമസ്**
**& ഡോ. ബെറ്റ്സി ജോണി**
പ്രസിഡണ്ട് ദമ്പതികൾ

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**ഭ്രൂണഹത്യക്കെതിരെ അഖണ്ഡ ജപമാല യജ്ഞം**

ഒക്ടോബർ മാസം ഭ്രൂണഹത്യക്കെതിരെയും ജീവസംരക്ഷണത്തിനുമായുള്ള അഖണ്ഡ ജപമാല യജ്ഞം - ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 10.00 മണി മുതൽ ഉച്ചക്ക് 1.00 മണി വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ ചാപ്പലിൽ ദിവ്യകാരുണ്യ സന്നിധിയിൽ ആരാധനയും ജപമാല സമർപ്പണവും നടത്തുന്നു.

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും ഒക്ടോബർ 6 തിങ്കൾ രാവിലെ 10.00 മുതൽ 1.00 വരെ ആരാധനയും ജപമാലയും തുടർന്ന് ദിവ്യബലിയും ഉണ്ടായിരിക്കും. തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം ഒക്ടോബർ മാസത്തെ ഓൺലൈൻ ആരാധനയും

ക്ലാസ്സും ഒക്ടോബർ 12-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.30 മുതൽ 6.30 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾ അറിയാനും ആഗ്ര ഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി** — ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ** — പ്രസിഡന്റ്

# ചിൽഡ്രൻസ് മിനിസ്ട്രി

**ജൂനിയർ സി എൽ സി പതാകദിനം 2025**

വി. കൊച്ചുത്രേസ്യായുടെ തിരുന്നാൾ ദിനമായ ഒക്ടോബർ 1 ന് ജൂനിയർ സി എൽ സി അംഗങ്ങൾ പതാകദിനമായി ആചരിക്കേണ്ട താണ്. വി. കൊച്ചുത്രേസ്യായുടെ തിരുന്നാളിന്റെ മംഗളങ്ങൾ എല്ലാ ജൂനിയർ സി. എൽ സി അംഗങ്ങൾക്കും ഒത്തിരി സ്നേഹത്തോടെ നേരുന്നു. മിഷൻ കളക്ഷൻ, പ്രയർ ഫ്രണ്ട് കളക്ഷൻ, ജീസസ്സ് ബെർത്ത് ഡേ പാർട്ടി കളക്ഷൻ, വാർഷിക റിപ്പോർട്ട്

**തിരുബാലസഖ്യം**

'കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ' എന്ന ആദർശ വാക്യം ഉൾകൊണ്ട് മിഷൻ പ്രദേശങ്ങളിലെ കുഞ്ഞുങ്ങളെ സഹായി ക്കാൻ തിരുബാലഖ്യാംഗങ്ങൾ ചെറിയ ഫണ്ട് രൂപീകരണം (മിഷൻ കളക്ഷൻ) യൂണിറ്റ് തലത്തിൽ നടത്തേണ്ടതാണ്.

**അൾത്താരസംഘം**

അതുരാലയങ്ങളിലെ രോഗികളെ സഹായിക്കാൻ ചെറിയ ത്യാഗ പ്രവർത്തികളിലൂടെ അൾത്താരസംഘാംഗങ്ങൾ ഒക്ടോബർ മാസ ത്തിൽ പ്രയർ ഫ്രണ്ട് കളക്ഷൻ സമാഹരിക്കുന്നു. ഒപ്പം ഒക്ടോബർ മാസത്തിൽ ഓരോ യൂണിറ്റിലേക്കും ലഭിക്കുന്ന മാലാഖ കുറിപ്പ് ഫോം കുട്ടികൾക്ക് വിതരണം ചെയ്ത് പ്രയർ ഫ്രണ്ടിന് വേണ്ടി പ്രാർത്ഥിക്കുവാനും കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കുട്ടി കൾ ഓരോ ദിവസവും ചെയ്യുന്ന സൽക്രിയകൾ മാലാഖകുറിപ്പിൽ രേഖപ്പെടുത്തേണ്ടതുമാണ്.

**ജൂനിയർ സി.എൽ.സി.**

ക്രിസ്തുമസ്സിനോട് അനുബന്ധിച്ച് അതുരാലയങ്ങളിലെ രോഗികളെ സഹായിക്കാൻ എന്ന ലക്ഷ്യവുമായി ജൂനിയർ സി.എൽ.സി അംഗങ്ങൾക്ക് ജീസസ്സ് ബെർത്ത് ഡേ പാർട്ടി എന്ന ഒരു കവർ നൽകിയിട്ടുണ്ട്. ഒപ്പം ജപമാല മാസത്തോടനുബന്ധിച്ച് യൂണിറ്റ്തല റോസറി കളക്ഷനും നടത്തേണ്ടതാണ്. ഒക്ടോബർ മാസത്തിൽ ഒരു യൂണിറ്റിലെ ജൂനിയർ സി.എൽ.സി. സംഘടനാംഗങ്ങൾ ചൊല്ലുന്ന ജപമാലയുടെ മൊത്തം എണ്ണമാണ് റോസറി കളക്ഷൻ കൊണ്ട് അർത്ഥമാക്കുന്നത്.

ഇടവകയിലെ ചിൽഡ്രൻസ് മിനിസ്ട്രിയിലെ ഓരോ സംഘടനകളുടേയുടെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ അറിയുന്നതിനും വിലയിരുത്തുന്നതിനുമായി എല്ലാവർഷവും നൽകാറുള്ളതുപോലെ ഓരോ സംഘടനയ്ക്കുമുള്ള വാർഷികറിപ്പോർട്ടിന്റെ കോപ്പികളും ഇതോടൊപ്പം കവറിൽ നിങ്ങൾക്ക് ലഭിക്കുന്നതാണ്.

ഓരോ യൂണിറ്റിൽ നിന്നും മേൽപറഞ്ഞ പ്രവർത്തനങ്ങളിലൂടെ വിവിധ സംഘടനകൾ ശേഖരിക്കുന്ന സംഖ്യയും, അൾത്താരസംഘത്തിന്റെ പ്രയർ ഫ്രണ്ട് കളക്ഷൻ ഫോമും (മാലാഖ കുറിപ്പ്), ജൂനിയർ സി.എൽ.സി.യുടെ ജീസസ്സ് ബെർത്ത് ഡേ പാർട്ടി കൗണ്ടർ കൂപ്പണും, റോസറി കളക്ഷനും കവറിലാക്കി യൂണിറ്റ് ആനിമേറ്റർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഡിസംബർ 31 ന് മുമ്പ് വാർഷിക റിപ്പോർട്ടിനോടൊപ്പം ഏല്പിക്കേണ്ടതാണ്. അതിരൂപതാതലത്തിൽ ഓരോ സംഘടനയിലും അംഗസംഖ്യയുടെ ആനുപാതികത്തിൽ ഏറ്റവും കൂടുതൽ ഫണ്ട് ശേഖരിക്കുന്ന യൂണിറ്റിനും, മികച്ച മാലാഖകുറിപ്പിനും, മികച്ച റോസറി കളക്ഷൻ യൂണിറ്റിനും സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

മിഷൻ കളക്ഷൻ കവറും, പ്രയർ ഫ്രണ്ട് കളക്ഷൻ കവറും, മാലാഖ കുറിപ്പും, ജീസസ്സ് ബെർത്ത് ഡേ പാർട്ടി കവറും 2025 സെപ്റ്റംബർ 28 മുതൽ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**കലാമത്സരങ്ങൾ 2025**

തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. സംഘടനകളിലെ കുട്ടികൾക്കായി ഒക്ടോബർ 20-ാം തിയ്യതി തിങ്കളാഴ്ച്ച കുരിയച്ചിറ, സെന്റ് ജോസഫ് മോഡൽ സ്കൂളിൽ വച്ച് രാവിലെ 8.30 ന് അതിരൂപതാതല കലാമത്സരം സംഘടിപ്പിക്കുന്നു. ഫൊറോന പ്രൊമോട്ടേഴ്സ് ഒക്ടോബർ 02 ന് മുമ്പായി അതിരൂപത എൻട്രി ഫോം പൂരിപ്പിച്ച് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. 2025 ഒക്ടോബർ 02 ന് അതിരൂപ

താ കലാമത്സരങ്ങൽ സംഘടിപ്പിക്കാനായാണ് തീരുമാനിച്ചിരുന്നതെങ്കിലും ചില അസൗകര്യങ്ങൾ കാരണം അത് ഒക്ടോബർ 20-ാം തിയ്യതി തിങ്കളാഴ്ച്ച ദീപാവലിയുടെ അവധിയിലേക്ക് മാറ്റുന്നതായി അറിയിക്കുന്നു.

സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായുള്ള അതിരൂപതാതല കലാമത്സരം നവംബർ 08-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 8.30 ന് സെന്റ് ജോസഫ്സ് മോഡൽ സ്കൂളിൽ വെച്ച് നടത്തപ്പെടുന്നതാണ്. മത്സരത്തിന്റെ എൻട്രി ഫോം പൂരിപ്പിച്ച് യൂണിറ്റ് ആനിമേറ്റർ ഒക്ടോബർ 15 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നേരിട്ട് എത്തിക്കേണ്ടതാണ്. സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്ക് ഫൊറോനതല മത്സരം ഉണ്ടായിരിക്കുന്നതല്ല.

**ബൈബിൾ പൂക്കളേഴ്സ് 2025**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി ജൂനിയർ സി.എൽ.സിയുടെ നേതൃത്വത്തിൽ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി ബൈബിൾ പൂക്കളേഴ്സ് 2025 സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്നായ് നാല്പതോളം വചനപൂക്കളങ്ങൾ ലഭിച്ചു. വചന പൂക്കളമത്സരത്തിന്റെ മത്സരഫലം ചുവടെ ചേർക്കുന്നു.

<u>സമ്മാനർഹരായവർ</u>

ഒന്നാംസമ്മാനം - 1027 - സേക്രട്ട്ഹാർട്ട് ചർച്ച്, പെരിഞ്ചേരി

രണ്ടാം സമ്മാനം - 1026 - സേക്രട്ട്ഹാർട്ട് ചർച്ച്, പെരിഞ്ചേരി

മൂന്നാം സമ്മാനം - 1032 - സെന്റ്ജോൺ നെപുംസ്യാൻ ചർച്ച്, പറപ്പൂർ

<u>പ്രോത്സാഹന സമ്മാനത്തിനർഹരായവർ (എ ഗ്രേഡ്‌ലഭിച്ചവർ)</u>

1023 - സെന്റ്ആന്റണീസ്ചർച്ച്, മണ്ണുത്തി

1013 - ലൂർദ്ദ് കത്തീഡ്രൽ, തൃശ്ശൂർ

1011 - സെന്റ്മേരീസ് ചർച്ച്,  എൽത്തുരുത്ത്

1007 - സെന്റ്മേരീസ് ചർച്ച്, പൊങ്ങണംകാട്

1039 - സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, വിജയപുരം

1030 - മേരീമാതാ ചർച്ച്, മരത്തംകോട്

1037 - സെന്റ്ആന്റണിസ് ചർച്ച്, മച്ചാട്

സമ്മാനർഹരായ എല്ലാവർക്കും അഭിനന്ദനങ്ങൾ. സമ്മാനങ്ങൾ 2026 ജനുവരി 18 ന് ഡി ബി സി എൽ സിയിൽവെച്ച് നൽകുന്നതാണ്. പൂക്കളങ്ങൾ തിരിച്ചുകൊണ്ടുപോകാനാഗ്രഹിക്കുന്നവർ 2025 ഒക്ടോബർ 15 ന് മുമ്പ് ചിൽഡ്രൻസ് മിനിസ്ട്രിഓഫീസിൽ നിന്നും

വാങ്ങിക്കൊണ്ടുപോകേണ്ടതാണ്.

**സെയിന്റ്സ് ക്വിസ് 2025**

വിശുദ്ധരെക്കുറിച്ച് പഠിക്കുവാനും അവരുടെ ജീവിത മാതൃകകൾ അനുദിനം ഉൾക്കൊള്ളുവാനും തൃശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ജൂനിയർ സി.എൽ.സി.യും മിഷൻ ലീഗും സംയുക്തമായി വിശ്വാസപരിശീലന വിദ്യാർഥികൾക്കായി ഈ വർഷവും SAINTS QUIZ 2025 സംഘടിപ്പിക്കുന്നു.

ഇടവകതലം; (2025 നവംബർ 2 ഞായർ, സമയം: 3.00pm - 3.30pm)

ഫൊറോനതലം : (2025 ഡിസംബർ 7 ഞായർ, സമയം 3.00pm - 4.30 pm)

അതിരൂപതാതലം : (2026 ജനുവരി 4 ഞായർ, സമയം 2.00 pm - 4.30 pm)

SUB JUNIOR (STD V TO VII), JUNIOR (STD VIII TO X), SENIOR (XI TO ACC) എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് SAINTS QUIZ 2025 ഈ വർഷം നടത്തുന്നത്. ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനത്തിന് അർഹരാകുന്ന കുട്ടികളെ ചേർത്ത് 3 പേര് ഉൾപ്പെടുന്ന ഒരു ടീമായാണ് ഫൊറോനതലത്തിൽ മത്സരിക്കേണ്ടത്. ഓരോ ഫൊറോനയിലും ഒന്നാം സ്ഥാനത്തിന് അർഹമാകുന്ന ഒരു ടീമായിരിക്കും അതിരൂപതതലത്തിൽ മത്സരിക്കും. ഇടവകതലത്തിലും ഫൊറോനതലത്തിലും എഴുത്ത് പരീക്ഷകളായും, അതിരൂപതതലത്തിൽ എഴുത്ത്, ഓഡിയോ, വിഷ്വൽ രീതികളിലായി മത്സരം നടത്തപ്പെടും.

*<u>മത്സര പാഠഭാഗങ്ങൾ (Competition Syllabus)</u>*

ഇടവകതലം: 100% ചോദ്യങ്ങൾ 'Saints' Quiz പഠനസഹായി'ൽ നിന്നു.

ഫൊറോനതലം: 40% ചോദ്യങ്ങൾ Saints' Quiz പഠനസഹായിൽ നിന്നു, 30% ചോദ്യങ്ങൾ 2025 ജനുവരി മുതൽ നവംബർ വരെ കത്തോലിക്ക സഭാ പത്രത്തിൽ പ്രസിദ്ധീകരിച്ച 12 വിശുദ്ധരുടെ ജീവചരിത്രത്തിൽ നിന്ന്, 30% ചോദ്യങ്ങൾ 2025 ആഗസ്റ്റ് 1 മുതൽ Children'sMinisrty Insatgram & Media Catholic YouTube പേജിലൂടെ പ്രസിദ്ധീകരിച്ച അച്ചാ ഡൗട്ട് റീൽസ് (Day 1 to Day 25) ൽ നിന്നു.

അതിരൂപതതലം: 30% ചോദ്യങ്ങൾ 'Saints' Quiz' പഠനസഹായി'ൽ നിന്നു, 30% ചോദ്യങ്ങൾ 12 വിശുദ്ധരുടെ ജീവചരിത്രത്തിൽ നിന്നു, 40% ചോദ്യങ്ങൾ അച്ചാ ഡൗട്ട് റീൽസ് (Day 1 to Day 50) ൽ നിന്നു.

*അതിരൂപതതല സമ്മാനങ്ങൾ*

ഒന്നാം സമ്മാനം : മെമന്റോ, സർട്ടിഫിക്കറ്റ്, ₹3000/-

രണ്ടാം സമ്മാനം : മെമന്റോ, സർട്ടിഫിക്കറ്റ്, ₹2000/-

മൂന്നാം സമ്മാനം : മെമന്റോ, സർട്ടിഫിക്കറ്റ്, ₹1000/-

അതിരൂപതാതലത്തിൽ മത്സരിക്കുന്ന എല്ലാ മത്സരാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതായിരിക്കും.

സെയിന്റ്സ് ക്വിസിന് ഒരുക്കമായുള്ള പഠനസഹായി Children'sMinisrty ഓഫീസ്, തിങ്കളാഴ്ച (15.09.2025) മുതൽ ലഭ്യമാണ്. 2025 സെപ്റ്റംബർ 28 ന് DBCLC യിൽ വെച്ച് നടത്തുന്ന പ്രിൻസിപ്പൽ മാരുടെ യോഗദിവസം ഓഫീസ് തുറന്ന് പ്രവർത്തിക്കുന്നതാണ്. അന്ന് വരുന്ന പ്രിൻസിപ്പൽമാർക്ക് അത് വാങ്ങിക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ഇല്ല. പുസ്തകം ഒന്നിന് 25 രൂപയാണ് എന്ന കാര്യം ഓർമ്മപ്പെടുത്തുന്നു.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

തിരുവചനം: ഈ ചെറിയവരിൽ ആരെയും നിന്ദിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുഖം എപ്പോഴും ദർശിച്ചുകൊണ്ടിരി ക്കുകയാണെന്ന് ഞാൻ നിങ്ങളോട് പറയുന്നു.' (മത്തായി 18:10)

സുകൃതജപം: എന്റെ കാവൽമാലാഖേ, അങ്ങയുടെ സൂക്ഷത്തിന് ഏല്പിച്ചിരിക്കുന്ന എന്നെ കാത്തുസൂക്ഷിക്കണമേ.

പ്രാർത്ഥനാ നിയോഗം: വിവിധ രാജ്യങ്ങളിൽ സുവിശേഷവേലചെയ്യുന്ന മിഷനറിമാരെ ഓർക്കാം. വിശ്വാസത്തിനുവേണ്ടി പീഡിപ്പിക്ക പ്പെടുമ്പോൾ തീക്ഷ്ണതചോർന്നുപോകാതെ മുന്നേറുവാൻവേണ്ട കൃപയ്ക്കായി പ്രാർത്ഥിക്കാം.

പരിചയപ്പെടുത്തുന്ന വിശുദ്ധൻ

വി. ബെർട്ടില്ലാ മേരി ബൊസ്ക്കാർഡിൻ (1888-1922)

വി. ഡൊറോത്തിയുടെ അദ്ധ്യാപകർ അഥവാ 'തിരുഹൃദ യത്തിന്റെ പുത്രിമാർ' എന്ന സന്യാസ സഭയിലെ ഒരംഗമായ ബെർട്ടില്ലാ വടക്കേ ഇറ്റലിയിൽ ബ്രെന്റാളാ എന്ന സ്ഥലത്തു 1888 ഒക്ടോബർ 6 ന് ജനിച്ചു. ജ്ഞാനസ്നാന നാമം അന്ന ഫ്രാൻസിസ് എന്നായിരുന്നു; വിളിച്ചിരുന്നത് അന്നെറ്റാ എന്നാണ്. ഗ്രാമീണ വിദ്യാലയത്തിൽ പഠിക്കുന്ന കാലത്ത് സ്വഭവനത്തിലും സമീപ സ്ഥഭവനത്തിലും ഒരു വീട്ടുവേലക്കാരിയായിഅവൾ ജോലി ചെയ്തിരുന്നു. സ്ഥലത്തേ ഒരു വൈദികൻ ഡോൺ കപ്പോവില്ലാ അവളെ ദൈവം വിളിക്കുന്നുണ്ടെന്നുതോന്നുന്നുണ്ടെന്നു പറഞ്ഞ

പ്പോൾ വികാരിയച്ചൻ ഡോൺ ഗ്രേസ് ചിരിച്ചു. എങ്കിലും അദ്ദേഹം അടുത്ത ഒരു മഠത്തിൽ ചേരാൻ അവളെ ശുപാർശ ചെയ്തു. അവർ അവളെ ചേർത്തില്ല. എങ്കിലും 16-ാമത്തെ വയസ്സിൽ വി. ഡൊറോത്തിയുടെ സഹോദരീ സംഘത്തിൽ അവൾക്ക് പ്രവേശനം ലഭിച്ചു. ബെർട്ടില്ലാ എന്ന പുതിയ പേരും കിട്ടി.

ഒരു വർഷം മഠത്തിലേ അലക്ക്, കുശിനിപ്പണി മുതലായവ ചെയ്തു. പിറ്റേവർഷം ട്രെവിസോയിലുണ്ടായിരുന്ന മഠംവക ആശുപ്രതിയിൽ നേഴ്സിംങ്ങു പഠിച്ചു. എങ്കിലും കുറേക്കാലവുംകൂടി കുശിനിപ്പണിതന്നെ ചെയ്തുവന്നു. കുറെ കഴിഞ്ഞ് അവൾ ആശുപ്രതി ജോലിയിൽ നിയുക്തയായി; താമസിയാതെ രോഗിണിയുമായി. 22-ാമത്തെ വയസ്സു മുതൽ മരണം വരെ കഠിനവേദനയനുഭവിക്കേണ്ടതായിവന്നു. ശസ്ത്രക്രിയകൾക്കൊന്നും വേദന ശമിപ്പിക്കാൻ കഴിഞ്ഞില്ല.

ബെർട്ടില്ലാ ലിസ്യൂവിലെ ത്രേസ്യയുടെ കുറുക്കുവഴിയിൽക്കൂടെയാണ് നടന്നിരുന്നത്. ആരോഗ്യം മോശവും ബുദ്ധിശക്തി സാധാരണവും കഴിവുകൾ കുറവുമായിരുന്നെങ്കിലും പ്രായോഗിക വിവേകത്തിൽ ഉയർന്ന ഒരു നിലവാരം അവൾ പാലിച്ചിരുന്നു. അനുദിന കൃത്യങ്ങൾ ശരിയായി നിർവ്വഹിച്ച് അവൾ പുണ്യമാർഗ്ഗത്തിൽ ചലിച്ചു. 1922 ഒക്ടോബർ 20 ന്, 34-ാമത്തെ വയസ്സിൽ ഇറ്റലിയിലെ ട്രെവിസോയിൽവെച്ച്, വി. ബെർട്ടില്ല ഈ ലോകജീവിതത്തോട് വിടപറഞ്ഞു.

ഒന്നാമത്തെ ചരമവാർഷിക ദിവസം ട്രെവിസോ ആശുപത്രിയിൽ ഒരു സ്മാരകശിലവെച്ചു: 'ഇവിടെ മനുഷ്യരുടെ വേദന ഒരു മാലാഖയെപ്പോലെ കുറേക്കൊല്ലം ശമിപ്പിച്ചുകൊണ്ടിരുന്ന സിസ്റ്റർ ബെർട്ടില്ലാ ബൊസ്കാർഡിന്റെ ഓർമ്മയ്ക്ക്.'' 1952 ജൂൺ 8 ന് പയസ് പന്ത്രണ്ടാമൻ മാർപാപ്പ അവളെ വാഴ്ത്തപ്പെട്ടവളെന്നും 1961 മെയ് 11 ന് ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ വിശുദ്ധയെന്നും നാമകരണം ചെയ്തു. തിരുസഭ ഒക്ടോബർ 20 ന് വി. ബെർട്ടില്ലയുടെ ഓർമദിനമായി ആചരിക്കുന്നു.

<u>പ്രവർത്തനം:</u> ഈ ജപമാല മാസത്തിൽ കൂട്ടുകാരുമൊന്നിച്ച് എല്ലാ ശനിയാഴ്ച്ചകളിലും ഒരു ജപമാല ചൊല്ലുക.

**ഫാ. പോൾ മുട്ടത്ത്**
ഡയറക്ടർ

**സി. ജീജ SSPC**
കോർഡിനേറ്റർ

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

കരിസ്മാറ്റിക് ജൂബിലിയോടനുബന്ധിച്ച് സബ് സോൺ സന്ദർശനം നടത്തി. ഓഗസ്റ്റ് പതിമൂന്നാം തീയതി ബുധനാഴ്ച 2.30 pm മുതൽ കൊട്ടേക്കാട് സബ് സോൺ സന്ദർശനം പേരാമംഗലം വിജയമാതാ ദേവാലയത്തിൽ വച്ച് നടന്നു. 16-08 ശനി ബസിലിക്ക സന്ദർശനം ഡോളേഴ്സ് ബസിലിക്ക മാതാ നികേതൻ ഹാളിൽ വച്ച് 2 pm മുതൽ നടന്നു, 17-08 ഞായർ വൈകിട്ട് നാലുമണി മുതൽ കണ്ടശാങ്കടവ് സബ് സോൺ സന്ദർശനം തൊയ്ക്കാവ് സേക്രട്ട് ഹാർട്ട് ദേവാലയത്തിൽ വച്ച് നടന്നു. 18-08 തിങ്കൾ പറപ്പൂർ സബ് സോൺ സന്ദർശനം സെന്റ് ജോൺ നെപുംസ്യാൻ ഫൊറോന ദേവാലയത്തിൽ വച്ച് രണ്ടു മണിമുതൽ നടന്നു. 19-08 ചൊവ്വ രണ്ടു മണി മുതൽ ഒല്ലൂർ മേരി മാതാ ദേവാലയത്തിൽ വച്ച് ഒല്ലൂർ സബ് സോൺ സന്ദർശനം നടന്നു. 20-08 ബുധൻ പുത്തൂർ സബ് സോൺ സന്ദർശനം പരിശുദ്ധ ത്രിത്വത്തിന്റെ ദേവാലയമായ ഭരതയിൽ വച്ച് മൂന്നുമണി മുതൽ നടന്നു. 22-08 വെള്ളി പുതുക്കാട് സബ് സോൺ സന്ദർശനം വരന്തരപ്പിള്ളി വിമല ഹൃദയ ദേവാലയത്തിൽ വച്ച് നടന്നു. 23-08 ശനി മറ്റം സബ് സോൺ സന്ദർശനം മറ്റം സെന്റ് തോമസ് ദേവാലയത്തിൽ വച്ച് ഉച്ചയ്ക്ക് രണ്ടു മുതൽ നടന്നു. 24-08 ഞായർ കടങ്ങോട് ഇൻഫന്റ് ജീസസ് ദേവാലയത്തിൽ വച്ച് ഉച്ചയ്ക്ക് രണ്ടു മണി മുതൽ എരുമപ്പെട്ടി സബ് സോൺ സന്ദർശനം നടന്നു. 27-08 ബുധൻ അത്താണി വ്യാകുലമാതാവിൻ ദേവാലയത്തിൽ വച്ച് ഉച്ചയ്ക്ക് രണ്ടുമണി മുതൽ വടക്കാഞ്ചേരി സബ് സോൺ സന്ദർശനം നടന്നു. 29-08 വെള്ളി ലൂർദ് മെട്രോപോളിറ്റി ദേവാലയത്തിൽ വച്ച് ഉച്ചയ്ക്ക് രണ്ടു മുതൽ ലൂർദ് സബ് സോൺ സന്ദർശനം നടന്നു. 31-08 ഞായർ പാലയൂർ സെന്റ് തോമസ് ദേവാലയ തളിയകുളത്തിൽ വച്ച് പാലയൂർ സബ് സോൺ സന്ദർശനം നടന്നു. എല്ലാ സന്ദർശനങ്ങളിലും അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ ഫാ. റോയ് വേളാക്കൊമ്പിൽ മുഖ്യപ്രഭാഷണം നടത്തി. സോൺ കോ-ഓർഡിനേറ്റർ ഷാജു സന്ദർശന ലക്ഷ്യം പങ്കുവെച്ചു. തുടർന്ന് സോണൽ സർവീസ് ടീം അംഗങ്ങൾ പരിചയപ്പെട്ടു. സബ് സോൺ

സർവീസ് ടീം അംഗങ്ങളും പ്രാർത്ഥന കൂട്ടായ്മ കോ-ഓർഡിനേറ്റർമാരും ഓരോ ഇടവക പ്രാർത്ഥന കൂട്ടായ്മയുടെ വിശേഷങ്ങൾ പങ്കുവെച്ചു. സബ് സോൺ ആനിമേറ്റർ സബ്സോൺ സ്വപ്നങ്ങൾ പങ്കുവെച്ചു. ഇടവക പ്രാർത്ഥന കൂട്ടായ്മ കോ-ഓർഡിനേറ്റർ മാരുടെ സംശയങ്ങൾക്ക് ഡയറക്ടർ അച്ചനും സോണൽ സർവീസ് ടീമും മറുപടി നൽകി. അതിരൂപത കരിസ്മാറ്റിക് സെക്രട്ടറി റോയ് തൈക്കാട്ടിൽ എല്ലാ സന്ദർശനങ്ങൾക്കും നന്ദി പറഞ്ഞു.

**തിരുസന്നിധി**

ഓഗസ്റ്റ് പതിനെട്ടാം തീയതി തിങ്കളാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ തിരുസന്നിധി ശുശ്രൂഷ പറപ്പൂർ സബ് സോൺ പറപ്പൂർ സെന്റ് ജോൺ നെപുംസ്യാൻ ഫൊറോന ദേവാലയത്തിൽ വച്ച് നടന്നു. ഫൊറോന വികാരി റവ. ഫാ. സെബി പുത്തൂർ ജൂബിലി തിരി തെളിയിച്ച് സന്ദേശം നൽകി. തുടർന്ന് ദിവ്യകാരുണ്യ ആരാധനയും മധ്യസ്ഥ പ്രാർത്ഥനയും നടന്നു. അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. റോയ് വേളക്കൊമ്പിൽ വിശുദ്ധബലി അർപ്പിച്ച് സന്ദേശം നൽകി. സോൺ കോ-ഓർഡിനേറ്റർ ഷാജു ശുശ്രൂഷകൾ കോഡിനേറ്റ് ചെയ്തു

**പാരീഷ് മിനിസ്ട്രി ഏകദിനം**

സെപ്റ്റംബർ ഒന്നാം തീയതി തിങ്കളാഴ്ച പാരിഷ് മിനിസ്ട്രി ഏകദിനം ആബാ ധ്യാന കേന്ദ്രത്തിൽ വച്ച് നടന്നു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ. ആൻഡ്രൂസ് താഴത്ത് പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. തുടർന്ന് 2025-26 വർഷത്തെ വചനപ്രഘോഷകർക്കും, സ്പിരിച്വൽ ഷെയറിങ് നടത്തുന്നവർക്കും ഉള്ള ഐഡന്റിറ്റി കാർഡ് കോഴ്സ് വിജയകരമായി പൂർത്തീകരിച്ചവർക്ക് സോണൽ സർവീസ് ടീമിനും പാരിഷ് മിനിസ്ട്രി സർവീസ് ടീമിനും അഭിവന്ദ്യ പിതാവ് നൽകി. അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. റോയ് വേളാക്കൊമ്പിൽ പാരിഷ് മിനിസ്ട്രി അംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്തു.

**മധ്യസ്ഥ പ്രാർത്ഥന**

എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മുതൽ വൈകിട്ട് മൂന്നു വരെ ഇടവകതലങ്ങളിൽ നിന്നുള്ള പ്രാർത്ഥന കൂട്ടായ്മ അംഗങ്ങൾ ഒരുമിച്ച് ആബാ ധ്യാന കേന്ദ്രത്തിൽ പ്രാർത്ഥന നടന്നുവരുന്നു.

**വൈദികർക്ക് വേണ്ടിയുള്ള പ്രാർത്ഥന**

എല്ലാദിവസവും രണ്ടു വൈദികർക്ക് ആബാ ധ്യാന കേന്ദ്രത്തിൽ മധ്യസ്ഥ പ്രാർത്ഥന നടന്നുവരുന്നു.

**ഫാ. റോയ് വേളക്കൊമ്പിൽ**
ഡയറക്ടർ

**ഫാ. സിന്റോ പൊന്തേക്കൻ**
അസി. ഡയറക്ടർ

# മദ്യവിരുദ്ധസമിതി

**1. മധ്യമേഖല സമ്മേളനം 31.08.2025**

ആഗസ്റ്റ് 31 ഞായറാഴ്ച 4 മണിക്ക് പട്ടിക്കാട് സെന്റ് ഫ്രാൻസീസ് സേവിയേഴ്സ് ഫൊറോന പള്ളിയിൽ വച്ച് ലൂർദ്ദ്, പുത്തൻപള്ളി, കൊട്ടേക്കാട്, പട്ടിക്കാട് എന്നീ ഫൊറോനകളടങ്ങിയ മധ്യമേഖലയുടെ സമ്മേളനം അരങ്ങേറി. വിവിധ യൂണിറ്റുകളിൽ നിന്നായി നാൽപ്പതോളം പ്രവർത്തകർ പങ്കെടുത്ത യോഗം ഉദ്ഘാടനം ചെയ്തത് അതിരൂപത ഡയറക്ടർ ഡോ. ദേവസ്സി പന്തല്ലൂക്കാരനച്ചനായിരുന്നു.

28-ാം വാർഷിക സമ്മേളന നോട്ടീസും സ്മരണിക താരീഫും സമ്മേളനത്തിൽ വച്ച് വിതരണം നടത്തി. 28-ാം വാർഷികം വിജയപ്രദമാക്കുവാൻ എല്ലാവരും അത്യുത്സാഹം പ്രകടിപ്പിച്ചു. കൺവീനർ കൊച്ചുവർക്കി തരകൻ കൃതജ്ഞതയർപ്പിച്ചു. രാജു പാറപ്പുറം, ബേബി ഇലവുംതറയിൽ എന്നിവർ യോഗത്തിന് നേതൃത്വം നൽകി.

**2. തെക്കൻ മേഖല സമ്മേളനം 31.08.2025**

ആഗസ്റ്റ് 31 ഞായറാഴ്ച രണ്ടു മണിക്ക് പാലക്കൽ വി. മത്തായി ശ്ലീഹ ദേവാലയത്തിൽ വച്ച് തെക്കൻ മേഖല സമ്മേളനം അരങ്ങേറി. അതിരൂപത പ്രസിഡന്റും 28-ാം വാർഷികാഘോഷ കമ്മിറ്റി ജനറൽ കൺവീനറുമായ ശ്രീ. വി.എം. അഗസ്റ്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ഉദ്ഘാടനം ചെയ്തു.

**3. പടിഞ്ഞാറൻ മേഖല സമ്മേളനം 14.09.2025**

കെ.സി.ബി.സി. മദ്യ ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപത പടിഞ്ഞാറൻ മേഖല സമ്മേളനം സംഘടിപ്പിച്ചു. ഗുരുവായൂർ തിരുവെങ്കിടം സെന്റ് ആന്റണീസ് പള്ളിയങ്കണത്തിൽ അരങ്ങേറിയ യോഗത്തിന് തിരുവെങ്കിടം സെന്റ് ആന്റണീസ് ഇടവക വികാരി റവ. ഫാ. സെബി ചിറ്റാട്ടുകര സ്വാഗതമരുളി. തൃശൂർ അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അധ്യക്ഷനായ യോഗത്തിൽ ഉദ്ഘാടകനായത് പാലയൂർ ഫൊറോന വികാരി വെരി റവ. ഫാ. ഡേവീസ് കണ്ണമ്പുഴയാണ്.

**4. വടക്കൻ മേഖല സമ്മേളനം 14.09.2025**

കെ.സി.ബി.സി. മദ്യ ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപത വടക്കൻ മേഖല സമ്മേളനം സംഘടിപ്പിച്ചു. വടക്കാഞ്ചേരി സെന്റ് ഫ്രാൻസീസ് സേവിയേഴ്സ് ഫൊറോന പള്ളിയിൽ വച്ച് നടന്ന യോഗത്തിന് വടക്കാഞ്ചേരി ഫൊറോന വികാരി വെരി റവ. ഫാ. വർഗ്ഗീസ് തരകൻ ഉദ്ഘാടകനായി. തൃശൂർ അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അധ്യക്ഷനായ യോഗത്തിൽ മുഖ്യ പ്രഭാഷകനായത് അതിരൂപത ഡയരക്ടർ റവ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ്. അതിരൂപത പി.ആർ.ഒ. ശ്രീ. ലിന്റോ ഫ്രാൻസീസ് 2025 ഒക്ടോബർ 2 ന് തൃശൂർ വ്യാകുലമാതാവിൻ ബസലിക്ക പള്ളിയിൽ വച്ച് നടക്കാൻ പോകുന്ന 28-ാം വാർഷിക സമ്മേളന വിഷയാവതരണം നടത്തി.

**5. 28-ാം വാർഷിക സമ്മേളനം ഒക്ടോബർ 2 ന്**

തൃശൂർ അതിരൂപത കെ.സി.ബി.സി. മദ്യ- ലഹരിവിരുദ്ധ സമിതിയുടെ 28-ാം വാർഷിക സമ്മേളനം തൃശൂർ വ്യാകുലമാതാവിൻ പുത്തൻപള്ളി ബസിലിക്ക ഹാളിൽ ഒക്ടോബർ 2 ന് സംഘടിപ്പിക്കുകയാണ്. എമിരിറ്റസ് മാർ ബോസ്കോ പുത്തൂർ പിതാവ് ഉദ്ഘാടനം ചെയ്യുന്ന പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കുന്നതിനും ആഘോഷപരിപാടികൾ വിജയിപ്പിക്കുന്നതിനും എല്ലാവരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. കൂടുതൽ പേരെ പങ്കെടുപ്പിക്കുന്നതിന് ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** — ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്** — പി.ആർ.ഒ.

## ലീജിയൻ ഓഫ് മേരി

തൃശൂർ അതിരൂപതയുടെ പ്രധാന ഭക്തസംഘടനയായ ലീജിയൻ ഓഫ് മേരി അതിരൂപതാ കമ്മീസിയം പരി.കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുന്നാളും, ജനനതിരുന്നാളിനോടും അനുബന്ധിച്ച് സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് ഉപവാസ ആരാധനാ ദിനം ആചരിച്ചു. മരിയൻ സൈനികരുടെ പങ്കാളിത്തം കൊണ്ട് ആരാധനാദിനം വളരെ മികവുറ്റതും അനുഗ്രഹദായകവുമായി. ദിവ്യകാരുണ്യം എഴുന്നള്ളിച്ചു വെച്ചുകൊണ്ട് പുത്തൻ പള്ളി അസി.വികാരി റവ. ഫാ. പ്രിൻസ് ചെറുതാണിക്കൽ ആരാധനക്ക് നേതൃത്വം നൽകി. തുടർന്ന് സങ്കീർത്തനങ്ങൾ വായിച്ചും ആരാധാനാ ഗീതങ്ങൾ ആലപിച്ചും ആരാധന വളരെ മനോഹരമായി തുടർന്നു. സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പാൾ റവ. സി. ബീന ചെറുവത്തൂർ മരിയൻ സൈനികർക്ക് മരിയൻ സന്ദേശം നൽകി. ലീജിയന്റെ ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഡോ. ജോൺ മൂലനച്ചന്റെ കുർബ്ബാനയോടുകൂടി ആരാധനാദിനം സമംഗളം പര്യവസാനിച്ചു.

**ഫാ. ജോൺ മൂലൻ**
ആധ്യാത്മികോപദേഷ്ടാവ്

**സണ്ണി കാട്ടൂക്കാരൻ**
പ്രസിഡന്റ്

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**തൃശൂർ സെൻട്രൽ കൗൺസിൽ**

സൊസൈറ്റി ഓഫ് സെന്റ് വിൻസന്റ് ഡി പോൾ തൃശ്ശൂർ സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ വാഴ്ത്തപ്പെട്ട പിയർ ജിയോർജ്ജിയോ ഫ്രസാറ്റിയുടെ വിശുദ്ധപദവി പ്രഖ്യാപന ദിനമായ 2025 സെപ്റ്റംബർ 7, 4.30 ന് തൃശൂർ പുത്തൻ പള്ളിയിൽ നിന്നും ലൂർദ്ദ് കത്തീഡ്രൽ പള്ളിയിലേക്ക് വിശുദ്ധന്റെ ഛായാചിത്ര പ്രയാണം നടത്തി. ഛായാചിത്ര പ്രയാണം അതിരൂപത വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ ഫ്ളാഗ് ഓഫ് ചെയ്തു. വിൻസന്റ് ഡി

പോൾ സെൻട്രൽ കൗൺസിൽ സ്പിരിച്വൽ ഡയറക്ടർ റവ. ഫാ. ജിക്സൺ താഴത്ത് ആമുഖ പ്രഭാഷണം നടത്തി. ബസിലിക്ക വികാരി വെരി.റവ. ഫാ. തോമസ് കാക്കശ്ശേരി മുഖ്യ പ്രഭാഷണം നടത്തി. ബസിലിക്ക അസിസ്റ്റന്റ് വികാരി റവ. ഫാ. ബെൻവിൻ തട്ടിൽ ആശംസകളർപ്പിച്ച് സംസാരിച്ചു. ഛായാചിത്ര പ്രയാണത്തിൽ തൃശ്ശൂർ അതിരൂപതയിലെ ആയിരത്തിൽ പരം വിൻസെൻഷ്യൻ പ്രവർത്തകർ പങ്കെടുത്തു. ലൂർദ്ദ് പള്ളിയിലെത്തിയ ശേഷം ഛായാ ചിത്രം തൃശ്ശൂർ അതിരൂപത മെത്രാപോലീത്ത മാർ ആൻഡ്രൂസ്സ് താഴത്ത് പിതാവ് തൃശ്ശൂർ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ ജോസ് ജെ മഞ്ഞളിയിൽ നിന്നും ഏറ്റുവാങ്ങി ദൈവാലയത്തിലെ പ്രത്യേക പീഠത്തിൽ സ്ഥാപിച്ചു. തുടർന്നുള്ള സമാപന പ്രസംഗത്തിൽ വിശുദ്ധ ജിയോർജ്ജിയോ ഫ്രസാറ്റിയെ പോലെ ഓരോ വിൻസെൻഷ്യനും പരസ്നേഹ വർത്തനത്തിലൂടെ വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരാണെന്നും, തങ്ങളുടെ ജീവിത ത്തിലൂടെ മറ്റുള്ളവർക്ക് ക്രിസ്തുവിനെ ദർശിക്കുവാനുള്ള അവസരങ്ങൾ ഉണ്ടാക്കി കൊടുക്കണമെന്നും അഭിവന്ദ്യ പിതാവ് ഉദ്ബോധിപ്പിച്ചു.

**ഫാ. ജിക്സൺ താഴത്ത്**
ആദ്ധ്യാത്മിക ഉപദേഷ്ടാവ്

**ജോസ് ജെ. മഞ്ഞളി**
പ്രസിഡണ്ട്

**പ്രശാന്ത് ചിറ്റിലപ്പിള്ളി**
സെക്രട്ടറി

# ജീസസ്സ് യൂത്ത്

## PHILIP COURSE - REPORT

ഈ വർഷത്തെ തൃശൂർ സോണിലെ ആദ്യ ഫിലിപ്പ് കോഴ്സ് ദൈവസഹായത്തോടെ നടത്തപ്പെട്ടു. ആഗസ്റ്റ് 29,30,31 തിയ്യതിക ളിലായി ദർശന റിട്രീറ്റ് സെന്റർ പീച്ചിയിൽ വച്ചാണ് ഫിലിപ്പ് കോഴ്സ് നടത്തപ്പെട്ടത്. 54 പേർ ഫിലിപ്പ് കോഴ്സ് വിജയകരമായി പൂർത്തി യാക്കി. വെള്ളിയാഴ്ച വൈകീട്ട് 5.00 മണിക്ക് തുടങ്ങി ഞായറാഴ്ച വൈകീട്ട് 5.00 മണിക്ക് അവസാനിക്കുന്ന രീതിയിലായിരുന്നു

നടത്തപ്പെട്ടത്. Study Group ന്റെയും ഫോർമേഷൻ ബേസ് ടീമിന്റെയും ഫോർമേഷൻ സപ്പോർട്ടിങ് ടീമിന്റെയും നേതൃത്വത്തിലാണ് നടത്തിയത്.

**Familia 2025**

ജീസസ് യൂത്ത് 2025 – 27 ഫാമിലി ടീം ട്രൈനിംങ് – ഫാമിലിയ 2025 ആഗസ്റ്റ് 15,16 തീയതികളിലായി ഗാഗുൽത്താ റിട്രീറ്റ് സെന്റർ, കുറുമാലിൽ വച്ച് നടന്നു. രണ്ടു ദിവസങ്ങളിലായി നടന്ന ട്രെയിനിങ്ങിൽ 40 കുടുംബങ്ങളാണ് പങ്കെടുത്തത്. ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തെക്കുറിച്ച്, ഭാര്യഭർതൃ ബന്ധം എങ്ങനെയായിരിക്കണമെന്നും, ലഭിച്ചിരിക്കുന്ന വിളിയെയും ദൗത്യത്തെയും, ഒപ്പം ഫാമിലി ലീഡർഷിപ്പിനെയും ടീം ഫംഗ്ഷനിങ് എന്നീ വിഷയങ്ങളെക്കുറിച്ച് സെഷൻ എടുത്തു ഒപ്പം ആരാധനയിലൂടെയും വിശുദ്ധ കുർബാനയിലൂടെയും കൂടുതൽ ദൈവാനുഭവത്തിലേക്ക് കടന്നു വരുവാൻ സാധിച്ചു.

ഫാ. ബെന്നി Ofm CAP. വി. കുർബാനക്ക് നേതൃത്വം നൽകി. സോണൽ കോർഡിനേറ്റർ ആൽവിൻ ഡേവിസ്, ടോമി കോഴിക്കോട്, ഡോ. റെജു & ഡോ. സോണിയ, അഭിലാഷ് എം.കെ, ഷൈജൻ മാത്യു, എന്നിവർ ക്ലാസുകൾ നയിച്ചു. ജീസസ് യൂത്ത് സോണൽ കോർഡിനേറ്റിംഗ് ഫാമിലി ജോയൽ & അനു, ജനറൽ കോർഡിനേറ്റർ ജെറിൻ & സൗമ്യ മറ്റു സോണൽ ഫാമിലി ടീം അംഗങ്ങളും ട്രെയിനിങ്ങിന് നേതൃത്വം നൽകി.

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. ബിജോയ് പൊൻപറമ്പിൽ**
അസി.ഡയറക്ടർ

**ആൽവിൻ ഡേവിസ്**
കോർഡിനേറ്റർ

# അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

**പുസ്തകം എഴുതി പ്രസിദ്ധീകരിച്ചവരുടെ സംഗമം നവംബർ ഒന്നിന്**

തൃശൂർ അതിരൂപത അംഗങ്ങളിൽ പുസ്തകം എഴുതി പ്രസിദ്ധീകരിച്ചവരുടെ സംഗമം 2025 നവംബർ ഒന്നിന് ഉച്ചകഴിഞ്ഞ് 2 ന് തൃശൂർ ആർച്ച്ബിഷപ്പ്സ് ഹൗസിൽ നടക്കുന്നു. ഏതെങ്കിലും പുസ്തകം എഴുതി പ്രസിദ്ധീകരിച്ച വൈദികർ, കന്യാസ്ത്രികൾ, അൽമായർ എന്നിവക്ക് ഉള്ള സംഗമം മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യും. പുസ്തകം എഴുതി പ്രസിദ്ധീകരിച്ചവർ 2025 ഒക്ടോബർ 25-ാം തിയതിക്കുള്ളിൽ താഴെ കൊടുത്തിരിക്കുന്ന നമ്പരിൽ (9446424520) പേരുകൾ രജിസ്റ്റർ ചെയ്യുമല്ലോ.

**ഫാ. സിംസൺ ചിറമ്മൽ**
ഡയറക്ടർ

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡണ്ട്

**കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി.**
**(ലൂക്കാ 1 : 45)**





തൃശൂർ അതിരൂപതയുടെ ദ്വിതീയ മെത്രാപ്പോലീത്ത
യായിരുന്ന അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ
മൃതസംസ്കാര ശുശ്രൂഷകളുടെ ഒന്നാം ഘട്ടം
(2025 സെപ്തംബർ 21, ഞായർ) തൃശൂർ അതിരൂപതാ
മന്ദിരത്തിൽ നടത്തി. തുടർന്ന് പൊതു ദർശനത്തിനായി
തൃശൂർ ഡോളേഴ്സ് ബസിലിക്കയിലും ശേഷം
തൃശൂർ സ്വരാജ് റൗണ്ട് ചുറ്റി വിലാപയാത്രയായി തൃശൂർ
ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലും എത്തിയപ്പോൾ.









അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ
മൃതസംസ്കാര ശുശ്രൂഷകളുടെ (2025 സെപ്തംബർ 22, തിങ്കൾ) വിവിധ ഭാഗങ്ങൾ





Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.09.2025
**October - 2025**















**തൃശൂർ അതിരൂപതയുടെ ദ്വിതീയ മെത്രാപ്പോലീത്തയായിരുന്ന അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ തൃശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന (2025 സെപ്തംബർ 22, തിങ്കൾ) വി.കുർബാനയോടു കൂടിയുള്ള മൃതസംസ്കാര ശുശ്രൂഷകളുടെ വിവിധ ഭാഗങ്ങളും, കോഴിക്കോട് ക്രിസ്തുദാസി സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ നടന്ന സമാപന ശുശ്രൂഷകളും കേരള സർക്കാർ നൽകിയ ഔദ്യോഗിക ബഹുമതിയും**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor